# സിറാജുദ്ദീൻ ഈസായിയുടെ നാല് ചോദ്യങ്ങൾക്കുള്ള മറുപടി

( സിറാജുദ്ദീൻ ഈസായീ കീ ചാർ സവാലോൻകാ ജവാബ് )

ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)

# സിറാജുദ്ദീൻ ഈസായിയുടെ
# നാല് ചോദ്യങ്ങൾക്കുള്ള മറുപടി

**(സിറാജുദ്ദീൻ ഈസായീ കാ ചാർ സവാലോൻ കാ ജവാബ്
എന്ന കൃതിയുടെ മലയാള വിവർത്തനം)**

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വിവ: എൻ. ഇ. ഹഖ്

മോക്ഷം, സ്നേഹം, പാപപരിഹാരം എന്നീ വിഷയങ്ങളെകുറിച്ച്
ഇസ്ലാമും കൃസ്തുമതവും തമ്മിലുള്ള ഒരു താരതമ്യപഠനം

പ്രസാധകർ
മജ്ലിസ് അൻസാറുല്ലാഹ്,കേരള
അഹ്മദിയ്യാ മുസ്ലിം കോംപ്ലക്സ്
ഫോർട്ട് റോഡ്, കണ്ണൂർ-670001

Sirajuddin Esai ka char sawalon ka Jawab
Malayalam

*Author*
Hadhrath Mirza Gulam Ahmad (A)

*Translator:*
N.E. Haq

*Type Setting:*
Shams

*Printed at: Geethanjali Offset Prints, Clt. 04952481006*

Published by:
Majlis Ansarullah State Committee, Kerala
(Majlis Ansarullah is an auxiliary Organisation of the Ahmadiyya Muslim Community for men of age over 40)
Ahmadiyya Complex, Fort Road, Kannur-670001.

First Edition : Oct. 2015

Price : 50/-

# ആമുഖം

1897 ൽ ലാഹോറിലെ ഫോർമാൻ ക്രിസ്ത്യൻ കോളേജിലെ പ്രൊഫസറായിരുന്ന റോബർട്ട് സിറാജുദ്ദീൻ ഉന്നയിച്ച നാല് ചോദ്യങ്ങൾക്ക് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) എഴുതിയ മറുപടിയാണ് ഈ പുസ്തകം. ഇതിലെ പ്രതിപാദ്യ വിഷയം ആ കാലഘട്ടത്തിലെന്നപോലെ ഇന്നും അതീവ പ്രസക്തമാണ്. ഒരു മുസ്‌ലിം കുടുംബത്തിൽ ജനിച്ച സിറാജുദ്ദീൻ ക്രിസ്തുമതമാശ്ലേഷിച്ചശേഷം ഖാദിയാനിൽവെച്ച് ഒരുവേള മുസ്‌ലിമായി മാറുകയും പിന്നീട് വീണ്ടും ക്രിസ്തു മതത്തിലേക്ക് തിരിച്ചുപോവുകയുമുണ്ടായി. ക്രിസ്തുമത പാഠങ്ങളെ അപേക്ഷിച്ച് പാപപരിഹാരത്തെയും മോക്ഷമാർഗ്ഗത്തെയും സംബന്ധിച്ച ഇസ്‌ലാമിക വിശ്വാസങ്ങളുടെ സാംഗത്യമാണ് ചോദ്യകർത്താവ് ഉന്നയിച്ചത്.

മഹാനായ ഗ്രന്ഥകർത്താവ് ഈ കൃതിയിൽ ആധുനിക ക്രിസ്തുമതത്തിന്റെ വിശ്വാസ സിദ്ധാന്തങ്ങളുടെ പൊള്ളത്തരം സയുക്തികം തുറന്നുകാട്ടുന്നതോടൊപ്പം മോക്ഷത്തെ സംബന്ധിച്ച ഇസ്‌ലാമിക പാഠങ്ങളുടെ വിശദാംശങ്ങളും തൗഹീദ് അഥവാ ഏകദൈവ വിശ്വാസത്തിന്റെ യാഥാർത്ഥ്യവും വിശുദ്ധ ഖുർആന്റെ അനിവാര്യതയും വിശുദ്ധ നബി(സ) തിരുമേനിയുടെ ജീവിതമാതൃകയുടെ പ്രാധാന്യവും ഹൃദയഹാരിയായ രൂപത്തിൽ വിശദീകരിക്കുന്നു. യേശുവിന്റെ യഥാർത്ഥ മഹത്വവും പരിശുദ്ധിയും വാഗ്ദത്ത മസീഹ് (അ) ഇതിൽ എടുത്തുകാട്ടുന്നുണ്ട്. യേശുവിന്റെ രക്തസ്നാനത്തിൽ വിശ്വസിക്കുന്നവരുടെയെല്ലാം പാപം, ക്രിസ്തുമത വിശ്വാസമനുസരിച്ച്, യേശു ഏറ്റെടുത്തിട്ടുള്ളതിനാൽ അവർ പാപഭാരത്തിൽ നിന്നു മുക്തരും മോക്ഷം നേടിയവരുമാണ്. എന്നാൽ, ഇസ്‌ലാം ഇത്തരം അശുദ്ധമായ മോക്ഷപ്രാപ്തി മാർഗ്ഗങ്ങളിൽ നിന്നെല്ലാം വിമുക്തമാണെന്നു വാഗ്ദത്ത മസീഹ്(അ) ഇവിടെ വ്യക്തമാക്കുന്നു.

പാപത്തിന്റെ തത്വശാസ്ത്രം അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഇതിൽ വിവരിക്കുന്നുണ്ട്. സ്വർഗീയ പ്രകാശത്തിൽ നിന്നുണ്ടാകുന്ന യഥാർത്ഥ സത്യവിശ്വാസവും ജീവിത വിശുദ്ധിയും ഇസ്‌ലാമിലൂടെ

മാത്രമേ സ്വായത്തമാക്കാനാവുകയുള്ളൂ എന്നും ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു.

ഒരു യുഗപുരുഷന്റെ ചരിത്രപരമായ കൃതികളിലൊന്ന് വിവർത്തനം ചെയ്യാൻ അവസരം തന്നനുഗ്രഹിച്ച സർവ്വേശ്വരനെ ഞാൻ ആദ്യമായി സ്തുതിക്കുന്നു. ഈ പുസ്തകം ഈ രൂപത്തിൽ പുറത്തിറങ്ങാൻ സഹായിച്ച ശംസുദ്ദീൻ സാഹിബിനെയും യു. അബ്ദുൽ ഗഫൂർ സാഹിബിനെയും ഞാനിവിടെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഇതിന്റെ സംശോധന നിർവ്വഹിച്ച റിവ്യൂകമ്മിറ്റി ചെയർമാൻ മൗലവി.എം.നാസിർ അഹ്മദ് സാഹിബിനും ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത സംസ്ഥാന അൻസാറുല്ലാഹ് അദ്ധ്യക്ഷൻ പി.പി. നാസിമുദ്ദീൻ സാഹിബിനും അഗാധമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിന്റെ ആദ്യത്തെ ഇംഗ്ലീഷ് വിവർത്തനം 1968 ലാണ് പ്രസിദ്ധീകരിച്ചത്. പ്രൊഫ. ഖാദി മുഹമ്മദ് അസ്‌ലം സാഹിബായിരുന്നു അത് നിർവഹിച്ചത്. പിന്നീട് 2008 ൽ ഇംഗ്ലീഷ് വിവർത്തനത്തിന്റെ പരിഷ്കരിച്ച പതിപ്പ് 'തഹ്‌രീഖ് ജദീദി'ദിന്റെ കീഴിലുള്ള 'വകാലതു തസ്നീഫി'ന്റെ മേൽനോട്ടത്തിൽ ലണ്ടനിൽ പ്രസിദ്ധീകരിച്ചു. ഈ കൃതിയുടെ ഉർദു മൂലത്തോടൊപ്പം ആ രണ്ട് ഇംഗ്ലീഷ് വിവർത്തനങ്ങളും മുന്നിൽ വെച്ചാണ് മലയാളത്തിലെ മൊഴിമാറ്റം നിർവ്വഹിച്ചിട്ടുള്ളത്.

എൻ.ഇ. ഹഖ്
കണ്ണൂർ

# പ്രസ്താവന

"സിറാജുദ്ദീൻ ഈസായിയുടെ നാല് ചോദ്യങ്ങൾക്കുള്ള മറുപടി" എന്ന പേരിൽ മലയാളത്തിൽ ഒരു കൃതി ഇവിടെ പുറത്തിറക്കുകയാണ്. 1897 ൽ ലാഹോറിലെ ഫോർമാൻ ക്രിസ്ത്യൻ കോളേജിലെ പ്രൊഫസറായിരുന്ന റോബർട്ട് സിറാജുദ്ദീൻ ഉന്നയിച്ച നാല് ചോദ്യങ്ങൾക്ക് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഉറുദുവിൽ എഴുതിയ മറുപടിയാണ് ഈ പുസ്തകം. അതിന്റെ മലയാള വിവർത്തനമാണ് ഈ കൃതി.

മജ്ലിസ് അൻസാറുല്ലാ, കേരള സംസ്ഥാന സമിതിയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വയോജന സംഘടനയാണ് മജ്ലിസ് അൻസാറുല്ലാഹ്. 2012 നവമ്പറിലാണ് ഈ പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാനുള്ള അനുവാദം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അഖിലേന്ത്യാ പ്രസിദ്ധീകരണ വിഭാഗത്തിൽ നിന്നും ലഭിച്ചത്. അത് ഇപ്പോൾ പ്രസിദ്ധീകരിക്കാനായി. അല്ലാഹുവിന് സ്തുതി. പുസ്തകത്തിന്റെ പരിഭാഷ നിർവ്വഹിച്ചത് എൻ.ഇ.ഹഖ് സാഹിബാണ്. അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകട്ടെ.

ബഹുമാന്യനായ മൗലവി എം.നാസിർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിലുള്ള അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സംസ്ഥാന റിവ്യു കമ്മറ്റിയാണ് ഈ പുസ്തകത്തിന്റെ പരിശോധന നടത്തിയത്. ഇത് പ്രസിദ്ധീകരിക്കാനുള്ള അനുവാദം യു.മൻസൂർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിലുണ്ടായിരുന്ന കേരള പബ്ലിക്കേഷൻ കമ്മറ്റിയാണ് നൽകിയത്. എല്ലാവർക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൃതി മാന്യ വായനക്കാരുടെ മുന്നിൽ വിനീതമായി സമർപ്പിക്കുന്നു.

പി.പി.നാസിമുദ്ദീൻ
ഇലാഖാ നാസിം,
മജ്ലിസ് അൻസാറുല്ലാഹ്, കേരള

### സിറാജുദ്ദീൻ ഈസായിയുടെ

# നാല് ചോദ്യങ്ങൾക്കുള്ള മറുപടി

ലാഹോറിൽ നിന്നുള്ള സിറാജുദ്ദീൻ എന്നുപേരുള്ള ഒരു ക്രിസ്തീയ മാന്യൻ എന്റെ മറുപടി അഭ്യർഥിച്ചുകൊണ്ട് നാല് ചോദ്യങ്ങൾ എനിയ്ക്ക് അയച്ചുതരികയുണ്ടായി. അതിന് ഞാൻ തയ്യാറാക്കിയ മറുപടികൾ പൊതുജനങ്ങളുടെ പ്രയോജനാർഥം പ്രസിദ്ധപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു. ആ ചോദ്യങ്ങൾക്കുള്ള എന്റെ പ്രതികരണം താഴെ കൊടുക്കുകയാണ്:

## ഒന്നാമത്തെ ചോദ്യം

***ക്രൈസ്തവ വിശ്വാസമനുസരിച്ച് ഈ ലോകത്ത് യേശുവിന്റെ ദൗത്യം മനുഷ്യരാശിയോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കാനും അവർക്കായി തന്റെ ജീവനെ ബലിയർ പ്പിക്കാനും വേണ്ടിയുള്ളതായിരുന്നു. ഇസ്‌ലാംമത സ്ഥാപകരുടെ ദൗത്യത്തിന് ഈ രണ്ടു സവിശേഷതകളുമാണുള്ളതെന്നു പറയാനാവുമോ? അല്ലെങ്കിൽ സ്നേഹത്തേക്കാളും ബലിയേക്കാളും ഉൽകൃ ഷ്ടമായ പദങ്ങൾകൊണ്ട് അതിനെ വിശദീകരിച്ചുതരാൻ സാധിക്കുമോ ?***

അതായത്, മാന്യസഹോദരന് ഈ ചോദ്യം ഉന്നയിക്കുകവഴി യഥാർഥത്തിൽ അറിയേണ്ടത്, പാപികളെ സ്നേഹിക്കാനും അവരുടെ പാപങ്ങളുടെ ശാപം ഏറ്റെടുക്കാനും അവർക്കായി മരിക്കാനും വേണ്ടിയാണ് യേശു വന്നിട്ടുള്ളതെന്ന[1] ക്രൈസ്തവ വിശ്വാസ സിദ്ധാന്തത്തിന് സമാനമായ രൂപത്തിൽ വിശുദ്ധ ഖുർആനും പാപികളുടെ മോക്ഷത്തിന് വല്ല ശപിക്കപ്പെട്ട ബലിയും അവതരിപ്പിക്കുന്നുണ്ടോ എന്നും അതോ മനുഷ്യരാശിയുടെ പാപവിമുക്തിക്കായി കൂടുതൽ ഉന്നതമായ മറ്റു വല്ല

1. ഗലാത്യർ 3:13, ആവർത്തന പുസ്തകം 21:22

മാർഗ്ഗങ്ങളുമാണോ അത് മുന്നോട്ടുവെക്കുന്നത് എന്നുമുള്ളതാണ്.

ഇതിനുള്ള മറുപടിയായി മിസ്റ്റർ സിറാജുദ്ദീനെ അറിയിക്കാനുള്ളത്, വിശുദ്ധ ഖുർആൻ ഒരിക്കലും ശപ്തബലിയുടെ സങ്കല്പം പഠിപ്പിക്കുകയോ ഒരാളുടെ പാപമോ ശാപമോ മറ്റൊരാളിലേക്ക് പരിവർത്തനം ചെയ്യുകയെന്നത് അനുവദനീയമായി കരുതുകയോ ചെയ്യുന്നില്ലെന്നുള്ളതാണ്. എന്നിട്ടല്ലേ കോടിക്കണക്കിന് ജനങ്ങളുടെ പാപങ്ങൾ ഒരു മനുഷ്യന്റെമേൽ കെട്ടിവെക്കുന്ന കാര്യം വരുന്നത്! വിശുദ്ധ ഖുർആൻ വ്യക്തമായി പറയുന്നത്,

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ

"ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുന്നില്ല" -(17:16) എന്നാണ്.

മോക്ഷത്തെ സംബന്ധിച്ചുള്ള വിശുദ്ധ ഖുർആന്റെ പാഠങ്ങൾ മുന്നോട്ടുവെക്കുന്നതിന് മുമ്പ് ഈ ക്രൈസ്തവ സിദ്ധാന്തത്തിന്റെ അർത്ഥ ശൂന്യത തുറന്നുകാട്ടേണ്ടത് അനിവാര്യമാണെന്നു വിചാരിക്കുന്നു. അതുവഴി വിശുദ്ധ ഖുർആനിലും സുവിശേഷങ്ങളിലുമുള്ള മോക്ഷത്തെ സംബന്ധിച്ചുള്ള പാഠങ്ങളെ താരതമ്യം ചെയ്യാനാഗ്രഹിക്കുന്നവർക്ക് എളുപ്പം അതിനു കഴിയുമെന്നും ഞാൻ കരുതുന്നു.

## പാപപരിഹാര സിദ്ധാന്തം അബദ്ധജഡിലം

ദൈവം ലോകത്തോട് അവനുള്ള സ്നേഹം കാരണമായും, മനുഷ്യരാശിയ്ക്ക് പാപവിമുക്തി പ്രദാനം ചെയ്യുന്നതിനുമായി അനുസരണംകെട്ടവരും അവിശ്വാസികളും ദുഷ്ടൻമാരുമായ ജനത്തിന്റെ പാപങ്ങൾ തന്റെ പ്രിയപ്പെട്ട മകനായ യേശുവിലേയ്ക്ക് മാറ്റുകയും അങ്ങനെ അദ്ദേഹത്തെ ശപ്തനാക്കുകയും ലോകത്തെ പാപത്തിൽനിന്നു രക്ഷിക്കാൻ അദ്ദേഹത്തെ ശപിക്കപ്പെട്ട കുരിശിൽ തൂങ്ങിമരണത്തിന് വിധേയമാക്കുകയും ചെയ്തുവെന്ന ക്രൈസ്തവ വിശ്വാസം തികച്ചും അബദ്ധജഡിലവും ഏതു

വീക്ഷണകോണിലൂടെ നോക്കിയാലും ലജ്ജാകരവുമാണ്. നീതിയുടെ തുലാസിൽ ഇതു തൂക്കിനോക്കുമ്പോൾ[2] സൈദിന്റെ പാപം ബക്കറിന്റെ തലയിൽ കെട്ടിവെക്കുന്നതുപോലെ, ഒരാളുടെ പാപം മറ്റൊരാളുടെ തലയിൽ കെട്ടിവെക്കുകയെന്നത് തികഞ്ഞ അനീതിയാണ്. ഒരു കുറ്റവാളിയെ വെറുതെ വിട്ടുകൊണ്ട് അയാളുടെ കുറ്റങ്ങൾക്ക് മറ്റൊരു നിരപരാധി ശിക്ഷിക്കപ്പെടുകയെന്നത് മനുഷ്യമനസ്സാക്ഷിയ്ക്ക് ഒരിക്കലും അംഗീകരിക്കാനാവാത്തതാണ്. പാപത്തിന്റെ യാഥാർഥ്യത്തെ ആത്മീയ തത്വശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യത്തിൽ വീക്ഷിക്കുമ്പോഴാകട്ടെ ഈ സിദ്ധാന്തത്തിന്റെ പൊള്ളത്തരം ഒരിക്കൽ കൂടി വെളിപ്പെടുകയും ചെയ്യുന്നു.

## പാപവും വരൾച്ചയും

സത്യമെന്തെന്നാൽ, പാപം ഒരു വിഷമാകുന്നു. മനുഷ്യൻ ദൈവത്തെ അനുസരിക്കാതിരിക്കുകയും, അവനെ തീഷ്ണമായി സ്നേഹിക്കാതിരിക്കുകയും, സ്നേഹപൂർവ്വം അവനെ സ്മരിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് പാപം ഉടലെടുക്കുന്നത്. ദൈവസ്നേഹത്തിൽ നിന്നു ദൂരപ്പെട്ട ഹൃദയത്തിനുടമ മണ്ണിൽ നിന്നു വേരറ്റുപോയ ഒരു വൃക്ഷത്തിന് സമാനമാണ്. വെള്ളം വലിച്ചെടുക്കാനാവാതെ അത് ഓരോ ദിവസവും ഉണങ്ങിവരണ്ട് താമസിയാതെ പച്ചളിപ്പെല്ലാം നഷ്ടപ്പെട്ടുപോകുന്നു. ഇതുതന്നെയാണ് ദൈവസ്നേഹത്തിൽനിന്നും ദൂരപ്പെട്ട ഹൃദയത്തിന്റെ ഉടമയ്ക്കും സംഭവിക്കുന്നത്. അങ്ങനെ വരൾച്ച വൃക്ഷത്തെയെന്നപോലെ പാപം മനുഷ്യനെ നശിപ്പിക്കുന്നു. ഈ അവസ്ഥയ്ക്ക് ദൈവികനിയമം മൂന്ന് പ്രതിവിധികളാണ് പറഞ്ഞുതരുന്നത്.

ഒന്നാമത്തേത് 'മുഹബ്ബത്ത്' അഥവാ സ്നേഹമാകുന്നു. രണ്ടാമത്തേത് 'ഇസ്തിഗ്ഫാർ' അഥവാ മറയിടാനുള്ള ആഗ്രഹം. കാരണം വൃക്ഷത്തിന്റെ വേരുകൾ മണ്ണിൽതന്നെ ഉറച്ചുകിടക്കുമ്പോൾ മാത്രമേ അതിനു പച്ചളിപ്പോടെ നിലനിൽക്കാനാവുകയുള്ളൂ. മൂന്നാമത്തേത്, 'തൗബ' അഥവാ പശ്ചാത്താപം ആണ്. അതായത് ജീവജലം വലിച്ചെടുക്കാനും ദൈവസാമീപ്യം

2. യെസക്കിയേൽ (Ezekiel)–18:2

പ്രാപിക്കാനും സൽക്കർമ്മങ്ങൾ മുഖേന പാപത്തിന്റെ അന്ധകാരത്തിൽ നിന്നു മോചനം നേടാനുമായി അങ്ങേയറ്റം വിനയത്തോടുകൂടി ദൈവത്തിലേയ്ക്കു ചായൽ. യഥാർഥ പാശ്ചാത്താപം വാക്കുകൾ കൊണ്ടല്ല, മറിച്ച് സൽക്കർമ്മങ്ങൾ കൊണ്ട് സാക്ഷാത്കരിക്കപ്പെടുന്നതാണ്. എല്ലാ സൽക്കർമ്മങ്ങളും പാശ്ചാത്താപത്തിന്റെ പൂർണ്ണതയ്ക്കു വേണ്ടിയുള്ളതാണ്. എന്തെന്നാൽ നാം ദൈവത്തിന്റെ അടുക്ക ലോളം എത്തുക എന്നതാണ് ഇതൊക്കെക്കൊണ്ടുദ്ദേശിക്കുന്നത്. പ്രാർഥനയും പാശ്ചാത്താപത്തിന്റെ ഒരു രൂപമത്രെ. അതു മുഖേന നാം ദൈവസാമീപ്യമാണ് തേടുന്നത്. ഇക്കാരണത്താലാണ് ദൈവം മനുഷ്യജീവനെ സൃഷ്ടിച്ചപ്പോൾ അവൻ അതിനെ 'റൂഹ്' എന്നു പേരിട്ടത്. എന്തെന്നാൽ മനുഷ്യന്റെ യഥാർത്ഥമായ സംതൃപ്തി(റാഹത്ത്)യും സുഖവും നിലകൊള്ളുന്നത് ദൈവത്തെ തിരിച്ചറിയുന്നതിലും സ്നേഹിക്കുന്നതിലും അവനിൽ കീഴ്വണങ്ങുന്നതിലുമാണ്. ദൈവം അതിനെ 'നഫ്സ്'[3] എന്നും വിശേഷിപ്പിക്കുകയുണ്ടാ യി. കാരണം ദൈവവുമായുള്ള ഐക്യം അത് കാംക്ഷിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ തോട്ടത്തിലെ മണ്ണിൽ ആഴ്ന്നി റങ്ങിയ വൃക്ഷത്തെ പോലെയാണ്. ഇതു തന്നെയാണ് മനു ഷ്യന്റെ സ്വർഗ്ഗം. ഭൂമിയിൽ നിന്നു വൃക്ഷം വെള്ളം ആഗിരണം ചെയ്യുകയും വലിച്ചെടുക്കുകയും അങ്ങനെ ഹാനികരമായ വസ്തുക്കൾ അതിലൂടെ പുറംതള്ളുകയും ചെയ്യുന്നതുപോലെ, ദൈവസ്നേഹത്തിന്റെ ജീവജലത്താൽ പരിപുഷ്കലമായ ഒരാ ളുടെ ഹൃദയത്തിന് വിഷമയമായ എല്ലാതരം സ്വാധീനങ്ങളേയും എളുപ്പത്തിൽ പുറം തള്ളാൻ കഴിയുന്നു. ദൈവത്തിൽ പൂർണ്ണമായും നിമഗ്നനായിരിക്കെ, അതിന് വിശുദ്ധമായ പരിപോ ഷണം ലഭിച്ചുകൊണ്ടിരിക്കുകയും അതുവഴി അത് വളരുകയും പുഷ്ടിപ്പെടുകയും സദ്ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യു ന്നു. എന്നാൽ ആരുടെ വേരുകളാണോ ദൈവത്തോളം ചെല്ലാ ത്തത് അവർക്ക് ഈ ജീവജലം വലിച്ചെടുക്കാനാവില്ല. കടന്നു പോകുന്ന ഓരോ നിമിഷവും അവർ വരണ്ടുകൊണ്ടേപോ

---

3. നഫ്സ്-ഭാഷാ നിഘണ്ടുകൾ പ്രകാരം 'അഹം' എന്നാണർത്ഥം (ഗ്രന്ഥ)

വുകയും അവരുടെ എല്ലാ ഇലകളും കൊഴിഞ്ഞ്, ഉണങ്ങിയ വികൃതമായ കൊമ്പുകൾ മാത്രം അവശേഷിക്കുകയും ചെയ്യു ന്നു.

## പാപപരിഹാരം ദൈവബന്ധം മുഖേന

പാപമാകുന്ന വരൾച്ച ദൈവത്തിൽ നിന്നു ദൂരപ്പെടുത്തുന്നതു കൊണ്ടായിരിക്കെ, പ്രകൃതിനിയമം സാക്ഷ്യം വഹിക്കുന്നതു പോലെ ദൈവവുമായുള്ള ഉറപ്പേറിയ ബന്ധം സ്ഥാപിക്കുക എന്നു ള്ളതാണ് വ്യക്തമായ പരിഹാരമാർഗ്ഗം. ഇതിനെ സംബന്ധിച്ചു മഹോന്നതനായ ദൈവം പറയുന്നു:

يَا أَيَّتُهَا النَّفْسُ الْمُطْمَئِنَّةُ ـ ارْجِعِي إِلَىٰ رَبِّكِ
رَاضِيَةً مَّرْضِيَّةً فَادْخُلِي فِي عِبَادِي ـ وَادْخُلِي
جَنَّتِي

അതായത്, "അല്ലയോ ദൈവത്തിൽ ശാന്തിയടഞ്ഞ ആത്മാ വെ, നിന്റെ രക്ഷിതാവിലേയ്ക്ക് നീ മടങ്ങുക. അവൻ നിന്നിൽ സംതൃപ്തനും നീ അവനിൽ സംതൃപ്തനുമായ നിലയിൽ. എന്റെ വരിഷ്ടദാസന്മാരുടെ കൂട്ടത്തിൽ നീ ചേരുകയും എന്റെ ആരാമ ത്തിൽ നീ പ്രവേശിക്കുകയും ചെയ്യുക." (89:28-31)

അതുകൊണ്ട് പാപത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഫലപ്രദ മായ മാർഗ്ഗം ദൈവത്തോടുള്ള തീഷ്ണവും തീവ്രവുമായ സ്നേഹ മാകുന്നു. ഈ സ്നേഹാതിരേകത്തിന്റെ ഉറവിൽ നിന്നു പുറപ്പെ ടുന്ന സൽക്കർമ്മങ്ങളാണ് പാപത്തിന്റെ അഗ്നിയെ കെടുത്താനു തകുന്നത്. എന്തെന്നാൽ മനുഷ്യൻ ദൈവത്തിന്നായ്ക്കൊണ്ട് സൽക്കർമ്മങ്ങൾ ചെയ്യുമ്പോൾ അവൻ അതുവഴി ദൈവത്തോ ടുള്ള തന്റെ സ്നേഹത്തിന് സാക്ഷ്യമുദ്ര നൽകുകയാണ് ചെയ്യു ന്നത്. ഭുമിയിൽ നട്ട ഒരു വൃക്ഷത്തോടു ഉപമിക്കപ്പെടാവുന്ന സ്നേഹത്തിന്റെ ആദ്യഘട്ടത്തിൽ ഒരാൾക്ക് ദൈവത്തിൽ മറ്റെല്ലാ റ്റിനെക്കാളും, സ്വന്തം ജീവനേക്കാളെല്ലാമുപരി ദൈവത്തെ വിലമ

തിച്ചുകൊണ്ടുള്ള വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. മണ്ണിൽ ആഴത്തിൽ വേരോടിയ ഒരു വൃക്ഷത്തോടുപമിക്കാവുന്ന രണ്ടാമത്തെ ഘട്ടമാണ് 'ഇസ്തിഗ്ഫാർ'. ആ ഘട്ടത്തിൽ ദൈവത്തിൽ നിന്നുള്ള വേർപാടുമൂലം തന്റെ മാനുഷികമായ ബലഹീനതകൾ വെളിപ്പെട്ടേക്കുമോ എന്നു മനുഷ്യൻ ഭയക്കുന്നു.

വെള്ളത്തിന്നരികിൽ വേരുകളിറക്കുകയും ഒരു ശിശുവിനെപോലെ അത് ഈമ്പിയെടുക്കുകയും ചെയ്യുന്ന ഒരു വൃക്ഷത്തോട് സദൃശമായ മൂന്നാം ഘട്ടമാണ് 'പാശ്ചാത്താപം' എന്നുള്ളത്. പാപം ദൈവത്തിൽ നിന്നുള്ള വേർപാടിൽ നിന്നാണുണ്ടാവുന്നതെന്നിരിക്കെ, ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കുന്നതിലൂടെ മാത്രമേ പാപത്തെ വർജിക്കാനാവുകയുള്ളു. ഇതാണ് പാപത്തിന്റെ തത്വശാസ്ത്രം. മറ്റൊരാളുടെ ആത്മഹത്യയെ തങ്ങളുടെ പാപങ്ങൾക്ക് പ്രതിവിധിയായി പ്രഖ്യാപിക്കുന്നവർ തീർച്ചയായും എന്തുമാത്രം വിവരംകെട്ടവരാണ്!

## കാരുണ്യത്തിന്റെ വഴി

മറ്റൊരാളുടെ തലവേദന സുഖപ്പെടുത്തുന്നതിനായി അദ്ദേഹത്തോട് കരുണകാണിച്ച് കൊണ്ട് ഒരു കല്ലെടുത്ത് സ്വന്തം തലയ്ക്കടിക്കണമെന്നും മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ സ്വയം ജീവത്യാഗം ചെയ്യണമെന്നുള്ള സിദ്ധാന്തം അങ്ങേയറ്റം പരിഹാസ്യമാണ്. അത്തരമൊരു ജീവത്യാഗം അനുകമ്പകൊണ്ടാണെന്നു വിവരമുള്ള ആരും പറയുകയില്ല. മാനുഷികമായ അനുകമ്പ പ്രശംസനീയമായ ഒരു ഗുണമാണെന്നതിൽ സംശയമേതുമില്ല. ധീരന്മാരായ ആളുകൾ മാത്രമേ മറ്റുള്ളവരെ രക്ഷിക്കാൻ സ്വയമേവ പ്രയാസങ്ങൾ സഹിക്കുകയുള്ളൂ. എന്നാൽ ഇതിന് യേശുവിൽ ആരോപിക്കപ്പെട്ട വഴിയല്ലാതെ മറ്റുവഴികളൊന്നും ഉണ്ടായിരുന്നില്ലെന്നാണോ? യേശു ആത്മാഹുതിക്ക് നിമിത്തമാകുന്നതിനു പകരം മറ്റുള്ളവർക്കായി യുക്തമായ രൂപത്തിൽ വിവേകമതികളെപ്പോലെ വേദനയാണ് സഹിച്ചിരുന്നതെങ്കിൽ ലോകം തീർച്ചയായും അതിൽ നിന്നു ഫലമെടുത്തേനെ! ഉദാഹരണത്തിന്, ഒരു കെട്ടിടനിർമ്മാതാവ് സ്വന്തമായി ഒരു വീട് പണിയാൻ കഴിയാത്ത ഒരു സാധുവിനോട് ദയതോന്നുകയും എന്നിട്ട് തന്റെ നിരവധി ദിവസത്തേ കഠി

നാദ്ധ്വാനങ്ങൾക്ക് ശേഷം യാതൊരു കൂലിയും ഈടാക്കാതെ വീട് പണിതുകൊടുക്കുകയുമാണെങ്കിൽ, അയാൾ തീർച്ചയായും ആ പാവപ്പെട്ടവന് വലിയ ഔദാര്യമാണ് ചെയ്തതെന്നു മാത്രമല്ല വളരെയധികം പ്രശംസാർഹനാവുകയും ചെയ്യുന്നു. നേരെമറിച്ച് അയാൾ സഹതാപപ്രകടനമെന്നോണം ഒരു കല്ല്കൊണ്ട് സ്വന്തം തലയ്ക്കടിച്ചാൽ അത് ആ പാവപ്പെട്ടയാൾക്ക് വല്ല പ്രയോജനവും ചെയ്യുമോ? നിർഭാഗ്യവശാൽ ലോകത്ത് വളരെ കുറച്ചാളുകൾ മാത്രമേ ശരിയായ രൂപത്തിൽ നന്മയും കാരുണ്യവും വിനിയോഗിക്കുന്നുള്ളൂ. ജനങ്ങൾക്ക് മോക്ഷം കിട്ടുമെന്നുകരുതി യേശു സത്യത്തിൽ ആത്മബലി തന്നെയാണ് ചെയ്തിരുന്നതെങ്കിൽ ആദ്ദേഹത്തിന്റെ അവസ്ഥ അങ്ങേയറ്റം ദയനീയമാണ്. അത്തരമൊരു സിദ്ധാന്തത്തിന് പ്രചാരം കൊടുക്കുന്നതിന് പകരം മറച്ചുവെക്കപ്പെടുകയാണുതാനും വേണ്ടിയിരുന്നത്!

ഈ ക്രൈസ്തവ സിദ്ധാന്തത്തെ മിശിഹായിൽ ആരോപിക്കപ്പെട്ട ശാപത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിശകലനം ചെയ്യുമ്പോൾ തങ്ങളുടെ ഒരു പ്രവാചകനോടും ദൈവദൂതനോടും മറ്റൊരു ജനതയും ചെയ്യാത്ത രീതിയിലുള്ള ദൈവദൂഷണമാണ് ക്രിസ്ത്യാനികൾ അദ്ദേഹത്തോട് ചെയ്തിരിക്കുന്നതെന്ന് ദുഃഖത്തോടെ ഞങ്ങൾ പറഞ്ഞുകൊള്ളട്ടെ. യേശു ശപ്തനായെന്നുള്ള സങ്കല്പം -അതു വെറും മൂന്നുനാളുകളാണെങ്കിൽ കൂടി- ക്രൈസ്തവമത വിശ്വാസത്തിന്റെ ഭാഗമാണ്. യേശു ശപ്തനെന്നു പ്രഖ്യാപിക്കാതെകണ്ട് ശാപബലിയും പാപപരിഹാരവും സാധ്യമല്ലെന്നാണ് അത് ഘോഷിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ സിദ്ധാന്തത്തിന്റെ മുഴുവൻ സൗധവും 'ശാപം' എന്ന സ്തൂപത്തിൻമേലാണ് നിലകൊള്ളുന്നത്.

## ആരാണ് ശപ്തൻ

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, മനുഷ്യരാശിയെ സ്നേഹിക്കാനും അവർക്കായി സ്വയം ജീവത്യാഗം ചെയ്യാനുമാണ് യേശു ലോകത്തയക്കപ്പെട്ടിട്ടുള്ളതെന്നുള്ള കേവലമായ വിശ്വാസം പ്രയോജനപ്പെടുന്നത് ജനങ്ങളുടെ പാപം കാരണമായി യേശു

ശപ്തനായി തീർന്നുവെന്നും ശപിക്കപ്പെട്ട കുരിശിൽ തൂങ്ങിമരണം വരിച്ചുവെന്നും അവരാദ്യം വിശ്വസിക്കുമ്പോഴാണ്. അതുകൊണ്ടാണ് യേശുവിന്റെ ജീവത്യാഗം ശാപബലി[4] യാണെന്നും പാപത്തിൽനിന്നു ഉടലെടുത്ത ശാപത്തിന്റെ ഫലമാണ് കുരിശുമരണമെന്നും ഞാൻ നേരത്തേ ചൂണ്ടിക്കാട്ടിയത്. സാത്വികനായ ഒരു വ്യക്തിയ്ക്ക് എപ്പോഴെങ്കിലും ശപ്തനാവാൻ കഴിയുമോ എന്നൊരു ചോദ്യം ഇതുയർത്തുന്നു. യേശു ശപ്തനാണെന്നു അംഗീകരിക്കുകവഴി തീർച്ചയായും ക്രിസ്ത്യാനികൾ - മൂന്നുനാളോ അതിൽ കുറവോ ആണെന്നാലും - ഘോരമായ തെറ്റാണ് ചെയ്തിരിക്കുന്നത്. എന്തെന്നാൽ, ശാപം മനുഷ്യന്റെ ഹൃദയത്തിലെ അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. ഒരു മനുഷ്യന്റെ ഹൃദയം പൂർണ്ണമായും ദൈവത്തിൽ നിന്നകലുകയും അയാൾ ദൈവത്തിന്റെ ശത്രു ആയി മാറുകയും ചെയ്യുമ്പോഴാണ് അയാൾ ശപ്തനാണെന്നു പറയപ്പെടുന്നത്.[5] ഇതുകൊണ്ടുതന്നെയാണ് സാത്താനെ ശപിക്കപ്പെട്ടവൻ എന്നു വിളിക്കപ്പെടുന്നത്. ശപിക്കപ്പെടുക എന്നുള്ളത് ദൈവസാമീപ്യം നിഷേധിക്കപ്പെടുക എന്നതാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ദൈവത്തോട് ഹൃദയാത്മനാ സ്നേഹമോ അവനോടുള്ള അനുസരണമോ ഇല്ലാത്തവരും അവന്റെ ശത്രുവായി തീർന്നവരുമായ ആളുകളെ വിശേഷിപ്പിക്കാനാണ് ആ പദം ഉപയോഗിക്കപ്പെടുന്നത്. എല്ലാ നിഘണ്ടുകർത്താക്കളും അംഗീകരിക്കുന്ന ശാപത്തിന്റെ അർഥതലങ്ങളിതാണ്. യേശുമിശിഹ യഥാർഥത്തിൽ അഭിശപ്തൻ തന്നെയായിരുന്നുവെങ്കിൽ, ദൈവകോപത്തിനു അദ്ദേഹം ലക്ഷ്യമായി തീർന്നുവെന്നും ദൈവസാക്ഷാത്കാരത്തിൽ നിന്നു അദ്ദേഹം അകറ്റപ്പെട്ടുവെന്നും ദൈവത്തോടുള്ള സ്നേഹവും അനുസരണവും അദ്ദേഹത്തിൽ അവശേഷിക്കുന്നില്ലെന്നും മാത്രമല്ല, 'ശപിക്കപ്പെട്ടവൻ' എന്ന പദത്തിന്റെ അർത്ഥമനുസരിച്ച് ദൈവം അദ്ദേഹത്തിന്റെ ശത്രുവും അദ്ദേഹം ദൈവത്തിന്റെ ശത്രുവും ആയിത്തീർന്നുവെന്നും ദൈവം അദ്ദേഹത്തെ മടുത്തുവെന്നും അദ്ദേഹം ദൈവത്തെ മടുത്തുവെന്നുകൂടി നമുക്ക് അംഗീകരിക്കേണ്ടതായിവരുന്നു. അങ്ങനെ അദ്ദേഹം ശപ്തനായി നിലകൊള്ളുന്ന കാലത്തോളം അദ്ദേഹം

4. ഗലത്യാർ

5. ആവർത്തന പുസ്തകം - 27:15 - 26

യഥാർത്ഥത്തിൽ അവിശ്വാസിയായിമാറിയെന്നും ദൈവത്തിന്റെ ശത്രുവും സാത്താനിക സ്വഭാവഗുണങ്ങളെ ഉൾക്കൊണ്ടയാളുമായി തീർന്നെന്നുമുള്ള നിഗമനത്തിലാണ് തീർച്ചയായും അതു നമ്മെ കൊണ്ടെത്തിക്കുക. യേശുവിനെ കുറിച്ച് അത്തരമൊരു വിശ്വാസം പുലർത്തുകയെന്നത്, അദ്ദേഹം സാത്താന്റെ സഹോദരനാണെന്നു - ദൈവം പൊറുക്കുമാറാകട്ടെ - അംഗീകരിക്കുന്നതിനു തുല്യമാണ്. ഹൃദയത്തിൽ പാപമുള്ളവരൊഴിച്ച് ദൈവഭയമുള്ള ആരും തന്നെ പരമസാത്വികനായ ഒരു പ്രവാചകനെ കുറിച്ച് ഇത്രമാത്രം അനാദരവ് കാണിക്കുമെന്നു ഞാൻ കരുതുന്നില്ല.

## ശപ്തബലി കപോലകല്പിതം

യേശുവിന്റെ ഹൃദയം ശപിക്കപ്പെട്ടതായിരുന്നുവെന്ന തത്വം അബദ്ധജഢിലമായിരുന്നു എന്ന് തെളിഞ്ഞതിനാൽ ശപ്തബലിയുടെ സിദ്ധാന്തം വിവരംകെട്ട ആളുകളുടെ സ്വകപോലകല്പിതമാണെന്നു നമുക്ക് അംഗീകരിക്കേണ്ടിവരുന്നു. യേശുവിനെ സാത്താനായി, ദൈവത്തിൽ നിന്നും ദൂരപ്പെട്ടവനും അവനെ മടുത്തവനുമായി പ്രഖ്യാപിച്ചുകൊണ്ടു സിദ്ധിക്കുന്ന മോക്ഷം തീർച്ചയായും ശപിക്കപ്പെട്ട മോക്ഷമാകുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ദൈവത്തിന്റെ ഒരു പ്രിയപ്പെട്ടയാളെ സാത്താനെന്നു മുദ്രകുത്തുന്നതിലും എത്രയോ ഭേദം തങ്ങൾക്കായി നരകം തിരഞ്ഞെടുക്കുന്നതായിരുന്നു!

ഇത്തരമൊരു അവിശുദ്ധവും നിരർഥകവുമായ സിദ്ധാന്തത്തിൽ തങ്ങളുടെ വിശ്വാസമർപ്പിക്കുന്ന ഈ ജനവിഭാഗം എത്രമാത്രം നിർഭാഗ്യവാന്മാരാണ്! ഒരുവശത്ത് അവർ യേശുവിനെ ദൈവത്തിന്റെ പുത്രനും ദൈവത്തിൽനിന്നുള്ളവനും ദൈവത്തോടൊപ്പമുള്ളവനുമായി കരുതുകയും മറുവശത്ത് അദ്ദേഹത്തിന് സാത്താനെന്ന പേര് ചാർത്തിക്കൊടുക്കുകയും ചെയ്യുന്നു!

എന്തെന്നാൽ ശാപം സാത്താന്റെ സവിശേഷതയാകുന്നു. അപ്പോൾ 'ശപിക്കപ്പെട്ടവൻ' എന്നത് സാത്താന്റെ പേരാകുന്നു. ശപ്തർ എന്നാൽ സാത്താനിൽനിന്ന് പിറന്നവരും അവനോടൊപ്പമുള്ളവരുമാണ്. അതിനാൽ ക്രിസ്ത്യാനികളുടെ

സിദ്ധാന്തമനുസരിച്ച് യേശു രണ്ടുതരം ത്രിത്വം ഉൾക്കൊള്ളുന്നു. ഒന്ന് ദൈവികം, മറ്റൊന്ന് സാത്താനികം. അതുവഴി അദ്ദേഹം സാത്താനോടൊപ്പമുള്ളവനാവുകയും തന്റെ അസ്തിത്വം സാത്താനോടൊപ്പം കൂട്ടിച്ചേർക്കുകയും ശാപത്തിലൂടെ സാത്താനിക സ്വഭാവഗുണങ്ങൾ സ്വാംശീകരിച്ചവനാവുകയും ചെയ്തു - ദൈവം പൊറുക്കുമാറാകട്ടെ. ഇതിനർത്ഥം അദ്ദേഹം ദൈവത്തോട് അനുസരണക്കേട് കാണിച്ചുവെന്നും അവനിൽനിന്നു ദൂരപ്പെടുകയും അവന്റെ ശത്രുവായി മാറുകയും ചെയ്തുവെന്നുമാണ്.

മാന്യ സിറാജുദ്ദീൻ, മിശിഹായിൽ ആരോപിക്കപ്പെട്ട ഈ ദൗത്യത്തിന് യുക്തിപരമോ ആത്മീയമോ ആയ എന്തെങ്കിലും പ്രയോജനമുണ്ടെന്നു നീതിബോധത്തോടെ താങ്കൾക്ക് പറയാമോ? മോക്ഷം നേടാൻ പരമസാത്വികനായ ഒരാളെ ദൈവത്തിന്റെ ശത്രുവെന്നും അവനോട് അനുസരണക്കേട് കാട്ടിയവനെന്നും സാത്താനികമായ സ്വഭാവമുള്ളയാളാണെന്നും പ്രഖ്യാപിക്കണമെന്നുള്ള വിശ്വാസത്തേക്കാൾ വൃത്തികെട്ട വിശ്വാസം ലോകത്ത് മറ്റെന്താണുള്ളത്? സർവ്വശക്തനും കാരുണ്യനിധിയും കരുണാവാരിധിയുമായ ദൈവത്തിന് ഇത്തരത്തിലൊരു ശപ്തബലിയുടെ ആവശ്യമെന്തായിരുന്നു?

## പാപപരിഹാര സിദ്ധാന്തവും ജൂതന്മാരും

ഇത്തരമൊരു ശപ്തബലിയിൽ വിശ്വസിക്കാനുള്ള പാഠം ജൂതന്മാർക്കും നൽകപ്പെട്ടിരുന്നുവോ എന്നൊരു ചോദ്യമുയരുമ്പോഴാണ് ഈ സിദ്ധാന്തത്തിന്റ പൊള്ളത്തരം ഒന്നുകൂടി വെളിപ്പെടുന്നത്. മനുഷ്യവംശത്തിന് മോക്ഷം നൽകാൻ ദൈവത്തിനുമുമ്പിൽ പാപികളുടെയെല്ലാം ശാപം സ്വയം ഏറ്റെടുത്തു ശപ്തബലിയെന്നോണം കുരിശിലേറുന്ന ഒരു പുത്രൻ തനിക്കുണ്ടായിരിക്കണമെന്നുള്ള വഴിയല്ലാതെ മറ്റുവഴികളൊന്നുമില്ലെങ്കിൽ, തോറായിൽ അഥവാ പഴയനിയമത്തിലും മറ്റു യഹൂദ ഗ്രന്ഥങ്ങളിലും അതിനെ കുറിച്ച് പരാമർശിക്കപ്പെടേണ്ടത് തീർച്ചയായും അനിവാര്യമായിരിന്നു. മനുഷ്യരാശിയുടെ മോക്ഷത്തിനായി ദൈവം കല്പിച്ച സനാതനമായ ദൈവികനിയമം നിരന്തരം മാറിക്കൊണ്ടിരിക്കണമെന്നും വ്യത്യസ്ത കാലങ്ങളിൽ

വ്യത്യസ്തമായ നിയമങ്ങളാണ് പ്രാവർത്തികമാക്കപ്പെട്ട തെന്നുമുള്ളത്, തൗറാത്തിന്റെ കാലഘട്ടത്തിൽ ഒന്നും സുവിശേഷങ്ങളുടെ കാലഘട്ടത്തിൽ മറ്റൊന്നും വിശുദ്ധ ഖുർആന്റെ കാലഘട്ടത്തിൽ വേറൊന്നുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അവതരിച്ച മറ്റു പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ മറ്റുചില നിയമങ്ങളുമാണെന്നത് ബുദ്ധിയുള്ള ഒരാൾക്കും ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. വിശദമായ പഠനങ്ങൾക്കുശേഷം നമുക്ക് കാണാൻ കഴിയുന്നത്, തൗറാത്തോ യഹൂദന്മാരുടെ മറ്റേതെങ്കിലും മതഗ്രന്ഥങ്ങളോ, ഇത്തരത്തിലുള്ള ശപ്തബലിയെക്കുറിച്ച് യാതൊന്നും പഠിപ്പിക്കുന്നില്ലെന്നാണ്. മോക്ഷത്തെ കുറിച്ച് തൗറാത്തും മറ്റു മതഗ്രന്ഥങ്ങളും തങ്ങളെ പഠിപ്പിക്കുന്നത് എന്താണെന്നതിനെ സംബന്ധിച്ച് ദൈവത്തെ സാക്ഷി നിറുത്തി സത്യം ചെയ്തു വിവരിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് അടുത്തിടെയായി ഏതാനും പ്രമുഖ യഹൂദപണ്ഡിതന്മാർക്ക് ഞാൻ കത്തെഴുതുകയുണ്ടായി. ദൈവപുത്രന്റെ ബലിമുഖേനയുള്ള മനുഷ്യവംശത്തിന്റെ മോചനത്തിൽ വിശ്വസിക്കാൻ അവ പഠിപ്പിച്ചിട്ടുണ്ടോ എന്നും അതോ മറ്റുവല്ലതുമാണോ അവ പഠിപ്പിച്ചിട്ടുള്ളത് എന്നും ഞാനവരോട് അന്വേഷിച്ചു. അവർ എന്നെ അറിയിച്ചത്, മോക്ഷത്തെ സംബന്ധിച്ചിടത്തോളം തോറായുടെ പാഠം ഖുർആന് തികച്ചും അനുസൃതമായിട്ടുള്ളതാണെന്നാണ്. പൂർണ്ണമായ ആത്മാർഥതയോടുകൂടി ദൈവത്തിലേക്ക് തിരിഞ്ഞും പാപകർമ്മങ്ങൾക്ക് പൊറുക്കലിനെ തേടിയും[6] സൽക്കർമ്മങ്ങൾ ചെയ്തും ദൈവപ്രീതിക്കായി വിഷയേച്ഛകളെ വർജ്ജിച്ചും ദൈവാജ്ഞകളേയും വിലക്കുകളെയും അനുസരിച്ചും ദൈവത്തിന്റെ അനുശാസനകളെയും അതിരടയാളങ്ങളെയും അക്ഷരത്തിലും അർത്ഥത്തിലും പാലിച്ചും മാത്രമേ മോക്ഷപദം പ്രാപിക്കാനാവു എന്നാണ് അത് പഠിപ്പിക്കുന്നത്.[7] തൗറാത്തിൽ ആവർത്തി ച്ചാവർത്തിച്ച് പരാമർശിച്ചിട്ടുള്ളതും ദൈവത്തിന്റെ പ്രവാചകന്മാർ ഊന്നിപ്പറഞ്ഞിട്ടുള്ളതുമായ ഈ പാഠങ്ങൾ ഉപേക്ഷിച്ചത് കാരണമായാണ് അനേകരിൽ ശിക്ഷ ഇറങ്ങുകയുണ്ടായത്. ഈ ജൂതപണ്ഡിതന്മാർ ഇക്കാര്യത്തിൽ എനിയ്ക്ക് വിശദമായ

6. Ezekiel (യെഹേസ്ക്കൽ) - 18:30 ; 7. പുറപ്പാടു പുസ്തകം - 20

കത്തുകൾ അയക്കുക മാത്രമല്ല, ഈ വിഷയത്തെ സംബന്ധിച്ച് അവരുടെ പണ്ഡിതന്മാർ എഴുതിയ ഒന്നാംതരം നിരവധി അപൂർവ്വ ഗ്രന്ഥങ്ങൾ അയച്ചുതരികയുമുണ്ടായി. ഈ കത്തുകളും ഗ്രന്ഥങ്ങളുമെല്ലാം ഇപ്പോഴും എന്റെ കൈവശമുണ്ട്. അവ കാണാനാഗ്രഹിക്കുന്ന ആരെയും ഇതിനായി ഞാൻ സ്വാഗതം ചെയ്യുന്നു. ഈ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി പ്രത്യേകമായ ഒരു പുസ്തകം രചിക്കണമെന്നും ഞാനുദ്ദേശിക്കുന്നു.

## മോക്ഷത്തെ സംബന്ധിച്ച യഹൂദപാഠം

ഇനി ഓരോ വിവേകശാലിയും നീതിബോധത്തോടും സത്യ ഹൃദയത്തോടുംകൂടി ചിന്തിച്ചുകൊള്ളട്ടെ, സർവ്വശക്തനായ ദൈവം യേശുമിശിഹ തന്റെ പുത്രൻ തന്നെയെന്നു യഥാർഥത്തിൽ പ്രഖ്യാ പിക്കുകയും മറ്റുള്ളവരുടെ ശാപം അദ്ദേഹത്തിൽ കെട്ടിവെക്കു കയും ഈ ശപ്തബലി മനുഷ്യന്റെ മോചനത്തിനുള്ള വഴിയായി പ്രഖ്യാപിക്കുകയും ഇതേ പാഠംതന്നെയാണ് യഹൂദന്മാർക്കും നൽകുകയുമാണുണ്ടായതെങ്കിൽ എന്തിനായിരുന്നു അവർ അത് ഇന്നോളം തമസ്കരിച്ചത്? എന്തുകൊണ്ടാണ് അവർ അതിനെ അങ്ങേയറ്റം ശക്തമായി എതിർക്കുന്നത്? യഹൂദപാഠങ്ങളെ പുന രുജ്ജീവിപ്പിക്കാനായി പ്രവാചകന്മാരുടെ ഒരു നീണ്ട നിരതന്നെ ഉണ്ടായിരുന്നുവെന്നും മോശെ തന്നെയും ലക്ഷക്കണക്കിന് ആളു കൾക്ക് അത് പകർന്നുകൊടുത്തിരിന്നുവെന്നുമുള്ള സത്യം കൂടി കണ്ടെത്തുമ്പോൾ പിന്നെ കൂടുതലൊന്നും പറയാനില്ല. ഇങ്ങനെ പ്രവാചകന്മാരുടെ തുടർച്ചയായ ഒരു ശ്രേണി മുഖേന പകർന്നു കൊടുക്കപ്പെട്ട ഒരു പാഠം യഹൂദന്മാർ വിസ്മരിക്കുന്നതെങ്ങനെ? തങ്ങളുടെ വീട്ടുവാതിലുകളിലും പടിപ്പുരകളിലും വസ്ത്രങ്ങളിലു മൊക്കെ ഈ ദൈവീക കല്പനകൾ ആലേഖനം ചെയ്യാനും അതു തങ്ങളുടെ സന്താനങ്ങളെ പഠിപ്പിക്കാനും മനഃപാഠമാക്കാനും അവ രോട് അനുശാസിക്കപ്പെട്ടിരിക്കെ വിശേഷിച്ചും? ഈ എല്ലാ മുന്ന റിയിപ്പുകളുമൊക്കെ ഉണ്ടായിട്ടും തങ്ങളുടെ ജീവിതമോക്ഷം നില കൊള്ളുന്ന തൗറാത്തിന്റെ സുന്ദരമായ പാഠങ്ങളെ എല്ലാ യഹൂദ ജാതികളും ഒരുപോലെ വിസ്മരിച്ചുവെന്നു പറയാൻ സുബോ ധമുള്ള ആർക്കെങ്കിലും സാധിക്കുമോ? തൗറാത്തിൽ പറഞ്ഞിട്ടുള്ള മോക്ഷത്തെ സംബന്ധിച്ച തത്വങ്ങൾ ഈ വിഷയകമായി ഖുർആ

നിൽ പറഞ്ഞിട്ടുള്ളതുതന്നെയാണെന്നാണ് ജൂതൻമാർ എക്കാലവും വിശ്വസിച്ചുപോന്നിട്ടുള്ളത്. വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട കാലത്തെന്നപോലെ ഇക്കാലത്തും അവർ ഇതിന് സാക്ഷ്യം വഹിക്കുന്നു. അവരിൽ നിന്ന് എനിക്കു കിട്ടിയ കത്തുകളിലും ഗ്രന്ഥങ്ങളിലും ഇതേകാര്യം തന്നെയാണ് ഊന്നിപ്പറയുന്നത്. മോക്ഷം പ്രാപിക്കുന്നതിനുവേണ്ടി ശപ്തബലിയുടെ അദ്ധ്യാപനമാണ് ജൂതന്മാർക്ക് പഠിപ്പിക്കപ്പെട്ടിരുന്നതെങ്കിൽ, അവരത് രഹസ്യമാക്കിവെക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. യേശു ദൈവപുത്രനല്ലെന്നും അദ്ദേഹത്തിന്റെ കുരിശുമരണം യഥാർഥ ദൈവപുത്രന്റെ കുരിശുമരണമല്ലെന്നും പ്രത്യുത യഥാർഥ മോക്ഷം നൽകാനിരിക്കുന്ന പുത്രൻ പിൽക്കാലത്ത് ആവിർഭവിക്കുമെന്നുമുള്ള വിശ്വാസത്തിൽ അവർ തൃപ്തിപ്പെടുമായിരുന്നു. തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതും പരിശുദ്ധരായ ദൈവദൂതന്മാർ ഊന്നിപ്പറഞ്ഞുപോന്നിട്ടുള്ളതുമായ ഒരു അടിസ്ഥാന പാഠത്തെ എല്ലാ ജൂതവിഭാഗങ്ങളും ഒരുപോലെ നിഷേധിക്കുകയെന്നത് തീർത്തും അസാധ്യമായ കാര്യമാണ്. യഹുദജനത ഇപ്പോഴും നിലനിൽക്കുന്നുണ്ടല്ലോ. അതുപോലെതന്നെ അവരുടെ പണ്ഡിതന്മാരും ഗ്രന്ഥങ്ങളും നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് സംശയമുള്ള ആർക്കുംതന്നെ ഇതു അവരോട് നേരിട്ടുതന്നെ അന്വേഷിക്കാവുന്നതാണ്. ഒരു സത്യകൃസ്ത്യാനിക്ക് ഇക്കാര്യത്തിൽ ജൂതന്മാരുടെ സത്യസാക്ഷ്യം തീർച്ചയായും പ്രയോജനപ്പെടും. എന്തുകൊണ്ടെന്നാൽ അവരാണ് ആദ്യത്തെ സാക്ഷികൾ. നൂറുകണക്കിന് കൊല്ലങ്ങളായി തൗറാത്തിനെ മനഃപാഠമാക്കിപ്പോരുന്നതും അവരാണ്. യുക്തിയുടെ പിൻബലമില്ലാതെയും പഴയനിയമത്തിന്റെയും അതിന്റെ അനുയായികളുടെയും  സാക്ഷ്യം കൂടാതെയും ദുർബ്ബലനായ ഒരു മനുഷ്യനെ ദൈവമാക്കിവരിക്കുകയെന്നതും ഒരേസമയംതന്നെ അദ്ദേഹത്തെ ദൈവത്തിൽ നിന്നും സാത്താനിൽ നിന്നുമുള്ളവനായി കരുതുകയെന്നതുംപോലുള്ള നിരർഥകവും യുക്തിശൂന്യവുമായ വിശ്വാസം പുലർത്തിപ്പോരുക എന്നുള്ളത് സൽപ്രകൃതരായ ആളുകൾക്ക് യോജിച്ചതാണോ?

## നിഷ്പ്രയോജനമായ വിശ്വാസം

ഇനി മറ്റൊരു വീക്ഷണകോണിൽ നോക്കുമ്പോഴും ഈ

വിശ്വാസ സിദ്ധാന്തം അങ്ങേയറ്റം നിലയുറപ്പില്ലാത്തതാണെന്നു കാണാൻ കഴിയുന്നു. അതായത് ഈ ശപ്തബലിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തൗറാത്തിന്റെ സനാതനമായ പാഠത്തെ നിരാകരിക്കുകയും ഒരാളുടെ പാപത്തെ മറ്റൊരാളുടെമേൽ കെട്ടിവെക്കുകയും പരിശുദ്ധനും പരമസ്വാതികനുമായ ഒരു മനുഷ്യനെ ശപിക്കപ്പെട്ടവനായും ദൈവത്തിൽ നിന്ന് ദൂരപ്പെട്ടവനായും സാത്താന്റെ കൂട്ടുകാരനായും അധിക്ഷേപിക്കുകയും ചെയ്യുന്നവർക്ക് അതുമുഖേന വല്ല പ്രയോജനവും ലഭിക്കുന്നുണ്ടോ? പാപം ചെയ്യുന്നതിൽ നിന്നും അവർ തടയപ്പെടുന്നുണ്ടാ? അതല്ലെങ്കിൽ അവരുടെ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നുണ്ടോ? ഈ വീക്ഷണത്തിലും ഈ വിശ്വാസ സിദ്ധാന്തത്തിന്റെ അർത്ഥശൂന്യത വെളിപ്പെടുന്നതാണ്. പാപത്തിൽ നിന്നുള്ള രക്ഷയും യഥാർഥ പരിശുദ്ധിയാർജ്ജിക്കലും പ്രത്യക്ഷത്തിൽ വസ്തുതയ്ക്ക് നിരക്കാത്തതാണ്. കൃസ്ത്യാനികളുടെ വിശ്വാസപ്രകാരം ക്രിസ്തുവിന്റെ പാപ പരിഹാര സിദ്ധാന്തത്തിൽ വിശ്വസിച്ചയാളായിരുന്നുവല്ലോ ദാവീദും. എന്നാൽ അദ്ദേഹത്തെക്കുറിച്ച് ഇതിനുപുറമെ അവർ വിശ്വസിക്കുന്നത്, അദ്ദേഹം ഒരു നിരപരാധിയെ, അയാളുടെ ഭാര്യയെ വ്യഭിചരിക്കാനായി കൊന്നുവെന്നും[8] തന്റെ സ്വന്തം സ്വാർത്ഥമോഹങ്ങൾ തൃപ്തിപ്പെടുത്താൻ ഖജനാവ് ദുരുപയോഗം ചെയ്തുവെന്നും, നൂറോളം സ്ത്രീകളെ വിവാഹം കഴിച്ചുവെന്നും, ദൈവീക കൽപനകൾ തീർത്തും അഗണ്യമാക്കി - ദൈവം പൊറുക്കുമാറാകട്ടെ -തന്റെ ജീവിതാന്ത്യം വരെ പാപം ചെയ്തുകൊണ്ടിരുന്നുവെന്നുമൊക്കെയാണ്.[9]

യേശുവിന്റെ ശപ്തബലിക്ക് പാപം ചെയ്യുന്നതിൽ നിന്നു ജനങ്ങളെ തടയാൻ കഴിയുമായിരുന്നുവെങ്കിൽ അവർ പ്രഖ്യാപിക്കുന്നതുപോലെ ദാവീദ് ഇപ്രകാരം പാപത്തിലും അതിക്രമത്തിലും മുങ്ങിക്കിടക്കുകയില്ലായിരുന്നു. യേശുവിന്റെ മാതാവിന്റെ വഴിക്കുള്ള മൂന്നു മാതാമഹിമാർ വ്യഭിചാരം ചെയ്തിട്ടുള്ളതായും പറയപ്പെട്ടിട്ടുണ്ട്.[10] യേശുവിന്റെ സപ്തബലിയിലുള്ള വിശ്വാസം അവരുടെ ആന്തരിക പരിശുദ്ധിക്ക് വല്ല വിധത്തിലും പ്രയോജനപ്പെടുമായിരുന്നുവെങ്കിൽ അത്തരം ലജ്ജാകരമായ കുറ്റം അവരെ

---

8 ശമുവേൽ II, അധ്യായം 11 ; 9. രാജാക്കന്മാർ 1,

10. ഉല്പത്തി -38:16; യോശുവ -2:1; ശമുവേൽ-2:4; മത്തായി-അധ്യായം 1

ഗ്രസിക്കുകയില്ലായിരുന്നു. യേശുവിന്റെ ശിശ്യന്മാർ തന്നെയും അദ്ദേഹത്തിൽ വിശ്വസിച്ചതിനു ശേഷം അപമാനകരമായ പല പാപവൃത്തിയും ചെയ്തിട്ടുണ്ട്. യൂദാസ് ഇസ്കാരിയോത്ത് വെറും മുപ്പത് വെള്ളിത്തുട്ടുകൾക്കുവേണ്ടിയാണ് യേശുവിനെ ഒറ്റുകൊടുത്തത്.[11] പത്രോസ് അദ്ദേഹത്തിന്റെ മുഖത്തുനോക്കി മൂന്നുതവണ പ്രാകി[12]. മറ്റു ശിഷ്യൻമാരാകട്ടെ അദ്ദേഹത്തെ കൈവിടുകയും ചെയ്തു. ദൈവത്തിന്റെ ഒരു പ്രവാചകനെ ശപിക്കുകയെന്നത് തീർച്ചയായും ഘോരമായ പാപമാകുന്നു. വർത്തമാന കാലഘട്ടത്തിലേയ്ക്ക് നോക്കുകയാണെങ്കിൽ, ഇന്നു യൂറോപ്പിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മദ്യപാനത്തിന്റെയും വ്യഭിചാരത്തിന്റെയും തിന്മകളുടെ അതിപ്രസരത്തെ കുറിച്ച് കൂടുതലൊന്നും പറയേണ്ടതില്ല. അവിഹിത ബന്ധത്തിന്റെ ശീലങ്ങളുള്ള, പരസ്ത്രീ ഗമനബന്ധങ്ങളുള്ള ഒട്ടേറെ പ്രമുഖ പുരോഹിതന്മാരുടെ ഉദാഹരണങ്ങൾ ഞാൻ ഇതിനുമുമ്പുള്ള എന്റെ ഒരു കൃതിയിൽ യൂറോപ്യൻ പത്രങ്ങളിൽ നിന്നുതന്നെ ഉദ്ധരിച്ചുകാണിച്ചിട്ടുണ്ട്. ഇതെല്ലാം വ്യക്തമാക്കുന്നത്, ശപ്തബലിക്ക് പാപവൃത്തികളിൽ നിന്നു അവരെ ഒട്ടും തടയാൻ സാധിക്കുന്നില്ല എന്നാണ്.

ഈ ശപ്തബലിമുഖേന പാപത്തെ തടയാനാവുന്നില്ലെങ്കിൽ, അവരുടെ എല്ലാ പാപങ്ങളും പൊറുക്കപ്പെട്ടുവെന്നു വിശ്വസിക്കുന്നത് ശരിയാണോ? ഒരു പാപി ഒരു നിരപരാധിയുടെ രക്തം ചിന്തുകയും കളവുനടത്തുകയും കള്ളസാക്ഷ്യം നൽകി മറ്റുള്ളവരുടെ സ്വത്തും ജീവനും അഭിമാനവും നശിപ്പിക്കുകയും ആരുടെയെങ്കിലും ധനം അപഹരിച്ചു കൈവശപ്പെടുത്തുകയും ചെയ്യുമ്പോൾ, ശപ്തബലിയിലുള്ള വിശ്വാസം ഉരുവിട്ടുകൊണ്ടു മാത്രം അയാൾക്ക് ദൈവികശിക്ഷയിൽ നിന്നു രക്ഷപ്പെടാനൊക്കുമോ? ജനങ്ങളുടെ അവകാശങ്ങൾ കവർന്നും അവിഹിത ബന്ധത്തിന്റേതായ ഒരു ജീവിതം നയിച്ചും അയാൾക്ക് നിർബാധം മുന്നോട്ടുപോകാൻ സാധിക്കുമോ? ഒരിക്കലും അങ്ങിനെയായിക്കൂടാത്തതാണ്. എന്തെന്നാൽ പാപം ചെയ്യുകയും എന്നിട്ട് ശപ്തബലിയിൽ അഭയംതേടുകയും ചെയ്യുകയെന്നത് ദുർവൃത്തന്മാരുടെ ഒരു സ്ഥിരം ഏർപ്പാടായി മാറുന്നതാണ്.

---

11. മത്തായി അധ്യായം 27; മാർക്കോസ് -14 :10,11; ലൂക്കോ-22:2-6, 47,48
12. മത്തായി -26:74,75

## ആദ്യപാപവും നിത്യശാപവും

ഈ സിദ്ധാന്തത്തിന്റെ സത്യതയിൽ പൗലോസിനുതന്നെയും സംശയങ്ങളുണ്ടായിരുന്നുവെന്നുവേണം കരുതാൻ. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്, യേശുവിന്റെ ബലി ആദ്യപാപത്തിനുവേണ്ടി മാത്രമാണെന്നും രണ്ടാമതും അദ്ദേഹത്തെ ക്രൂശിക്കപ്പെടാനാവില്ലെന്നും[13]. എന്നാൽ ഈ പ്രസ്താവനവഴി അദ്ദേഹം മറ്റൊരു വലിയ കുഴപ്പംകൂടി ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. യേശുവിന്റെ ശപ്തബലി മനുഷ്യരുടെ ആദ്യപാപത്തിനുവേണ്ടി മാത്രമായിരുന്നുവെന്നതാണ് സത്യമെങ്കിൽ പ്രവാചകനായ ദാവീദ് നിത്യശാപത്തിന് - ദൈവം പൊറുക്കുമാറാകട്ടെ - ഇരയാവുകയില്ലേ? എന്തെന്നാൽ ക്രിസ്ത്യാനികളുടെ വിശ്വാസമനുസരിച്ച് അദ്ദേഹം 'ഊറിയ' എന്നയാളുടെ ഭാര്യയുമായി അവിഹിതവേഴ്ച നടത്തുകയും ദൈവത്തിന്റെ അനുവാദമില്ലാതെ അവളെ അവശേഷിച്ച കാലമത്രയും തന്റെ വീട്ടിൽ തടഞ്ഞുവെക്കുകയും ചെയ്യുകയുണ്ടായി. ഈ സ്ത്രീയാകട്ടെ യേശുവിന്റെ മാതാവായ മറിയത്തിന്റെ ഭാഗത്തുനിന്നുള്ള അദ്ദേഹത്തിന്റെ പരിശുദ്ധ മാതാമഹികൂടിയായിരുന്നു. മാത്രമല്ല കൃസ്ത്യാനികളുടെ വിശ്വാസപ്രകാരം ദാവീദ് അനുവദനീയമല്ലാത്ത രീതിയിൽ നൂറോളം ഭാര്യമാരെ പരിഗ്രഹിക്കുകയും ചെയ്തിരുന്നു.[14] അപ്പോൾ ഈ പാപം അദ്ദേഹത്തിന്റെ ആദിപാപം ആയിരുന്നില്ല. മറിച്ച് അദ്ദേഹം തന്റെ ജീവിതത്തിലുടനീളം നിരന്തരം ചെയ്തുപോന്നിട്ടുള്ള ഒന്നായിരുന്നു അത്.

ഈ ശപ്തബലിയ്ക്ക് പാപത്തെ തടയാനാവില്ലെന്നിരിക്കെ, സാധാരണ ക്രിസ്ത്യാനികളും ഇന്നു ചെയ്യുന്നതുപോലെ പാപം എല്ലാകാലത്തും ചെയ്തുകൊണ്ടേപോന്നിരിക്കണം. അതോടൊപ്പം പൗലോസിന്റെ സിദ്ധാന്തമനുസരിച്ച്, തുടർന്നുള്ള അവരുടെ പാപങ്ങളൊന്നും തന്നെ പൊറുത്തുകൊടുക്കപ്പെടാത്തതാണെന്നിരിക്കെ, അവർ തീർച്ചയായും നിത്യനരകത്തിലേക്കെറിയപ്പെടുമെന്നു മാത്രമല്ല, അവരിലാരും തന്നെ അതിൽ നിന്നു രക്ഷപ്പെടാൻ അർഹരാവുകയുമില്ല. മാന്യ സിറാജുദ്ദീൻ, വേറെയെവിടെയും നോക്കേണ്ട

---

13. എബ്രായർ -10:26, 6:6

14. ശമുവേൽ -അധ്യായം 12

തില്ല, സ്വന്തം അവസ്ഥതന്നെ ഒന്നു നോക്കിയാൽ മതി! അദ്ദേഹം ആദ്യം മറിയത്തിന്റെ പുത്രനെ ദൈവത്തിന്റെ പുത്രനായി വിശ്വസിക്കുകയും ശപ്തബലിയുടെ പേരിൽ മാമോദിസാ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഖാദിയാനിൽ വന്നപ്പോൾ അദ്ദേഹം ഒരിക്കൽകൂടി മുസ്ലിമായിത്തീരുകയും മാമോദിസയുടെ കാര്യത്തിൽ താൻ തിടുക്കം കാട്ടുകയായിരുന്നുവെന്ന് ഏറ്റുപറയുകയും ചെയ്തു. അദ്ദേഹം ഇസ്ലാമിക രീതിയിൽ തുടർന്നും പ്രാർത്ഥിക്കുകയും പാപപരിഹാര സിദ്ധാന്തത്തിന്റെ അർത്ഥശൂന്യത തനിയ്ക്ക് തികച്ചും ബോധ്യപ്പെട്ടതായും ആ സിദ്ധാന്തം പൊള്ളയാണെന്നു താൻ കരുതുന്നതായും എന്നോടു ഏറ്റുപറയുകയും ചെയ്തു.

എന്നാൽ അദ്ദേഹം ഖാദിയാനിൽ നിന്നു തിരിച്ചുപോയപ്പോൾ ക്രിസ്തീയ മിഷനറിമാരുടെ കെണിയിൽ വീഴുകയും വീണ്ടുമൊരിക്കൽ കൂടി ക്രിസ്ത്യാനിയായി മാറുകയും ചെയ്തു. മാന്യ സിറാജുദ്ദീൻ ഇനി മനസ്സിലാക്കേണ്ടത്, അദ്ദേഹം തന്റെ മാമോദിസയ്ക്കു ശേഷം വാക്കിലും പ്രവൃത്തിയിലും ക്രിസ്തുമതം ഉപേക്ഷിച്ചപ്പോൾ ക്രിസ്തീയ കാഴ്ചപ്പാടിൽ അദ്ദേഹം രണ്ടാം തവണ ചെയ്തത് വലിയൊരു പാപമാണ്. മാത്രമല്ല പൗലോസിന്റെ പ്രസ്താവനയനുസരിച്ച് ഇത് പൊറുക്കപ്പെടാത്ത കുറ്റമാണ്. എന്തെന്നാൽ ഇതിന് മറ്റൊരു കുരിശുമരണം ആവശ്യമായിവരും. ഇനി പൗലോസിന് തെറ്റു പറ്റിയതാണെന്നോ, അഥവാ അദ്ദേഹം കളവ് പറയുകയാണെന്നോ ആണെങ്കിൽ, ശപ്തബലിയിൽ വിശ്വാസം കൊണ്ടതിനു ശേഷം പാപം ഫലത്തിൽ പാപമല്ലാതായിതീരുമെന്നാണെങ്കിൽ, ഒരാൾ കളവ് നടത്തുകയോ വ്യഭിചരിക്കുകയോ കൊലപാതകം ചെയ്യുകയോ കള്ളം പറയുകയോ വഞ്ചനകാണിക്കുകയോ എന്നുവേണ്ട എന്തുതന്നെ ചെയ്തുവെന്നുവന്നാൽപോലും അയാൾ അതിനെകുറിച്ച് ചോദിക്കപ്പെടുകയില്ലെന്നാണെങ്കിൽ, അത്തരത്തിലുള്ള പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതം തീർച്ചയായും പാപത്തെ പ്രോത്സാഹിപ്പിക്കുകയെന്ന കുറ്റമുള്ള മതമാകുന്നു. എന്നല്ല, അത്തരം മതങ്ങളുടെ അനുയായികളിൽ നിന്നു നല്ലനടപ്പിനുള്ള ഉറപ്പുകൾ ആവശ്യപ്പെടേണ്ടത് ഓരോ കാലഘട്ടത്തിലെയും സർക്കാരുകളെ സംബന്ധിച്ചിടത്തോളം തീർത്തും ആശ്വാസമായ നടപടിയുമായിരിക്കും. ശപ്തബലിയിൽ വിശ്വസി

ക്കുന്ന ഏതൊരാളും യഥാർത്ഥ പരിശുദ്ധി ആർജ്ജിക്കുകയും എല്ലാ പാപകർമ്മങ്ങളിൽനിന്നും വിശുദ്ധനായി തീരുകയും ചെയ്യു മെന്നാണ് ആവർത്തിച്ചു പറയുന്നതെങ്കിൽ അതൊരിക്കലും സത്യ മല്ലെന്നു ഞാൻ ഇതിനകം തന്നെ വ്യക്തമാക്കുകയും ദാവീദി ന്റെയും യേശുവിന്റെ മാതാമഹിമാരുടേയും ശിഷ്യവൃന്ദത്തിന്റെയും ക്രൈസ്തവ പുരോഹിതന്മാരുടേയും പാപങ്ങളെകുറിച്ച് വിശദീ കരിക്കുകയും ചെയ്തിട്ടുണ്ട്. അവിഹിത ലൈംഗീകവേഴ്ച യൂറോ പ്പിൽ, ലോകത്ത് മറ്റെല്ലായിടത്തേക്കാളും സർവവ്യാപകമാണെന്നു വിവരമുള്ളവർക്കറിയാം. ഇന്നയാൾ പാപരഹിതനാണെന്നുള്ള വെറും അവകാശവാദം കൊണ്ടുമാത്രം അയാൾ സത്യത്തിൽ അങ്ങനെതന്നെയാണെന്നു തെളിയുന്നില്ല. പുറമെ വിശുദ്ധജീവിതം നയിക്കുന്നവരെന്നു ഭാവിക്കുന്ന അനേകം അധമൻമാരും, വ്യഭി ചാരികളും, ജാരിണീപതികളും, മദ്യപൻമാരും, നാസ്തികന്മാരും ഉണ്ട്. എന്നാൽ അകമേ അവർ ജീർണ്ണമായ ജഢങ്ങൾ കുടിയിരി ക്കുന്ന കുഴിമാടങ്ങളാണ്.

## സദ്വൃത്തരും ദുർവൃത്തരും

ഇവിടെ ഒരു ജനതയെയോ ഒരു ജനവിഭാഗത്തേയോ മുഴുവ നായി നൈസർഗീകമായ രീതിയിൽ നല്ലതും ചീത്തയുമായി കരു തുകയെന്നത് തികച്ചും തെറ്റാണ്. പ്രകൃതിയിൽ കാണപ്പെടുന്ന ദൈവികനിയമം ഓരോ ജനവിഭാഗത്തിനും തങ്ങളുടെ കൂട്ടത്തിൽ ദുർവൃത്തരും അധർമികളും പാപികളുമായ ആളുകൾ ഉള്ളതുപോ ലെതന്നെ പ്രകൃത്യാ മാന്യന്മാരും കുലീനരും സാത്വികരുമായി ട്ടുള്ള ആളുകളും ഉണ്ടെന്നു അവകാശപ്പെടാൻ അനുവദിക്കുന്നുണ്ട്. ഹിന്ദുക്കളോ, പാർസികളോ, ജൂതന്മാരോ, സിക്കുകാരോ, ബുദ്ധമ തക്കാരോ എന്തിനേറെ ശൂദ്രന്മാരും വിടുപണിചെയ്യുന്നവർപോലും ഇതിനു പുറത്തല്ല. ഒരു ജനവിഭാഗം സഭ്യതയിലും സംസ്കാര ത്തിലും പുരോഗതിനേടുകയും ഒരു ജനതയെന്ന നിലയിൽ അറിവും അന്തസ്സും നേടിയെടുക്കുകയും ചെയ്യുന്നതിനനുസരിച്ച് അവരിലുള്ള നല്ലവരായ ആളുകൾ തങ്ങളിലുള്ള സ്വാതികജീവി തത്തിലും സ്വഭാവത്തിലും സൽപെരുമാറ്റത്തിലും പ്രശസ്തി യാർജിക്കുകയും പൂർവ്വാധികം തിളക്കത്തോടെ തങ്ങളുടെ മാതൃ കകൾ കാണിക്കുകയും ചെയ്യുന്നു. നൈസർഗീകമായി നല്ലവരാ

യിട്ടുള്ള ആളുകൾ ഓരോ ജനവിഭാഗത്തിലും ഉണ്ടായിരുന്നില്ലെങ്കിൽ കേവലം മതപരിവർത്തനം കൊണ്ടുമാത്രം നന്മ സൃഷ്ടിക്കപ്പെടുമായിരുന്നില്ല. പ്രകൃതിയിലെ ദൈവിക നിയമവ്യവസ്ഥ മാറ്റമില്ലെന്നതുകൊണ്ടുതന്നെയാണത്. മതത്തിന്റെ ആരംഭകാലത്തിന് എത്രയോ മുമ്പുതന്നെ പ്രകൃത്യാ മനുഷ്യരിൽ ചിലർ സ്നേഹത്തിന്റെയും ദയാദാക്ഷിണ്യത്തിന്റെയും കാര്യത്തിൽ വലുതായ പങ്കുള്ളവരാണ്. മറ്റുള്ളവരാകട്ടെ കോപത്തിലും തീവ്രതയിലും ചായ്‌വുള്ളവരുമാണ്. മതത്തിന്റെ ആരംഭത്തിന് എത്രയോ മുമ്പ് തന്നെ ദൈവം ഇതാണ് വിധിച്ചിട്ടുള്ളത്. സത്യത്തിനുവേണ്ടി യഥാർഥനിലയിൽ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും ഈ സത്യവസ്തുത മനസ്സിലാക്കാൻ പ്രയാസമില്ല.

## മതത്തിന്റെ യാഥാർഥ്യം

മതം പഠിപ്പിക്കുന്നത്, ബിംബാരാധകനോ മനുഷ്യാരാധകനോ ആയ ഒരാൾ തന്റെ ആരാധ്യവസ്തുവിനോടു കാണിക്കുന്ന എല്ലാ തരത്തിലുള്ള സ്നേഹവും, അനുസരണവും, ആത്മാർഥതയും വിശ്വസ്തതയുമെല്ലാം യഥാർഥത്തിൽ ദൈവത്തോടു മാത്രമായിരിക്കണമെന്നും അത്തരത്തിലുള്ള ആത്മാർഥത അവനോടുമാത്രമേ പാടുള്ളൂവെന്നുമുള്ളതാണ്.

മനുഷ്യപ്രകൃതിയിൽ മതം എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട്? ഈ പ്രശ്നത്തിന് സുവിശേഷങ്ങൾ ഉത്തരമൊന്നും നല്കുന്നില്ല. യുക്തിയുടെതായ മാർഗ്ഗങ്ങളിൽ നിന്നെല്ലാം അവ ഏറെ അകലെയാണെന്നത് തന്നെയാണ് അതിന് കാരണം. എന്നാൽ വിശുദ്ധ ഖുർആൻ ഈ പ്രശ്നത്തിന് സുവിശദമായ ഉത്തരം നൽകിയിട്ടുണ്ട്. ആത് ഉദ്ഘോഷിക്കുന്നത്, മതം മനുഷ്യന്റെ പ്രകൃതിദത്തമായ കഴിവുകളെ മാറ്റുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്യുന്നില്ലെന്നാണ്. ഒരു ചെന്നായയെ ആട്ടിൻകുട്ടിയാക്കിമാറ്റുവാൻ മതത്തിനാവുകയില്ല. മനുഷ്യന്റെ പ്രകൃതിദത്തമായ കഴിവുകൾ എവിടെയൊക്കെ, എപ്പോഴൊക്കെ വിനിയോഗിക്കണമെന്നു അവന് മാർഗ്ഗദർശനം നൽകുകയെന്നുള്ളതാണ് അതിന്റെ ഉദ്ദേശ്യം. മതംകൊണ്ട് അർത്ഥമാക്കുന്നത് ജനങ്ങളുടെ കഴിവുകളെ മാറ്റിമറിക്കുക എന്നുള്ളതല്ല. അനുയോജ്യമായ തര

ത്തിൽ അവ എങ്ങിനെ വിനിയോഗിക്കണമെന്നുള്ള മാർഗ്ഗദർശനം തരുകമാത്രമാണ് ചെയ്യുന്നത്. കാരുണ്യമോ പൊറുമയോ പോലുള്ള ഏതെങ്കിലും പ്രത്യേക ഗുണത്തിൽ ഊന്നുന്നതിനു പകരം, ഒരാളുടെ ഏല്ലാതരം കഴിവുകളുടേയും ഉപയോഗത്തെ അത് ഊന്നിപ്പറയേണ്ടതുണ്ട്. മനുഷ്യന്റെ ഒരു സ്വഭാവഗുണവും അതിന്റെ തനിമയിൽ തിന്മയല്ല. അതിന്റെ അനുചിതവും തെറ്റായതുമായ ഉപയോഗമാണ് അതിനെ തിന്മയാക്കുന്നത്. ഒരു വ്യക്തിയെ അയാളുടെ സഹജഗുണങ്ങൾ കാരണമായിമാത്രം കുറ്റപ്പെടുത്താനാവില്ല. അവ അയാൾ ദുരുപയോഗം ചെയ്യുമ്പോൾ മാത്രമേ നമുക്ക് കുറ്റപ്പെടുത്താൻ കഴിയുകയുള്ളൂ.

## ഇസ്‌ലാമിന്റെ അദ്വിതീയത

ചുരുക്കത്തിൽ അനശ്വരനായ അനുഗ്രഹദാതാവ് പ്രകൃതിപരമായ കഴിവുകൾ എല്ലാവർക്കും തുല്യ അളവിലാണ് പ്രദാനം ചെയ്തിട്ടുള്ളത്. ലോകത്തിന്റെ എല്ലാ ജനവിഭാഗങ്ങളിലുമുള്ള ആളുകളും കണ്ണ്, മൂക്ക്, വായ, കൈ, കാല് തുടങ്ങിയ ശാരീരികാവയവങ്ങൾകൊണ്ട് അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്. അപ്രകാരം തന്നെയാണ് ആന്തരീയമായ കഴിവുകളാലും അവർ അനുഗ്രഹിക്കപ്പെട്ടിട്ടുള്ളത്. ഈ സ്വാഭാവികമായ കഴിവുകളുടെ ഉചിതമോ അതിരുകവിഞ്ഞതോ ആയ ഉപയോഗത്തെ ആശ്രയിച്ചാണ് ഓരോ ജനവിഭാഗങ്ങളിലും നല്ലതോ ചീത്തയോ ആയ ആളുകളുള്ളത്. ഏതെങ്കിലും ഒരു മതത്തെ സംബന്ധിച്ച് ആ മതത്തിന്റെ സ്വാധീനത്താലാണ് ഒരു ജനവിഭാഗം സാത്വികരായി തീർന്നിരിക്കുന്നതെന്നോ, ആ മതമാണ് അതിന്റെ അനുയായികളുടെ മാന്യതയ്ക്ക് കാരണമെന്നോ നാം വിശ്വസിക്കണമെങ്കിൽ അതിന്റെ ചില അടുത്ത അനുയായികളിൽ മറ്റു മതങ്ങളിലൊന്നും കാണാത്ത തരത്തിലുള്ള ആത്മീയമായ ഉൽകൃഷ്ടതകൾ കാണപ്പെടേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഉൽകൃഷ്ടതകൾ ഇസ്‌ലാമിൽ മാത്രമേ കാണപ്പെടുകയുള്ളൂവെന്നു ഞാൻ സർവശക്തിയോടും കൂടി പ്രഖ്യാപിച്ചുകൊള്ളുന്നു.

ഇസ്‌ലാം, ദൈവത്തിന്റെ തേജോവിലാസം വെളിപ്പെട്ടിരിക്കുകയാണെന്നു തോന്നുമാറുള്ളതരത്തിൽ സഹസ്രക്കണക്കിന് ആളു

കളിൽ ദൈവീകമായ സ്വീകാര്യതയുടെ ദീപ്തി പ്രസരിപ്പിക്കുകയും, ദൈവീകമായ ചൈതന്യം കുടികൊള്ളുന്നവരെന്നു കരുതാവുന്ന തരത്തിൽ അവരെ പരിശുദ്ധിയുടെ നിലവാരത്തിലേയ്ക്ക് വഴികാണിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ആളുകൾ ഇസ്‌ലാമിൽ എല്ലാ നൂറ്റാണ്ടുകളിലും കാണപ്പെടുന്നു. ഇതൊരു അടിസ്ഥാനരഹിതമായ അവകാശവാദമല്ല. എന്തെന്നാൽ അവരുടെ പരിശുദ്ധജീവിതത്തിന് ദൈവം തന്നെയാണ് സാക്ഷ്യം നൽകിയിട്ടുള്ളത്.

## ഇസ്‌ലാമിന്റെ ശ്രേഷ്ടതവെളിപ്പെടുത്താൻ

ഓർക്കുക, വിശുദ്ധ ഖുർആനിൽ സർവശക്തനായ ദൈവം പരിശുദ്ധിയുടെ ഉന്നത നിലവാരമുള്ളവർക്ക് ഈ അടയാളങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നത്. അതായത് അവരിലൂടെ അസാധാരണമായ അത്ഭുതാടയാളങ്ങൾ വെളിപ്പെടുന്നു, ദൈവം അവരുടെ പ്രാർഥനകൾ കേൾക്കുന്നു, അവരോട് സംസാരിക്കുന്നു, അദൃശ്യകാര്യങ്ങൾ അവർക്കായി വെളിപ്പെടുത്തുകയും അവരെ സഹായിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിൽ അത്തരത്തിലുള്ള ആയിരക്കണക്കിന് ആളുകൾ ഉണ്ടായിട്ടുള്ളതായി നാം കാണുന്നു. ഇപ്പോൾ ഈ കാലഘട്ടത്തിലാകട്ടെ ഈ എല്ലാ ശ്രേഷ്ഠതകളും വെളിപ്പെടുത്തിക്കാണിക്കാൻ ഈയുള്ളവനിതാ ഇവിടെ ഉണ്ട്!! എന്നാൽ തങ്ങളുടെ സത്യവിശ്വാസവും ജീവിതവിശുദ്ധിയും സുവിശേഷങ്ങൾ പറയുന്ന നിലവാരത്തിലുള്ളതാണെന്നു തെളിയിക്കാൻ കഴിയുന്ന ക്രിസ്ത്യാനികൾ എവിടെ ഏതു രാജ്യത്താണ് ജീവിക്കുന്നത്?

ഓരോ വൃക്ഷവും അതിന്റെ ഫലം കൊണ്ട് തിരിച്ചറിയപ്പെടുന്നതുപോലെ[15], ഓരോവസ്തവും അതിന്റെ അടയാളങ്ങൾകൊണ്ട് തിരിച്ചറിയപ്പെടുന്നു. ദൃഷ്ടാന്തങ്ങൾകൊണ്ട് തെളിയിക്കപ്പെടാത്ത കാലത്തോളം തങ്ങളുടെ വിശുദ്ധജീവിതത്തെകുറിച്ച് അവരുടെ ഗ്രന്ഥങ്ങളിൽ കുറിച്ചിട്ട അവകാശവാദങ്ങളെല്ലാം പൊള്ളയായിത്തന്നെ അവശേഷിക്കും. യഥാർത്ഥവും നിർമ്മലവുമായ സത്യവിശ്വാസത്തിനുള്ള യാതൊരു അടയാളവും സുവിശേഷങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടില്ലെന്നാണോ?[16] അത് ഈ അടയാളങ്ങളെകു

15. ലൂക്കോ -6:44 ; 16. യോഹന്നാൻ - 14:12 മാർക്കോസ് - 11:23, 16:17-18

റിച്ച് ദിവ്യാത്ഭുതപരമായിരിക്കുമെന്ന് വിശേഷിപ്പിച്ചിട്ടില്ലേ? അങ്ങനെ സുവിശേഷങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ ആ അടയാളങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ ക്രിസ്ത്യാനിയും തന്റെ ജീവിതവിശുദ്ധിയെകുറിച്ചുള്ള അവകാശവാദം തെളിയിക്കേണ്ടത്. ആത്മീയ പ്രകാശത്തിന്റെയും ദൈവീകമായ സ്വീകാര്യതയുടെയും കാര്യത്തിൽ സമുന്നതനായ ഏതെങ്കിലുമൊരു ക്രൈസ്തവപുരോഹിതൻ ഏറ്റവും എളിയവനായ ഒരു മുസ്‌ലിമുമായി ഏറ്റുമുട്ടിനോക്കുവിൻ! ആദ്യത്തെയാൾ മറ്റെയാൾ ഉൾക്കൊള്ളുന്നതിന്റെ ഏറ്റവും സൂക്ഷ്മമായ അളവിലെങ്കിലുമുള്ള സ്വർഗ്ഗീയപ്രകാശം ഉൾക്കൊള്ളുന്നതായി തെളിയിക്കപ്പെടുകയാണെങ്കിൽപോലും ഏതു ശിക്ഷയും ഏറ്റുവാങ്ങാൻ നാം തയ്യാറാണ്. അതുകൊണ്ടു തന്നെയാണ് ഞാൻ പലപ്പോഴും ക്രിസ്ത്യാനികളെ വെല്ലുവിളിച്ചുകൊണ്ടുള്ള പ്രഖ്യാപനങ്ങൾ പ്രസിദ്ധം ചെയ്തുപോന്നിട്ടുള്ളത്.[17]

## ജീവിതപരിശുദ്ധി ഇസ്‌ലാമിലൂടെ

സ്വർഗ്ഗീയ പ്രകാശത്തിൽ നിന്നുണ്ടാകുന്ന യഥാർഥ സത്യവിശ്വാസവും ജീവിതപരിശുദ്ധിയും ഇസ്‌ലാമിലൂടെയല്ലാതെ ആർക്കും തന്നെ സ്വായത്തമാക്കാനാവില്ലെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ദൈവത്താണെ, പരിപൂർണ്ണമായ സത്യത്തോടും വിശ്വാസത്തോടും കൂടിയാണ് ഞാനിതുപറയുന്നത്. എനിയ്ക്ക് അനുഗ്രഹിച്ചരുളപ്പെട്ട പരിശുദ്ധജീവിതം എന്റെ ഭാഗത്തുനിന്നുള്ള കേവലമായ അവകാശവാദമല്ല; മറിച്ച് ദിവ്യമായ അടയാളങ്ങൾകൊണ്ട് സാക്ഷീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു.

സ്വർഗ്ഗീയമായ സാക്ഷ്യങ്ങളുടെ സഹായം കൂടാതെ ഒരാളുടെ ജീവിതം യഥാർഥത്തിൽ വിശുദ്ധമാണെന്നു തെളിയിക്കാനോ, അല്ലെങ്കിൽ ആരുടെയെങ്കിലും ഗോപ്യമായ കാപട്യവും അവിശ്വാസവും തുറന്നുകാട്ടാനോ സാധ്യമല്ല. ഒരു സമൂഹമെന്നത് ഒരു ശരീരം പോലെയാണെന്നതുകൊണ്ടുതന്നെ, അതിൽ നാം ദിവ്യമായ അടയാളങ്ങൾകൊണ്ട് സാക്ഷ്യപ്പെടുത്തപ്പെട്ട പരിശുദ്ധരായ ചില ആളുകളെ കാണുകയാണെങ്കിൽ ആ സമൂഹം പവിത്രവും

17.ഇശ്തിഹാർ ഹുജ്ജത്തുൽ ഇസ്‌ലാം. (ഇസ്‌ലാമിന്റെ ന്യായപൂർത്തിക്കുള്ള വിജ്ഞാപനം)

സ്വർഗീയവുമായ ജീവിതം പ്രാപിക്കാൻ പര്യാപ്തമാണെന്നു നമുക്ക് തീർച്ചയായും അനുമാനിക്കാൻ കഴിയും.*

അതുകൊണ്ടുതന്നെയാണ് ഈ പ്രശ്നത്തിനൊരു പരിഹാരമെന്നോണം ക്രിസ്ത്യാനികളെ അഭിമുഖീകരിച്ചുകൊണ്ട് ഒരു പ്രഖ്യാപനം ഞാൻ പുറപ്പെടുവിച്ചത്. അവർ സത്യത്തെ അന്വേഷിക്കുന്നവരാണെങ്കിൽ, ഇതിനെ അവർ ഗൗരവപൂർവ്വം പരിഗണിക്കുമായിരുന്നു. ഞാൻ ഇപ്പോഴും ആവർത്തിച്ചു പറയുന്നു, വിശ്വാസവും ജീവിതപരിശുദ്ധിയും ഉള്ളവരാണ് തങ്ങളെന്ന് അവകാശപ്പെടുന്നവരാണല്ലോ ക്രിസ്ത്യാനികളും മുസ്‌ലിംകളും. ഇതിൽ ഏതു മതത്തിനാണ് ദൈവീക ദൃഷ്ടിയിൽ യഥാർഥ വിശ്വാസവും ജീവിതപരിശുദ്ധിയും ഉള്ളതെന്നും, ഇതിൽ ഏതൊന്നിനാണ് സാത്താനിക പ്രേരണകൾ മാത്രമുള്ളതെന്നും ജീവിത വിശുദ്ധിയെ കുറിച്ചുള്ള ഏതിന്റെ അവകാശവാദമാണ് സത്യമായിട്ടുള്ളതെന്നും, ഏതിന്റേതാണ് ആത്മീയാന്ധകാരത്തിന്റെ ഫലമായുള്ള ജലഭ്രാന്തിമാത്രമെന്നും ഉള്ളതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം. എന്നെ സംബന്ധിച്ചിടത്തോളം, സ്വർഗ്ഗീയമായ സാക്ഷ്യങ്ങളുടെ പിന്തുണയുള്ളതും ദിവ്യമായ അംഗീകാരത്തിന്റെ അടയാളങ്ങൾ ഉൾക്കൊള്ളുന്നതുമായ മതം മാത്രമേ യഥാർഥവും സ്വീകാര്യവുമായ മതമാകുന്നുള്ളൂ. അപ്രകാരം തന്നെ സ്വർഗ്ഗീയാടയാളങ്ങൾ സാക്ഷ്യപ്പെടുത്തുമ്പോൾ മാത്രമേ ഒരാളുടെ ജീവിതം പരിശുദ്ധവും ഭയഭക്തിനിറഞ്ഞതുമാണെന്നു പറയാൻ കഴിയുകയുള്ളൂ.

## ഒരു ആഹ്വാനം

വെറും വാചാടോപങ്ങൾകൊണ്ട് ഈ പ്രശ്നം പരിഹരിക്കാമെങ്കിൽ എല്ലാ ഓരോ മതങ്ങളും തങ്ങളുടെ കൂട്ടത്തിൽ വലിയവലിയ വിശുദ്ധജീവിതത്തിനുടമകളായിട്ടുള്ള അനേകം ആളുകൾ കഴിഞ്ഞുകടന്നിട്ടുണ്ടെന്നും ഇപ്പോഴുമുണ്ടെന്നുമൊക്കെ അവകാശപ്പെടുകയെന്നതാവും ഫലം! അവരുടെ ചില അതിമാനുഷികമായ ചേഷ്ടകളെകുറിച്ചുപോലും അവ നമുക്ക്പറഞ്ഞുതന്നെന്നും വരും! അവരുടെയൊക്കെ ആന്തരീക സത്യത തെളിയിക്കുകയെ

*ഇക്കാര്യത്തിൽ ഭൂതകാല സംഭവങ്ങൾ എടുത്തുപറയുന്നത് അർത്ഥശൂന്യമാണ്. ഇക്കാലത്തുള്ള സംഭവങ്ങളാണ് മുന്നോട്ട്വെക്കേണ്ടത് - (ഗ്രന്ഥകർത്താവ്)

ന്നതാകട്ടെ എപ്പോഴും തന്നെ ദുഷ്കരമായിരിക്കും.

യഥാർഥ സത്യവിശ്വാസത്തിലും ജീവിത പരിശുദ്ധിയിലും എത്തിച്ചേരാൻ പാപപരിഹാര സിദ്ധാന്തം തങ്ങളെ സഹായിക്കുന്നുണ്ടെന്ന് ക്രിസ്ത്യാനികൾ സത്യമായും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവർ എന്നോടു മത്സരിക്കാൻ മുന്നോട്ട് വരട്ടെ! അങ്ങനെ ആരുടെ പ്രാർഥനകളാണ് സ്വീകരിക്കപ്പെടുന്നതെന്നും ആർക്കാണ് സ്വർഗീയമായ ദൃഷ്ടാന്തങ്ങൾ കാണിക്കാനാവുന്നതെന്നും അറിയുന്നതിനുവേണ്ടി അവർ മുമ്പോട്ട് വന്നാലും!! അവരുടെ ജീവിതം വിശുദ്ധപൂർണ്ണമാണെന്നു സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങൾ സാക്ഷ്യം വഹിക്കുന്നുവെങ്കിൽ ഏതുതരത്തിലുള്ള ശിക്ഷയും ഏതുതരം അപമാനവും ഏറ്റുവാങ്ങാൻ ഞാൻ തയ്യാറാണ്.

എന്നാൽ വളരെ ശക്തിപൂർവ്വം തന്നെ ഞാൻ പ്രഖ്യാപിക്കുന്നു, ആത്മീയാർഥത്തിൽ ക്രിസ്ത്യാനികൾ തികച്ചും അവിശുദ്ധമായ ജീവിതമാണ് നയിക്കുന്നത്. ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനായ ദൈവം അവരുടെ വിശ്വാസത്തെ വീക്ഷിക്കുന്നത്, ചീഞ്ഞുനാറിയ ശവം കാണുമ്പോൾ നമുക്കുണ്ടാവുന്ന അതേ വെറുപ്പോടും അവജ്ഞയോടും കൂടിയാണ്. ഞാനിപ്പറയുന്നത് കളവാണെന്നും ദൈവം ഇതിനെ പിന്തുണക്കുന്നില്ലെന്നും നിങ്ങൾ കരുതുന്നുവെങ്കിൽ, വരുവിൻ സൗഹൃദാന്തരീക്ഷത്തിൽ തന്നെ ഞാനുമായി കാര്യം തീർപ്പാക്കുകയും ചെയ്യുവിൻ! എന്നാൽ ഞാൻ ആവർത്തിച്ചു പറയുന്നു, സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതും ഹൃദയങ്ങളെ പ്രബുദ്ധീകരിക്കുന്നതുമായ ആ യഥാർഥ ജീവിതവിശുദ്ധി ക്രിസ്ത്യാനികൾക്കിടയിൽ ഇല്ല. പ്രകൃതിദത്തമായി സാത്വികസ്വഭാവമുള്ളവർ മാത്രമേ അവരുടെ കൂട്ടത്തിലുള്ളു. അത്തരക്കാരാകട്ടെ എല്ലാ ജനവിഭാഗങ്ങളിലും നമുക്ക് കാണാൻ കഴിയുന്നതാണ്.

പക്ഷെ ഇപ്പോൾ ഇതിനെക്കുറിച്ചല്ല എനിയ്ക്ക് പറയാനുള്ളത്. മാന്യന്മാരും സൽപ്രകൃതരുമായ ആളുകൾ എല്ലാ സമുദായങ്ങളിലും, തോട്ടികളെന്നും ചമാറുകളെന്നും[18] വിളിക്കപ്പെടുന്ന

18. ചമാറുകൾ ഹിന്ദുവർണ്ണാശ്രമത്തിനുപുറത്തുള്ള ഒരുവിഭാഗം പട്ടിക ജാതിക്കാരാണ്. പ്രധാനമായും പഞ്ചാബിലും ഉത്തർപ്രദേശിലും ഇവർ കാണപ്പെടുന്നു. - വിവ

ഏറ്റവും താഴ്ന്ന ജാതികളെന്നു പറയപ്പെടുന്നവരിൽപോലും കാണപ്പെടുന്നുണ്ട്. എനിയ്ക്ക് പറയാനുള്ളത്, ദൈവത്തിന്റെ ജീവത്തായ വചനം മുഖേന ആർജ്ജിക്കാൻ കഴിയുന്നതും സ്വർഗ്ഗലോകത്തു നിന്നിറങ്ങി വരുന്നതും ഉപരിലോകത്തുനിന്നുള്ള ദൃഷ്ടാന്തങ്ങളാൽ വേർതിരിഞ്ഞു കാണപ്പെടുന്നതുമായ പരിപാപവനവും സ്വർഗീയവുമായ ജീവിതത്തെക്കുറിച്ചാണ്. അത്തരത്തിലുള്ള പരിശുദ്ധ ജീവിതം ക്രിസ്ത്യാനികൾക്കിടയിൽ കാണപ്പെടുന്നില്ലെന്നിരിക്കെ, അവരുടെ 'ശപ്തബലി' എങ്ങനെയാണ് അവർക്ക് പ്രയോജനം ചെയ്യുന്നതെന്നു ദയവായി ആരെങ്കിലും ഒന്നു പറഞ്ഞുതരുമോ?

## ഇസ്ലാമിന്റെ പാപപരിഹാര മാർഗ്ഗം

ഏതായാലും കൃസ്ത്യാനികൾ യേശുവിന്റെ മേൽ ആരോപിക്കുന്ന മോക്ഷത്തിന്റെ വഴികളെ കുറിച്ച് വിശദമായിത്തന്നെ നാം ചർച്ച ചെയ്തു കഴിഞ്ഞു. ഇനി മനുഷ്യ വംശത്തിന്റെ മാക്ഷത്തിനും പരിശുദ്ധിക്കുമായി, നമ്മുടെ നബി (ശ) തിരുമേനിയുടെ ദൗത്യത്തിൽ ഇതേ രീതിയിലുള്ള വല്ല 'ശപ്തസ്നേഹമോ' 'ശപ്തബലിയോ' മുന്നോട്ടുവെക്കപ്പെടുന്നുണ്ടോ എന്നും അതോ ഈ ഉദ്ദേശ്യാർത്ഥം അത് മറ്റുവല്ല വഴികളുമാണോ അവതരിപ്പിക്കുന്നത് എന്നുമുള്ള ചോദ്യത്തിലേയ്ക്ക് നമുക്ക് തിരിച്ചുവരാം.

ഇതിനുള്ള മറുപടി, ഇസ്ലാം ഇത്തരം അവിശുദ്ധമായ മോക്ഷപ്രാപ്തി മാർഗ്ഗങ്ങളിൽ നിന്നെല്ലാം വിമുക്തമാണെന്നുള്ളതാണ്. ഏതെങ്കിലുംശപ്തബലിയോ ശപ്തസ്നേഹമോ അത് മുന്നോട്ടുവെക്കുന്നില്ല. മറിച്ച് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. യഥാർഥ പരിശുദ്ധിയാർജ്ജിക്കാനായി നാം ആത്മാർത്ഥതയുടെ വെള്ളംകൊണ്ട് പവിത്രീകരിക്കപ്പെട്ടതും ആത്മാർപ്പണത്തിന്റെയും സഹനത്തിന്റെയും അഗ്നിയാൽ നിർമ്മലമാക്കപ്പെട്ടതുമായ തങ്ങളുടെ സ്വന്തം ആത്മാക്കളെത്തന്നെ ഇതിന്നായി വിശുദ്ധബലി നൽകണമെന്നാണ്. ഉദാഹരണത്തിന് ദൈവം പറയുന്നു:

بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ
عِندَ رَبِّهِ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

"ഏതൊരാൾ തന്റെ ആത്മാവിനെ ദൈവത്തിനായി സമർപ്പിക്കുകയും തന്റെ ജീവിതം ദൈവമാർഗ്ഗത്തിൽ ബലിയർപ്പിക്കുകയും നന്മ ചെയ്യുന്നതിൽ അങ്ങേയറ്റം ഉത്സുകനാവുകയും ചെയ്യുന്നുവോ, അയാൾ ദൈവസാമീപ്യത്തിന്റെ ഉറവയിൽ നിന്നു തന്റെ പ്രതിഫലം നേടുന്നതാണ്. അവർക്ക് ഭയമോ ദുഃഖമോ ഉണ്ടാവുന്നതുമല്ല."

എന്നുപറഞ്ഞാൽ, ഏതൊരു വ്യക്തി തന്റെ എല്ലാ കഴിവുകളും ദൈവമാർഗ്ഗത്തിൽ വിനിയോഗിക്കുകയും തന്റെ വാക്കും പ്രവൃത്തിയും തന്റെ പരിശ്രമവും വിശ്രമവും എന്നുവേണ്ട ജീവിതമാകെതന്നെ ദൈവത്തിനായി സമർപ്പിക്കുകയും യഥാർഥമായ സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ ഉത്സുകനായിരിക്കുകയും ചെയ്യുന്നുവോ, അയാൾക്ക് ദൈവം അവന്റെ അടുക്കൽ നിന്നുതന്നെ പ്രതിഫലം നൽകുകയും ഭയത്തിൽ നിന്നും ദുഃഖത്തിൽ നിന്നും അയാൾക്ക് മോചനം നൽകുകയും ചെയ്യുന്നതാണ്.

## ഇസ്തിഖാമത്ത് അഥവാ സ്ഥിരനിഷ്ഠ

ഓർക്കുക, ഇവിടെ പരാമർശിച്ചിട്ടുള്ള ഇതേ 'ഇസ്ലാം' എന്ന പദത്തെ സൂചിപ്പിക്കാനാണ് വിശുദ്ധ ഖുർആനിൽ ദൈവം മറ്റു വാക്കിൽ 'ഇസ്തിഖാമത്ത്' അഥവാ സ്ഥിരനിഷ്ഠ എന്നും പറഞ്ഞിട്ടുള്ളത്. ഉദാഹരണമായി അവൻ നമുക്ക് ഇപ്രകാരമൊരു പ്രാർഥന പഠിപ്പിച്ചുതന്നിരിക്കുന്നു:

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ. صِرَاطَ الَّذِينَ
أَنْعَمْتَ عَلَيْهِمْ

അതായത്, "ഞങ്ങളെ ഇസ്തിഖാമത്തിന്റെ - സ്ഥിരനിഷ്ഠയുടെ മാർഗ്ഗത്തിൽ നിലനിറുത്തേണമേ. ആർക്കാണോ നിന്നിൽ

നിന്നുള്ള പ്രതിഫലങ്ങൾ നേടാനാവുകയും സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്തത്, അവരുടെ മാർഗ്ഗത്തിൽ തന്നെ."

ഏതൊരു വസ്തുവിന്റെയും 'ഇസ്തിഖാമത്തിന്റെ അവസ്ഥ അത് ഏതൊരു സൃഷ്ടിലക്ഷ്യത്തിനുവേണ്ടി നില കൊള്ളുന്നുവോ, അതിന്റെ വെളിച്ചത്തിലാണ് നാം മനസ്സി ലാക്കേണ്ടത്. മനുഷ്യനെ സംബന്ധിച്ചുള്ള സൃഷ്ടിലക്ഷ്യം അവൻ ദൈവത്തിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന തെന്നാണ്. അപ്പോൾ മനുഷ്യൻ പൂർണ്ണമായും ദൈവത്തിന് വിധേയമാവുന്നതിന് വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കെ, അവനെ സംബന്ധിച്ചിടത്തോളമുള്ള ഇസ്തിഖാമത്തിന്റെ അവസ്ഥ, ദൈവത്തിന്റേതു മാത്രമായി തീരുക എന്നുള്ളതാണ്. അങ്ങനെ മനുഷ്യൻ തന്റെ സകല കഴിവുകളും പൂർണ്ണമായും ദൈവത്തിനുവേണ്ടി മാത്രമായി അർപ്പണം ചെയ്യുമ്പോൾ ദൈവാനുഗ്രഹം അവനിൽ വർഷിക്കാൻ തുടങ്ങുന്നു. ഇതിനെ തന്നെയാണ് മറ്റുവാക്കിൽ പരിശുദ്ധ ജീവിതം എന്നു പറയുന്നത്. ഉദാഹരണമായി നാം സൂര്യന് അഭിമുഖമായി വാതിൽ തുറക്കുമ്പോൾ സൂര്യപ്രകാശം തീർച്ചയായും അക ത്തേക്കു പ്രവേശിക്കുന്നതായി നിങ്ങൾ കാണുന്നു. ഇപ്രകാ രം, ഒരു മനുഷ്യൻ പരിപൂർണ്ണമായ കീഴ്വണക്കത്തോടുകൂടി ദൈവത്തിലേക്കു തിരിയുകയും അയാൾക്കും ദൈവത്തിനു മിടയിൽ യാതൊരു മറയുമില്ലാതിരിക്കുകയും ചെയ്യുമ്പോൾ, സ്വർഗീയമായ ഒരു പ്രകാശപ്പൊലിമ ആ നിമിഷംതന്നെ അയാളിലേക്ക് ഇറങ്ങുകയും അയാളെ അത് ജാജ്വല്യമാന മാക്കുകയും അയാളുടെ ആന്തരീകമായ എല്ലാ അശുദ്ധികളും കഴുകിക്കളയുകയും ചെയ്യുന്നു. അങ്ങനെ അയാൾ ഒരു പുതിയ മനുഷ്യനായി തീരുകയും ഒരു വലിയ പരിവർത്തനം അയാളിൽ സംഭവിക്കുകയും ചെയ്യുന്നു. അപ്പോഴാണ് അയാൾക്ക് ഒരു പരിശുദ്ധ ജീവിതം സ്വായത്തമായതായി പറ യാനാവുന്നത്. ഈ പരിശുദ്ധ ജീവിതം സ്വായത്തമാകാനുള്ള സ്ഥാനം ഈ ലോകമാകുന്നു. ഇതിനെ കുറിച്ചുതന്നെയാണ് സർവ്വശക്തനായ ദൈവം ഈ വചനത്തിൽ പരാമർശിക്കു ന്നത്:

وَمَن كَانَ فِي هَٰذِهِۦٓ أَعۡمَىٰ فَهُوَ فِي ٱلۡأٓخِرَةِ أَعۡمَىٰ وَأَضَلُّ سَبِيلٗا

അതായത് "ആരാണോ ഈ ലോകത്ത് അന്ധനായത്, ആർക്കാണോ ദൈവത്തെ കാണാനുള്ള പ്രകാശം കിട്ടാതിരുന്നത്, അവൻ പരലോകത്തും അന്ധനായിതന്നെയിരിക്കുന്നതാണ്."

## മോക്ഷമാർഗ്ഗം ദൈവാർപ്പണം

ചുരുക്കത്തിൽ ദൈവത്തെ കാണാനുള്ള ശക്തിസിദ്ധികൾ മനുഷ്യൻ ഈ ലോകത്തുനിന്നുതന്നെ കൊണ്ടുപോകേണ്ടതുണ്ട്. ആരാണോ ഈ ലോകത്തുവെച്ചുതന്നെ അവ സ്വായത്തമാക്കാതിരിക്കുകയും തന്റെ വിശ്വാസത്തെ കേവലമായ കഥാകഥനങ്ങളിൽ മാത്രം തളച്ചിടുകയും ചെയ്തത്, അവൻ നിത്യമായ അന്ധകാരത്തിൽ തന്നെ അവശേഷിക്കുന്നതാണ്. ദൈവം നമ്മെ പഠിപ്പിക്കുന്നത്, പരിശുദ്ധജീവിതവും മോക്ഷപദവും പ്രാപിക്കാൻ നാം പൂർണ്ണമായും അവന്റേതായി തീരണമെന്നും യഥാർഥമായ ആത്മാർപ്പണത്തോടെ അവന്റെ സന്നിധാനത്തിൽ പ്രണമിക്കണമെന്നുമാണ്. നമുക്ക് പീഢനമേറ്റാലും തുണ്ടുതുണ്ടാക്കപ്പെട്ടാലും, നാം ജീവനോടെ ദഹിപ്പിക്കപ്പെടുമെന്നുവന്നാൽ തന്നെയും സൃഷ്ടവസ്തുക്കളെ ദൈവമാക്കി പ്രഖ്യാപിക്കുകയെന്ന അപരാധത്തിൽ നിന്നു നാം അകന്നു നില്ക്കുകയും നമ്മുടെ രക്തംകൊണ്ട് അവന്റെ അസ്തിത്വത്തിന് നാം സാക്ഷ്യം നല്കുകയും ചെയ്യേണ്ടതാണ്. ഇക്കാരണത്താൽ തന്നെയാണ് ദൈവം നമ്മുടെ മതത്തിന് 'ഇസ്ലാം' എന്ന പേർ നൽകിയിരിക്കുന്നത്. ഇതിനർഥം അവന്റെ തിരുമുമ്പിൽ നമ്മുടെ ശിരസ്സ് സമർപ്പിക്കുകയെന്നുള്ളതാണ്.

പരിശുദ്ധിയും യഥാർഥ മോക്ഷവും പ്രാപിക്കാൻ വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന അതേ മാർഗ്ഗം തന്നെയാണ് ഭൗതിക ലോകത്തിന്റെ പ്രവർത്തനങ്ങളിൽ പ്രകൃതിനിയമവും സ്ഥിരീകരിച്ചിരിക്കുന്നത്. വേണ്ടത്ര പോഷകാഹാരക്കുറവുമൂലം ജന്തുക്കൾക്കും

സസ്യങ്ങൾക്കുമിടയിൽ ഉണ്ടാകുന്ന വിവിധരോഗങ്ങൾ ദിനേന നാം കാണുന്നതാണല്ലോ. പ്രകൃതിയിൽ ഇതിനുള്ള പ്രതിവിധി പോഷകാംശങ്ങളടങ്ങിയ ആഹാരങ്ങൾ ഉപയോഗിക്കുകയെന്നതും ഹാനികരമായവ ഉപേക്ഷിക്കുകയെന്നതും മാത്രമാണ്. ഉദാഹരണമായി വൃക്ഷങ്ങളിലേയ്ക്കു നോക്കുക. ആരോഗ്യത്തോടെ നിലനില്ക്കാൻ അവയ്ക്ക് പ്രകൃതിദത്തമായിതന്നെ രണ്ട് ഗുണങ്ങളാണുള്ളത്. ഒന്നാമത്തേത് അവയുടെ വേരുകൾ മണ്ണിലാഴ്ന്നിറങ്ങികൊണ്ടേ പോവുന്നുവെന്നതാണ്. അല്ലാത്തപക്ഷം അവയുടെ വേരുകൾ വേർപ്പെടുകയും നശിച്ചുപോവുകയുമാവും ഫലം. രണ്ടാമത്തേത്, വേരുകൾവഴി അവ മണ്ണിൽനിന്നു വെള്ളം വലിച്ചെടുത്തുകൊണ്ടാണ് പച്ചളിപ്പോടെ നിലനില്ക്കുന്നതെന്നുള്ളതാണ്. ഇതേനിയമം തന്നെയാണ് അനുഗ്രഹദാതാവായ ദൈവം മനുഷ്യന്റെ കാര്യത്തിലും ബാധകമാക്കിയിട്ടുള്ളത്. മനുഷ്യൻ ആത്മാർഥതയോടെയും സ്ഥിരോത്സാഹത്തോടെയും ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കുകയും 'ഇസ്തിഗ്ഫാറി' ന്റെ സഹായത്താൽ ദൈവത്തോടുള്ള സ്നേഹത്തിൽ വേരുകളുറപ്പിക്കുകയും അങ്ങനെ വാക്കിലും പ്രവൃത്തിയിലും പശ്ചാത്തപിച്ചും ദൈവത്തിന് കീഴ്വണങ്ങിയും അങ്ങേയറ്റം വിനയത്തോടെ തന്റെ രക്ഷിതാവിന്റെ ജീവജലം തന്നിലേയ്ക്ക് വലിച്ചെടുക്കുകയും പാപത്തിന്റെ വരൾച്ചയെ കഴുകിക്കളയാനും തന്റെ ബലഹീനതകളെ മറികടക്കാനും സാധ്യമാക്കുന്ന ആ സ്വർഗ്ഗീയ ജലം തന്നിലേക്കാകർഷിക്കുകയും ചെയ്യുമ്പോൾ മാത്രമേ അവന് യഥാർഥ വിജയം പ്രാപിക്കാൻ സാധിക്കുകയുള്ളൂ.

## ഇസ്തിഗ്ഫാർ എന്ന രക്ഷാർത്ഥന

വിശ്വാസത്തിന്റെ വേരുകളെ ശക്തിപ്പെടുത്തുന്ന 'ഇസ്തിഗ്ഫാറിനെ' വിശുദ്ധഖുർആനിൽ രണ്ടുതരത്തിലാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. ഒരു വ്യക്തി ദൈവത്തിൽ നിന്നു വേർപ്പെടുമ്പോഴുണ്ടാകുന്ന സന്നിഗ്ദാവസ്ഥയിൽ ചെയ്യപ്പെടുന്ന പാപത്തെ ദൈവവുമായുള്ള ബന്ധം വഴി തടയുകയും ദൈവത്തിൽ പൂർണ്ണമായും നിലീനനായി അവനിൽ നിന്നു സഹായം തേടുകയും ചെയ്യുക എന്നതാണ് 'ഇസ്തിഗ്ഫാർ' എന്നതുകൊണ്ട് ഒന്നാമതായി അർത്ഥമാക്കപ്പെടുന്നത്. ഇതു ദൈവവുമായി ഉറ്റബന്ധമുള്ളവർക്കു

മാത്രമുള്ളതാണ്. ദൈവത്തിൽ നിന്നു ഒരു നിമിഷമെങ്കിലും വേർപെടുകയെന്നത് തങ്ങളെ സംബന്ധിച്ചിടത്തോളം വിനാശകരമായിട്ടാണ് അവർ കരുതുന്നത്. ദൈവം തങ്ങളെ അവന്റെ സ്നേഹാശ്ലേഷകത്തിൽതന്നെ എപ്പോഴും നിലനിറുത്താൻവേണ്ടി അവർ ദൈവത്തോട് പാപപ്പൊറുതി തേടിക്കൊണ്ടിരിക്കുന്നു. 'ഇസ്തിഗ്ഫാർ' കൊണ്ട് രണ്ടാമതായി അർത്ഥമാക്കുന്നത്, പാപത്തിൽ നിന്നു മോചനം തേടിക്കൊണ്ട് ദൈവത്തിലേക്ക് ഓടിപ്പോവുകയെന്നതും വൃക്ഷം മണ്ണിൽ ആഴ്ന്നിറങ്ങി നില്ക്കുന്നതുപോലെ, ഹൃദയത്തെ ദൈവസ്നേഹത്തിൽ നിമജ്ജനം ചെയ്യുകയും അങ്ങനെ പരിശുദ്ധ ജീവിതം സ്വായത്തമാക്കിക്കൊണ്ട് പാപത്തിന്റെ വരൾച്ചയിൽനിന്നും ജീർണ്ണതയിൽനിന്നും രക്ഷപ്പെടുകയും ചെയ്യുക എന്നുള്ളതാണ്.

ഈ രണ്ടു അവസ്ഥകളേയും 'ഇസ്തിഗ്ഫാർ' എന്നാണ് പറയപ്പെടുന്നത്. എന്തെന്നാൽ മൂടുക, അടയ്ക്കുക എന്നർത്ഥം വരുന്ന 'ഗഫറ' എന്നതിൽ നിന്നാണ് 'ഇസ്തിഗ്ഫാർ' എന്ന പദം നിഷ്പദിച്ചിട്ടുള്ളത്. അപ്പോൾ 'ഇസ്തിഗ്ഫാർ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ദൈവം അവനോടുള്ള സ്നേഹത്തിൽ സ്വയം നിലീനനായിട്ടുള്ള ആളുടെ പാപത്തെ അവഗണിക്കുകയും അയാളുടെ മാനുഷീകമായ ബലഹീനത വെളിപ്പെടാൻ അനുവദിക്കാതിരിക്കുകയും, പകരം തന്റെ ദിവ്യത്വത്തിന്റെ മേലങ്കികൊണ്ട് അയാളെ പൊതിയുകയും തന്റെ പരിശുദ്ധിയുടെ ഒരു പങ്ക് അയാൾക്ക് പ്രദാനം ചെയ്യുകയും ചെയ്യട്ടെ എന്നാണ്. അല്ലെങ്കിൽ പാപകർമ്മം കാരണമായി വെളിപ്പെടുന്ന വേരിനെ ദൈവം മറയിടുകയും അതുവഴിയുണ്ടാകുന്ന ദുഷ്ഫലങ്ങളിൽ നിന്നു അതിനെ സംരക്ഷിക്കുകയും ചെയ്യട്ടെ എന്നാണ്. ദൈവം ഔദാര്യത്തിന്റെ ഉറവിടം ആയതുകൊണ്ട് അവന്റെ പ്രകാശം എല്ലാ അന്ധകാരത്തെയും നീക്കുന്നതിന് സദാ തയ്യാറായിരിക്കുകയാണ്.

അതിനാൽ പരിശുദ്ധ ജീവിതം നേടിയെടുക്കാനുള്ള ശരിയായ മാർഗ്ഗം ഈ ഭയാനകമായ അവസ്ഥയിൽ നിന്നു അഭയം പ്രാപിക്കാനായി നാം നമ്മുടെ ഇരു കൈകളും ഈ പാവനമായ ഉറവിടത്തിലേയ്ക്ക് നീട്ടുക എന്നുള്ളതാണ്. അങ്ങനെ ആ നീരുറവ അതിശക്തമായി നമ്മുടെ അടുത്തേയ്ക്ക് ഒഴുകിവന്ന് നമ്മുടെ എല്ലാ

അശുദ്ധികളേയും കഴുകിക്കളയാൻ വേണ്ടിത്തന്നെ. ദൈവത്തെ തൃപ്തിപ്പെടുത്തുന്നതിന് നാം അവന്റെ വഴിയിൽ യഥാർഥത്തിലുള്ള ഒരു മരണത്തെ ആശ്ലേഷിച്ചുകൊണ്ട് സ്വയം നമ്മെതന്നെ അവന്റെ തിരുമുമ്പിൽ സമർപ്പിക്കുന്നതിലും വലിയ ത്യാഗം മറ്റൊന്നില്ല. ഈ ത്യാഗത്തെക്കുറിച്ചുതന്നെയാണ് ദൈവം നമ്മെ ഇപ്രകാരം ഉണർത്തുന്നത്:

لَن تَنَالُوا الْبِرَّ حَتَّىٰ تُنفِقُوا مِمَّا تُحِبُّونَ (3: 93)

അതായത് "നിങ്ങളുടെ എല്ലാ പ്രിയപ്പെട്ട വസ്തുക്കളും ദൈവമാർഗ്ഗത്തിൽ വിനിയോഗിക്കാത്ത കാലത്തോളം യഥാർഥമായ നൻമ നിങ്ങൾക്കൊരിക്കലും പ്രാപിക്കാൻ സാധ്യമല്ല." വിശുദ്ധഖുർആൻ നമ്മെ വഴികാണിക്കുന്നത് ഈ മാർഗ്ഗത്തിലേക്കാകുന്നു. തീർച്ചയായും ഇതുതന്നെയാണ് സ്വർഗീയ ദൃഷ്ടാന്തങ്ങളും ഉദ്ഘോഷിക്കുന്നത്. യുക്തിയും ഇതിലേയ്ക്കുതന്നെയാണ് സാക്ഷ്യം നല്കുന്നത്.

## യേശുവിന്റെ വഴി

പൂർണ്ണമായ സാക്ഷ്യങ്ങൾകൊണ്ട് തെളിയിക്കപ്പെട്ട ഒരു സംഗതിയെ യാതൊരു സാക്ഷ്യവുമില്ലാത്ത സംഗതിയുമായി താരതമ്യപ്പെടുത്തിക്കൂടാത്തതാണ്. വിശുദ്ധഖുർആനിലടങ്ങിയ അതേ പാഠങ്ങൾക്കനുസരിച്ചുതന്നെയായിരുന്നു നസ്രേത്തുകാരനായ യേശുവും പ്രവർത്തിച്ചത്. അങ്ങനെയായിരുന്നു ദൈവത്തിൽ നിന്നുള്ള അനുഗ്രഹ പാരിതോഷികം അദ്ദേഹം നേടിയെടുത്തത്. പാവനമായ ഈ അധ്യാപനത്തെ മാർഗ്ഗദർശകമാക്കുന്ന എല്ലാ ഓരോ ആളും ഇപ്രകാരം യേശുവിനെപ്പോലെയായിത്തീരുന്നതാണ്. ഈ തിരുവെഴുത്തിന് മിശീഹായെപ്പോലെ ആയിരക്കണക്കിനു പേരെ സൃഷ്ടിക്കാനുള്ള കെല്പുണ്ടെന്നു മാത്രമല്ല, ലക്ഷക്കണക്കിനു ആളുകളെ ഇതിനകം അപ്രകാരമാക്കിയിട്ടുണ്ടുതാനും.

നിസ്സഹായനായ ഒരു എളിയ മനുഷ്യനെ ദൈവമാക്കി സ്വീകരിച്ചതുവഴി എന്ത് ആത്മീയനേട്ടമാണ് തങ്ങൾക്കുണ്ടായിട്ടുള്ളതെന്ന് നാം വളരെ വിനയപൂർവം ബഹുമാന്യരായ ക്രിസ്തീയപാതിരിമാരോട് ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ ആ നേട്ടം നമുക്ക് തെളിയിച്ചുതരുമെങ്കിൽ തീർച്ചയായും അതിനെ ആശ്ലേഷിക്കാൻ നാമും

തയ്യാറാണ്. എന്നാൽ അങ്ങനെ നിങ്ങൾക്കാവുന്നില്ലെങ്കിൽ, അല്ലയോ ഭാഗ്യംകെട്ട സൃഷ്ടിപൂജകരെ, വരുവിൻ ഇക്കാര്യത്തിൽ നമ്മുടെ നേട്ടങ്ങൾ കണ്ടറിയുകയും മുസ്‌ലിം ആയിതീരുകയും ചെയ്യുവിൻ! ഏതൊരാളുടെ പരിശുദ്ധജീവിതത്തിനും പരിശുദ്ധ ജ്ഞാനത്തിനും ദൈവത്തോടുള്ള പരിശുദ്ധ സ്നേഹത്തിനും സ്വർഗീയമായ സാക്ഷ്യമുണ്ടോ അദ്ദേഹം സത്യവാനാണെന്നും, എന്നാൽ ഏതൊരാളുടെ കൈയിൽ വെറും കഥകളും മിത്തുകളു മല്ലാതെ മറ്റൊന്നുമില്ലയോ, അയാൾ അഴുക്കിൽ വീണുകിടക്കുന്ന അധമനും ഭാഗ്യംകെട്ട നുണയനുമാണെന്നും പറയുന്നത് അന്യാ യമാണോ?

## രണ്ടാമത്തെ ചോദ്യം

*ഇസ്‌ലാമിന്റെ ഉദ്ദേശ്യം മനുഷ്യവംശത്തെ തൗഹീദിലേയ്ക്ക്- ഏകദൈവത്വം - നയിക്കുകയെന്നതാണെങ്കിൽ യഹൂദന്മാരുടെ വെളിപാടുഗ്രന്ഥങ്ങൾ ദൈവത്തിന്റെ ഏകത്വം മാത്രം പ്രബോധി ക്കുന്നതായിട്ടും എന്തിനാണ് ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ അവരുമായി ജിഹാദിലേർപ്പെട്ടത്? എന്തുകൊണ്ടാണ് യഹൂദികളും അതുപോലെതന്നെ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്ന മറ്റുള്ളവരുമെല്ലാം മോക്ഷം നേടാൻ മുസ്‌ലിമായി മാറുകയെന്നത് അനുപേക്ഷണീയമായി ഇപ്പോഴും കരുതുന്നത്?*

നമ്മുടെ നബി(സ) തിരുമേനിയുടെ കാലത്ത് യഹൂദന്മാർ തൗറാത്തിന്റെ മാർഗ്ഗദർശനങ്ങളിൽ നിന്ന് ബഹുദൂരം അകന്നവ രായിരുന്നുവെന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. അവരുടെ വേദഗ്രന്ഥ ങ്ങളിൽ ഏകദൈവവിശ്വാസം ഉണ്ടായിരുന്നുവെന്നത് നേരാണെ ങ്കിലും തൗഹീദിൽനിന്ന് എന്തെങ്കിലും പ്രയോജനമെടുക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. എന്തിനുവേണ്ടിയാണോ മനുഷ്യൻ സൃഷ്ടിക്കപ്പെടുകയും ഗ്രന്ഥങ്ങൾ ഇറക്കപ്പെടുകയും ചെയ്തിട്ടു ള്ളത് ആ ആത്യന്തികലക്ഷ്യംതന്നെ അവർ മറന്നുകളഞ്ഞിരുന്നു. ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വാസമർപ്പിച്ചും അവന്റെ ഏക ത്വത്തെ അംഗീകരിച്ചും ആ പരിപൂർണ്ണനും അനുഗ്രഹമുടയവനു മായ രക്ഷിതാവിൽ അനുസരണം പുലർത്തിയും അവന്റെ

സംതൃപ്തി കാംക്ഷിക്കുകയും അവന്റെ സ്നേഹത്തിൽ മുച്ചൂടും ലയിക്കുകയും ചെയ്യുക എന്നുള്ളതാണ് തൗഹീദ് എന്നതുകൊണ്ട് യഥാർഥത്തിൽ അർഥമാക്കപ്പെടുന്നത്. പ്രവൃത്തിപഥത്തിൽ ഈ തൗഹീദ് അവരിൽ അശ്ശേഷം ഇല്ലായിരുന്നു. അവരുടെ ഹൃദയങ്ങളിൽ നിന്നു ദൈവത്തിന്റെ മഹത്വവും പ്രതാപവും അസ്തമിച്ചിരുന്നു. അവർ നാവ്കൊണ്ട് ദൈവം, ദൈവം എന്നുരുവിട്ടിരുന്നുവെന്നല്ലാതെ ഹൃദയത്തിൽ അവർ സാത്താനെയാണ് ആരാധിച്ചിരുന്നത്. ലൗകികതയോടുള്ള പ്രേമത്തിലും കളവിലും വഞ്ചനയിലും എല്ലാ അതിരുകളും അവർ ലംഘിച്ചു. ദർവേശുമാർക്കും റബ്ബിമാർക്കും ആരാധന നടത്തുകയും അങ്ങേയറ്റം നാണംകെട്ടതും ലജ്ജാകരവുമായ പ്രവൃത്തികളിൽ മുഴുകുകയുമാണ് അവർ ചെയ്തുപോന്നത്. കപടനാട്യം അവരിൽ സർവ്വസാധാരണമാവുകയും വിശ്വാസവഞ്ചന വ്യാപകമായിതീരുകയും ചെയ്തിരുന്നു.

## ഏകദൈവാശയത്തിന്റെ യാഥാർഥ്യം

ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം എന്നത് നാവ്കൊണ്ട് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നു വെറുതെ ഉരുവിട്ടു കൊണ്ടിരിക്കുകയും ഹൃദയത്തിൽ ആയിരക്കണക്കിന് ബിംബങ്ങളെ കുടിയിരുത്തുകയും ചെയ്യുക എന്നതല്ല. ആരാണോ തന്റേതായ കർമ്മങ്ങളും ആസൂത്രണങ്ങളും ദൈവത്തിന്റേതിനോടെന്നപോലെ പ്രാധാന്യം കല്പിക്കുകയും, ദൈവത്തിനോടെന്നപോലെ മനുഷ്യനിൽ ആശ്രയം കൊള്ളുകയും ദൈവത്തിന് മാത്രം അർപ്പിക്കേണ്ട സ്തുതികീർത്തനങ്ങൾ തന്നിലർപ്പിക്കുകയും ചെയ്യുന്നത്, അവൻ ദൈവത്തിന്റെ ദൃഷ്ടിയിൽ തികഞ്ഞ ബിംബാരാധകനാകുന്നു. സ്വർണ്ണമോ വെള്ളിയോ ഓടോ കല്ലോ മറ്റോ കൊണ്ട് ഉണ്ടാക്കി ജനങ്ങൾ വിശ്വാസമർപ്പിക്കുന്നവ മാത്രമല്ല ബിംബം എന്നുള്ളത്. മറിച്ച് ദൈവത്തിനുമാത്രം അവകാശപ്പെട്ട പ്രാമുഖ്യം ഏതൊന്നിന് നല്കുന്നുവോ ആ ഓരോ വസ്തുവും ഓരോ വാക്കും ഓരോ പ്രവൃത്തിയും ദൈവദൃഷ്ടിയിൽ ബിംബമാകുന്നു. ബിംബാരാധനയെ കുറിച്ചുള്ള ഈ ഉദാത്തമായ നിർവചനം തൗറാത്തിൽ ഉള്ളടങ്ങിയിട്ടില്ലെന്നതാണ് നേര്.

എന്നാൽ വിശുദ്ധഖുർആനിലാകട്ടെ, ഇതിനെ കുറിച്ചുള്ള വിശദാംശങ്ങൾകൊണ്ട് നിറഞ്ഞുകിടക്കുന്നു. അപ്പോൾ ഒരു

പകർച്ചവ്യാധിപ്പോലെ പടർന്നുപിടിച്ചിട്ടുള്ള ബിംബാരാധനയെ ജനഹൃദയങ്ങളിൽ നിന്നും നീക്കം ചെയ്യുക എന്നതുതന്നെയാണ് ദൈവം ഖുർആനെ ഇറക്കിയിട്ടുള്ളതിന്റെ ഒരുദ്ദേശ്യം. ഈ ബിംബാരാധനയായിരുന്നു യഹൂദികളെ ഗ്രസിച്ചത്. തോറായെ സംബന്ധിച്ചിടത്തോളം അതിൽനിന്ന് അവരെ മോചിപ്പിക്കാൻ കഴിയുമായിരുന്നില്ല. ബിംബാരാധനയെക്കുറിച്ചുള്ള പാഠങ്ങളൊന്നും അതിലുണ്ടായിരുന്നില്ല എന്നതുതന്നെയാണ് അതിന് കാരണം. മാത്രമല്ല ജൂത ജനതയെയാകെ ഗ്രസിച്ചിരിക്കുന്ന ഈ രോഗം ഒരു പരിപൂർണ്ണ മനുഷ്യനിലൂടെ വെളിപ്പെടുന്ന തൗഹീദിന്റെ - ഏകദൈവതത്വത്തിന്റെ - പാവനവും ജീവത്തായതുമായ ഒരു മാതൃകയെ ആവശ്യപ്പെടുകയുമായിരിന്നു.

## തൗഹീദിന്റെ മൂന്നു വശങ്ങൾ

ഓർക്കുക, ദൈവം നാം ഏറ്റുപറയാനാഗ്രഹിക്കുന്നതും സത്യമായ മോക്ഷവുമായി ബന്ധപ്പെട്ടിരിക്കുന്നതുമായ ആ യഥാർഥ തൗഹീദ് അഥവാ ഏകദൈവവിശ്വാസം ഇതാണ്: ദൈവം അവന്റെ ഉൺമയിൽ യാതൊരു പങ്കാളിയും ഇല്ലാത്തവനാണെന്നു വിശ്വസിക്കുകയും യാതൊരു ശക്തിയെയും, അത് ബിംബമോ മനുഷ്യനോ സൂര്യനോ ചന്ദ്രനോ നമ്മുടെ തന്നെ വ്യക്തിത്വമോ നമ്മുടെ ആസൂത്രണങ്ങളും തന്ത്രങ്ങളുമോ എന്തുതന്നെയായാലും, അവനു സമാനമായി നിരൂപിക്കാതിരിക്കുകയും, യാതൊരു ഉപജീവനദാതാവിനും വിധേയനാവാതിരിക്കുകയും യാതൊരു ബഹുമതിയെയും അവമതിയെയും ഗൗനിക്കാതിരിക്കുകയും യാതൊരു സഹായിയെയും പിന്തുണയെയും പുണരാതിരിക്കുകയും ചെയ്യുക എന്നുള്ളതാണത്.

അതോടൊപ്പം തന്നെ നമ്മുടെ എല്ലാ സ്നേഹവും എല്ലാ ആരാധനയും എല്ലാ അർത്ഥനയും എല്ലാ പ്രതീക്ഷയും എല്ലാ ഭയപ്പാടും അവനുമാത്രമായി പ്രത്യേകപ്പെടുത്തുക എന്നുള്ളതുമാണ്. അങ്ങനെ തൗഹീദ് - ഏകദൈവവിശ്വാസ - സങ്കൽപം മൂന്നു വശങ്ങളിലൂടെയല്ലാതെ പൂർണ്ണമാകുന്നതല്ല.

ഒന്നാമത്തേത്, ദൈവികസത്തയെ അടിസ്ഥാനമാക്കിയുള്ളത്. അവനെ കൂടാതെയുള്ളതെല്ലാം ഉൺമയില്ലാത്തതും നശ്വരവും

ഫലശൂന്യവുമാണെന്നു കരുതുകയെന്നതാണത്.

രണ്ടാമത്തേത്, ദൈവികഗുണങ്ങളെ അടിസ്ഥാനമാക്കിയുള്ളത്. സർവ്വശക്തന്റെ സത്തയിലല്ലാതെ രക്ഷാപരിപാലകത്വമോ (റുബൂബിയ്യത്ത്), ദിവ്യത്വമോ (ഉലൂഹിയത്ത്) ആയ ഗുണങ്ങൾ മറ്റൊന്നിനുമില്ലെന്നും സൃഷ്ടവസ്തുക്കളിലുള്ളതായി കാണപ്പെടുന്നതെല്ലാം അവന്റെതന്നെ പ്രവർത്തനപദ്ധതിയുടെ ഒരു ഭാഗം മാത്രമാണെന്നും വിശ്വസിക്കുകയെന്നതാണത്.

മൂന്നാമത്തേത്, സ്നേഹവും ആത്മാർഥതയും ആത്മസമർപ്പണവും അടിസ്ഥാനമാക്കിയുള്ളത്. സ്നേഹത്തിലും കീഴ്വണക്കത്തിലും ദൈവത്തിന് യാതൊരു പങ്കാളിയെയും കല്പിക്കാതിരിക്കുകയും അവനിൽ പൂർണ്ണമായും ലയിക്കുകയും ചെയ്യുക എന്നുള്ളതാണത്. ഈ മൂന്നു വശങ്ങൾ ഉള്ളടങ്ങിയതും മോക്ഷത്തിന്റെ അടിസ്ഥാനമാക്കിയിട്ടുള്ളതുമായ ആ യഥാർഥ തൗഹീദ് യഹൂദജനതയ്ക്ക് നഷ്ടപ്പെട്ടുപോയിരുന്നു. ദൈവത്തിലുള്ള അവരുടെ വിശ്വാസം വെറും വായ്ത്താരികളിലാണെന്നും ഹൃദയാന്തരാളങ്ങളിൽ അവർക്കത് ഒട്ടുമുണ്ടായിരുന്നില്ലെന്നും അവരുടെ അത്യാചാരങ്ങൾ വ്യക്തമായും സാക്ഷ്യം വഹിക്കുകയാണ് ചെയ്തിരിക്കുന്നത്.

## സ്വർഗീയവും ഭൗമികവുമായ വരദാനങ്ങൾ

വിശുദ്ധഖുർആൻ ജൂതന്മാരെയും ക്രിസ്ത്യാനികളെയുമാണ് കുറ്റപ്പെടുത്തുന്നത്. തോറായുടെ അഥവാ തൗറാത്തിന്റെയും സുവിശേഷങ്ങളുടെ അഥവാ ഇഞ്ചീലിന്റെയും പാഠങ്ങൾ അവർ നടപ്പിലാക്കിയിരുന്നെങ്കിൽ, സ്വർഗീയമായ വരദാനങ്ങൾ മാത്രമല്ല, ഭൗതീകമായ വരദാനങ്ങളും അവർക്ക് ലഭിക്കുമായിരുന്നുവെന്ന് അത് പറയുന്നു. യഥാർഥ വിശ്വാസികളുടെ അടയാളങ്ങളായി പ്രദാനം ചെയ്യപ്പെടുന്ന അസാധാരണമായ അത്ഭുതാടയാളങ്ങളും, പ്രാർത്ഥനാ സ്വീകാര്യതയും, ദർശനങ്ങളും വെളിപാടുകളുമടക്കമുള്ള സ്വർഗീയാനുഗ്രഹങ്ങളോടൊപ്പം ലൗകീകമായ അനുഗ്രഹദാനങ്ങളും അവർക്ക് പ്രദാനം ചെയ്യപ്പെടുമായിരുന്നു. എന്നാൽ ഇപ്പോഴവർ സ്വർഗീയമായ അനുഗ്രഹദാനങ്ങളിൽ നിന്നു പൂർണ്ണമായും അകറ്റപ്പെട്ടിരിക്കുകയാണ്. അവർക്ക് ലഭ്യമായ ലൗകീകാ

നുഗ്രഹങ്ങളാകട്ടെ ദൈവത്തിലേക്ക് തിരിഞ്ഞതുവഴിയല്ല ലഭിച്ചത്, മറിച്ച് ഭൂമിയിലേക്ക് മുഖം തിരിച്ചതുകൊണ്ടാണ്താനും. അങ്ങനെ രണ്ടു വരദാനങ്ങളിൽ നിന്നും ഫലത്തിൽ അവർ ദൂരപ്പെടുകയാണുണ്ടായത്.

## ഇസ്‌ലാമിക യുദ്ധം

ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കുമെതിരിൽ ചെയ്യപ്പെട്ട യുദ്ധങ്ങളുടെയൊക്കെ തുടക്കം ഒരിക്കലും ഇസ്‌ലാമിന്റെ ഭാഗത്തുനിന്നു തുടക്കം കുറിക്കപ്പെട്ടവയായിരുന്നില്ലെന്നും ഇസ്‌ലാമിലേക്ക് ആളുകളെ പരിവർത്തനം ചെയ്യുന്നതിനുവേണ്ടിയായിരുന്നില്ലെന്നും വിശുദ്ധഖുർആനിൽ നിന്നു നമുക്ക് വ്യക്തമായി തെളിയുന്നുണ്ടെന്നുകൂടി ഓർക്കേണ്ടതാണ്. മറിച്ച് മുസ്‌ലിംകളെ മർദ്ദിച്ചും മർദ്ദകരെ സഹായിച്ചും ഇസ്‌ലാമിന്റെ ശത്രുക്കൾതന്നെയാണ് അതിനുള്ള സാഹചര്യം ഒരുക്കിയത്. അങ്ങനെ അതിനുള്ള സാഹചര്യങ്ങൾ അവർ തന്നെ സൃഷ്ടിച്ചിരിക്കെ ദൈവം ആ ജനവിഭാഗങ്ങൾക്ക് ശിക്ഷ ന്ലകാൻ ഇച്ഛിച്ചു. എന്നാൽ ഈ ശിക്ഷയിൽപോലും ദൈവം അവന്റെ കാരുണ്യാതിരേകത്താൽ ഇസ്‌ലാം സ്വീകരിക്കുകയോ 'ജിസിയ'* നൽകുകയോ ചെയ്യുന്നവരെ അതിൽനിന്നു ഒഴിവാക്കുന്നതാണെന്നൊരു ആനുകൂല്യം കൂടി നൽകി. ഈ ആനുകൂല്യമാകട്ടെ ദൈവീകമായ പ്രകൃതിനിയമത്തിനു അനുസൃതമായിട്ടായിരുന്നുതാനും. എന്തെന്നാൽ ദൈവത്തിൽ നിന്നുള്ള ശിക്ഷയെന്നോണം ഇറങ്ങുന്ന പകർച്ചവ്യാധി,ക്ഷാമം തുടങ്ങിയ വിപത്തുകളിൽ നിന്നു രക്ഷപ്പെടാൻവേണ്ടി മനുഷ്യമനസ്സാക്ഷി സ്വാഭാവികമായും പ്രാർഥനയിലേക്കും പശ്ചാത്താപത്തിലേക്കും രക്ഷായാചനയിലേക്കും ദാനധർമ്മങ്ങളിലേക്കും തിരിയാറാണ് പതിവ്. കാരുണ്യവാനായ ദൈവം ശിക്ഷയെ ദൂരീകരിക്കുന്നതിനുവേണ്ടി ഹൃദയങ്ങളിൽതന്നെ അത്തരത്തി

---

*ജിസിയ: ഇസ്‌ലാമിക നിയമമനുസരിച്ച് ഇസ്‌ലാമിക സ്റ്റേറ്റിലുള്ള അമുസ്‌ലിം വിഭാഗത്തിന് സാമൂഹ്യമായ സ്വയംഭരണം ഉറപ്പുവരുത്താൻ ഈടാക്കുന്ന പ്രതിശീർഷനികുതി ആണിത്. ഇതുമുഖേന അമുസ്‌ലിം വിഭാഗങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം മുസ്‌ലിംകൾക്ക് ബാധ്യതപ്പെട്ട നിർബന്ധ സക്കാത്ത് നികുതികളിൽനിന്നും മിലിട്ടറി സേവനങ്ങളിൽനിന്നും മുക്തമാക്കപ്പെടുകയും ചെയ്യുന്നു.-(വിവ.)

ലുള്ള അന്തഃപ്രേരണ സൃഷ്ടിക്കുന്നുവെന്നാണ് ഇതിൽനിന്നു വ്യക്തമാവുന്നത്. ഉദാഹരണമായി ദൈവം നിരവധി തവണ മോശെ യുടെ-മൂസാനബിയുടെ പ്രാർഥനകൾ സ്വീകരിച്ചുകൊണ്ട് ഇസ്രാ യീലികളെ അവന്റെ ശിക്ഷയിൽനിന്നു രക്ഷിക്കുകയുണ്ടായി.* ഇസ്‌ലാമിന്റെ കൊടിയ എതിരാളികളെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമികയുദ്ധങ്ങളും ഇത്തരത്തിലുള്ള ശിക്ഷയായിരുന്നു. ഇതോടൊപ്പം കാരുണ്യത്തിന്റെ കവാടവും അവർക്കായി തുറന്നു തന്നെ കിടന്നിരുന്നു. ഏകദൈവ വിശ്വാസം പരത്തുന്നതിനാണ് ഇസ്‌ലാം യുദ്ധങ്ങൾ നയിച്ചതെന്നു കരുതുന്നത് തെറ്റാണ്. ശിക്ഷാ പരമായ ഇത്തരം യുദ്ധങ്ങളെല്ലാംതന്നെ ചെയ്യേണ്ടിവന്നത് മറ്റു ജനവിഭാഗങ്ങൾ പീഢനങ്ങളിലേക്കും മർദ്ദനമുറകളിലേക്കും തിരി ഞ്ഞതുകൊണ്ടു മാത്രമായിരുന്നുവെന്ന് ഓർക്കേണ്ടതാണ്.

## യഹൂദരുടെ ആത്മീയ നിർഗതി

ഇനി നമുക്ക് മുമ്പിലുള്ളത് യഹൂദന്മാർക്ക് ഏകദൈവത്തി ലുള്ള വിശ്വാസം മുമ്പേ ഉണ്ടായിരുന്നെങ്കിൽ അവരെന്തിന് മുസ്‌ലീമായിതീരണം എന്നുള്ള പ്രശ്നമാണ്. യഹൂദന്മാരെ സംബ ന്ധിച്ചിടത്തോളം തൗഹീദ് അഥവാ ഏകദൈവ വിശ്വാസം അവ രുടെ ഹൃദയങ്ങളിൽ രൂഢമൂലമായിരുന്നില്ലെന്ന് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതാണ്. അവരുടെ ഗ്രന്ഥങ്ങളിൽ മാത്രമേ അത് കാണപ്പെട്ടിരുന്നുള്ളൂ. അതാകട്ടെ പേരിനുമാത്രമായിരുന്നുതാനും. അതിനാൽ തൗഹീദിന്റെ ജീവത്തായ ചൈതന്യം ആർജിക്കുക യെന്നത് അനിവാര്യമായിരുന്നു. ഏകദൈവവിശ്വാസത്തിന്റെ ജീവ ചൈതന്യം മനുഷ്യ ഹൃദയങ്ങളിൽ സ്ഥാപിക്കപ്പെടുമ്പോൾ മാത്രമേ മോക്ഷം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. യഹൂദജനത മൃതപ്രാ യരായികഴിഞ്ഞിരിന്നുവെന്നു മാത്രമല്ല എല്ലാ തരത്തിലുമുള്ള അനു സരണക്കേടുകളും ഹൃദയകാഠിന്യവും കാരണമായി ഏക ദൈവവിശ്വാസത്തിന്റെ ജീവചൈതന്യം അവർക്ക് വിനിഷ്ടമാ യിപ്പോവുകയും ചെയ്തിരുന്നു. ദൈവവുമായി അവർക്ക് യാതൊരു ബന്ധവും അവശേഷിച്ചിട്ടുണ്ടായിരുന്നില്ല. അവരുടെ തോറയാണെ ങ്കിൽ അപൂർണ്ണമായ പാഠങ്ങളും അതിന്റെ രൂപത്തിലും ഉള്ളടക്ക

*സംഖ്യാപുസ്തകം-11:2, ആവർത്തനപുസ്തകം-9:19, പുറപ്പാട് - 32:11-14, സങ്കീർത്തനങ്ങൾ-106:23

ത്തിലുമുള്ള പ്രക്ഷിപ്തങ്ങളും[19] കാരണമായി ഒരു തികവുറ്റ മാർഗ്ഗദർശനമെന്നോണം പരിഗണിക്കാൻ പര്യാപ്തമല്ലായിരുന്നു. അത്തരമൊരു അവസ്ഥയിലാണ് ദൈവം അവന്റെ ജീവൽ വചനമായ വിശുദ്ധ ഖുർആനെ ഒരു പുതുമഴപോലെ വർഷിക്കുകയും തങ്ങളുടെ എല്ലാ പിഴവുകളിൽ നിന്നും തെറ്റിദ്ധാരണകളിൽ നിന്നും മുക്തിനേടി യഥാർത്ഥമായ മോക്ഷം പ്രാപിക്കുന്നതിന് അവരെ ക്ഷണിക്കുകയും ചെയ്തത്.

അങ്ങനെ വിശുദ്ധ ഖുർആന്റെ വെളിപ്പെടലിനുലുള്ള ഉദ്ദേശ്യങ്ങളിൽ ആദ്യത്തേത്, ആത്മിയമായി മൃതപ്രായരായിക്കഴിഞ്ഞിരുന്ന ജൂതന്മാരെ ജീവത്തായ ഏകദൈവ വിശ്വാസം പഠിപ്പിക്കുകയെന്നതും, രണ്ടാമതായി അവരുടെ തെറ്റുകളെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുകയെന്നതും, മൂന്നാമതായി തൗറാത്തിൽ സൂചനാരൂപത്തിൽ മാത്രം പരാമർശിക്കപ്പെട്ടിട്ടുള്ള ശാരീരികമായ ഉയർത്തെഴുന്നേൽപ്പ്, ആത്മാവിന്റെ പുനരുജ്ജീവനം, സ്വർഗ്ഗനരഗങ്ങൾ തുടങ്ങിയ വിശ്വാസ സങ്കൽപ്പങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ രൂപത്തിൽ വിശദീകരിച്ചുകൊടുക്കുകയെന്നതുമായിരുന്നു.

## പരിപൂർണ്ണ മതത്തെകുറിച്ചുള്ള സുവാർത്ത

തൗറാത്തിലൂടെ വിതക്കപ്പെട്ട സത്യത്തിന്റെ വിത്ത് ഇഞ്ചീലിലൂടെ (സുവിശേഷങ്ങളിലൂടെ) വരാനിരിക്കുന്ന ഒരു സുവാർത്തയുടെ രൂപത്തിൽ മുളച്ചുതുടങ്ങുകയാണുണ്ടായതെന്നുള്ളതാണ് സത്യം.[20] ഹരിതാഭമായ ഒരു പാടത്തിലെ കൃഷി വരാനിരിക്കുന്ന നാളുകളിലെ സമൃദ്ധമായ ഫലഭൂയിഷ്ടതയെകുറിച്ചുള്ള പ്രതീക്ഷ നൽകുന്നതുപോലെ, ഇഞ്ചീലിൽ വരാനിരിക്കുന്ന ഒരു പരിപൂർണ്ണ ന്യായപ്രമാണത്തെയും ഒരു പരിപൂർണ്ണ മാർഗ്ഗദർശനത്തെയും കുറിച്ചുള്ള സുവാർത്തയുടെ രൂപത്തിൽ വന്നെത്തുകയാണുണ്ടായത്. അങ്ങനെ ആ വിത്ത് അവസാനം തികവാർന്ന അനുഗ്രഹമായിട്ടുള്ളതും തെറ്റും ശരിയും വേർതിരിച്ചു കാണിച്ചിട്ടുള്ളതും മതപരമായ അനുഗ്രഹദാനങ്ങളെ പരിപൂർണ്ണതയിലെത്തിച്ചിട്ടുള്ളതുമായ ഫുർഖാനിലൂടെ (ഖുർആനിലൂടെ) പരിപക്വത പ്രാപിക്കു

19. യിരമ്യാവു - 36:321

20.യോഹന്നാൻ-14:26, 16:7-13

കയും ചെയ്തു. ഇതു തന്നെയായിരുന്നു തൗറാത്തിൽ ദീർഘ ദർശനം ചെയ്യപ്പെട്ടത്. ഉദാഹരണമായി തോറായിൽ പറയുന്നു:

"യഹോവ സീനായിൽനിന്നു വന്നു. അവർക്കു സേയീരിൽ നിന്നു ഉദിച്ചു. പാറാൻ പർവതത്തിൽ നിന്നു വിളങ്ങി"[21]

## വിശുദ്ധഖുർആന്റെ ലക്ഷ്യം

വിശുദ്ധഖുർആൻ മാത്രമേ ശരീഅത്തിന്റെ അഥവാ ന്യായശാസ്ത്രത്തിന്റെ എല്ലാ ഓരോ വശങ്ങളെയും സമ്പൂർണ്ണമാക്കി കാണിച്ചിട്ടുള്ളുവെന്നത് വളരെ സ്പഷ്ടമായ കാര്യമാണ്. ശരീഅത്തിന് അഥവാ മതനിയമസംഹിതയ്ക്ക് ദൈവത്തിന്റെ അവകാശങ്ങളെന്നും (ഹുക്കൂക്കുല്ലാ...) മനുഷ്യന്റെ അവകാശങ്ങളെന്നും (ഹുക്കൂക്കുൽ ഇബാദ്) ഉള്ള രണ്ട് വശങ്ങളുണ്ട്. ആ രണ്ടുവശങ്ങളെയും തികവുറ്റതാക്കിയത് വിശുദ്ധഖുർആൻ മാത്രമാണ്. കിരാതന്മാരെ മനുഷ്യരാക്കി മാറ്റുകയും തുടർന്ന് മനുഷ്യരെ ധാർമ്മികജീവികളാക്കുകയും ധാർമ്മികജീവികളെ ദൈവീക മനുഷ്യരാക്കിത്തീർക്കുകയുമാണ് വിശുദ്ധഖുർആന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ തൗറാത്തിനെ നിരുദ്ധകണ്ഠമാക്കുന്ന തരത്തിലാണ് വിശുദ്ധഖുർആൻ അതിന്റെ ലക്ഷ്യം നിറവേറ്റിയത്.

മിശീഹായെ സംബന്ധിച്ച് ക്രിസ്ത്യാനികളും ജൂതന്മാരും തമ്മിലുള്ള തർക്കം പരിഹരിക്കുകയെന്നുള്ളതും വിശുദ്ധഖുർആന്റെ നിരവധി ലക്ഷ്യങ്ങളിലൊന്നായിരുന്നു. അങ്ങനെ വിശുദ്ധഖുർആൻ എല്ലാ തർക്കങ്ങൾക്കും പരിഹാരം കാണുകയും ചെയ്തു.

يَا عِيسَىٰ إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ

"അല്ലയോ ഈസാ, ഞാൻ നിന്നെ മരിപ്പിക്കുകയും പിന്നെ എന്നിലേയ്ക്ക് ഉയർത്തുകയും ചെയ്യും"-(3:56) എന്ന വിശുദ്ധഖുർആനിലെ വചനം ഇതിനൊരു ഉദാഹരണമാണ്. കുരിശിൽ കൊല്ലപ്പെട്ടിരിക്കെ, തൗറാത്തിന്റെ അഥവാ തോറയുടെ പാഠങ്ങളനുസരിച്ച് ശപിക്കപ്പെട്ടവനായി തീർന്ന ക്രിസ്ത്യാനികളുടെ പ്രവാ

21. ആവർത്തന പുസ്തകം-33:2 (പാറാൻ (ഫാറാൻ) എന്നത് മക്ക താഴ്വരയിലെ ഒരു മലയാണ്) വിവ.

ചകനായ മിശീഹാ ഒരിക്കലും ആകാശത്തേയ്ക്കു ഉയർത്തപ്പെട്ടിട്ടില്ലെന്നും അതുകൊണ്ടുതന്നെ അദ്ദേഹം കള്ളപ്രവാചകനായിരുന്നുവെന്നുമാണ് യഹൂദികൾ വിശ്വസിക്കുന്നത്. നേരെമറിച്ച് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതാകട്ടെ, തങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം ശപ്തനായതെന്നും പിന്നീട് ആ ശാപം നീക്കപ്പെടുകയും ആകാശത്തേക്കുയർത്തപ്പെടുകയും ദൈവം അദ്ദേഹത്തെ തന്റെ വലതുഭാഗത്ത് ഇരുത്തുകയുണ്ടായെന്നുമാണ്. എന്നാൽ ഈ സൂക്തം സമർത്ഥിക്കുന്നത് യേശു അദ്ദേഹത്തിന്റെ മരണത്തോടെതന്നെ ദൈവത്തിലേക്ക് ഉയർത്തപ്പെട്ടുവെന്നാണ്. അദ്ദേഹം യഹൂദന്മാർ കരുതുന്നതുപോലെ ആത്മീയോന്നതി പ്രാപിക്കുന്നതിന് ഒരു തടസ്സമായി തീരുന്നതരത്തിൽ എന്നെന്നേക്കുമായോ, ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെ ഏതാനും ദിവസങ്ങളിലേക്കു മാത്രമായോ ഒരിക്കലും ശപ്തനായി തീർന്നിട്ടില്ലെന്നും ഇതു സ്ഥാപിക്കുന്നു. മാത്രമല്ല, യേശുവിന്റെ (ദൈവത്തിലേക്കുള്ള) ആത്മീയമായ ഉയർച്ച തൗറാത്തിന്റെ പാഠങ്ങൾക്ക് കടകവിരുദ്ധമായ ഒന്നല്ലെന്നും ദൈവം ഈ വചനത്തിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നു. കാരണം തൗറാത്തിന്റെ പാഠമനുസരിച്ച് കുരിശിൽ യഥാർഥത്തിൽ കൊല്ലപ്പെടുന്നവനാരോ അവനാണ് അഭിശപ്തനാവുന്നതും ഉയർച്ച നിഷേധിക്കപ്പെട്ടവനായിതീരുന്നതും.

## കുരിശുമരണത്തിൽ നിന്നു രക്ഷപ്പെട്ട യേശു

മരണപ്പെടാത്ത വിധത്തിൽ കുരിശിൽ തറക്കപ്പെട്ടതുകൊണ്ടോ, അല്പം വേദന സഹിച്ചതുകൊണ്ടോ മാത്രം ആരും ശപ്തനാവുകയോ ആരുടേയും ആത്മീയോന്നതി തടസ്സപ്പെടുകയോ ചെയ്യുന്നില്ല. തൗറാത്തിന്റെ പാഠങ്ങളനുസരിച്ച് ക്രൂശിക്കുകയെന്നത് പാപികളെ കൊല്ലാനുള്ള ദിവ്യമായ മാർഗമായിരിക്കെ, ആരാണോ കുരിശിൽ കൊല്ലപ്പെടുന്നത് അവൻ ഒരു പാപിയുടെ മരണമാണ് വരിക്കുന്നത്.[22] എന്നാൽ മിശിഹാ കുരിശിൽ കൊല്ലപ്പെടുകയല്ല ചെയ്തത്. മറിച്ച് ദൈവം അദ്ദേഹത്തെ അതിൽ നിന്നു രക്ഷപ്പെടുത്തുകയാണുണ്ടായത്. തനിക്ക് യോനാപ്രവാചകനു[23] സമാനമായ അവസ്ഥയാണ് ഉണ്ടാവുകയെന്ന് അദ്ദേഹം പ്രവചിച്ചിരുന്നതാണ്.

22. ആവർത്തനപുസ്തകം - 21:23.

23. മത്തായി - 12:39-40 (വിവ)

അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരണപ്പെടാതിരുന്നതുപോലെതന്നെ യേശുവും കുരിശുമരണത്തിൽ നിന്നു രക്ഷപ്രാപിക്കുകയും 'ഏലീ ഏലീ ലമ്മാ സബക്താനീ' (എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?)[24] എന്നുള്ള അദ്ദേഹത്തിന്റെ രക്ഷായാചന സ്വീകരിക്കപ്പെടുകയും ചെയ്തു.[25] അദ്ദേഹം കൊല്ലപ്പെട്ടിരിന്നുവെങ്കിൽ തീർച്ചയായും പിലാത്തോസിനും ശിക്ഷയേൽക്കുമായിരുന്നു. എന്തെന്നാൽ ഒരു മാലാഖ വന്ന് പിലാത്തോസിന്റെ ഭാര്യയോട് പറഞ്ഞത്, യേശു കൊല്ലപ്പെട്ടാൽ നിങ്ങൾക്കും വലുതായ ദുരനുഭവമുണ്ടാവുമെന്നായിരുന്നു.[36] എന്നാൽ പിലാത്തോസിന് യാതൊരു ശിക്ഷയും വന്നെത്തുകയുണ്ടായില്ല.

യേശു മരണത്തിൽ നിന്നു രക്ഷപ്പെട്ടുവെന്നതിന് മറ്റൊരു തെളിവ് കുരിശിൽവച്ച് അദ്ദേഹത്തിന്റെ എല്ലുകളൊടിഞ്ഞിരുന്നില്ല എന്നതും[27] കുരിശിൽ നിന്നിറക്കിയ അവസരത്തിൽ മുറിവിൽ നിന്നു രക്തം[28] പുറത്തുവന്നിരുന്നു എന്നതുമായിരുന്നു. അതിനു ശേഷം അദ്ദേഹം തന്റെ മുറിവുകൾ ശിഷ്യന്മാർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു.[29] അദ്ദേഹം ഉയിർത്തെഴുന്നേൽപിക്കപ്പെട്ടിരുന്നെങ്കിൽ ഇതു സംഭവിക്കുമായിരിരുന്നില്ലെന്നത് വ്യക്തമാണ്. യേശു കുരിശിൽ വെച്ച് മരണപ്പെട്ടിരുന്നില്ലെന്നും അതുകൊണ്ടു തന്നെ ശപിക്കപ്പെട്ടവനായിരുന്നില്ലെന്നുമാണ് ഇതെല്ലാം തെളിയിക്കുന്നത്. പരിശുദ്ധമായ മൃത്യുവായിരുന്നു അദ്ദേഹം വരിച്ചത്.

يَا عِيسَىٰ إِنِّي مُتَوَفِّيكَ وَرَافِعُكَ إِلَيَّ "ഞാൻ നിന്നെ മരിപ്പിക്കുകയും എന്നിലേക്ക് ഉയർത്തുകയും ചെയ്യും" എന്ന വചനത്തിലടങ്ങിയ വാഗ്ദാനമനുസരിച്ച് ദൈവത്തിന്റെ മറ്റെല്ലാ പ്രവാചകന്മാരെയും പോലെതന്നെ അദ്ദേഹവും മരണത്തിന് ശേഷം ദൈവത്തിന്റെ സമീപത്തേയ്ക്ക് ഉയർത്തപ്പെടുകയാണുണ്ടായത്. അദ്ദേഹം കുരിശിൽ മരണപ്പെട്ടിരുന്നുവെങ്കിൽ അദ്ദേഹം പറഞ്ഞത് കളവാകുമായിരുന്നു. എന്തെന്നാൽ യോനായും അദ്ദേഹവും

---

24. മത്തായി -27:46 (വിവ), 25. എബ്രായർ - 5:7
26. മത്തായി -27:19 (വിവ)
27. യോഹന്നാൻ - 19:33; 28. യോഹന്നാൻ - 19:34,
29. ലൂക്കോ-24:39-40,യോഹന്നാൻ - 20:20,27

തമ്മിൽ അപ്പോൾ യാതൊരു സാദൃശ്യവും കാണുമായിരുന്നില്ല.

## വിശുദ്ധഖുർആന്റെ ആവശ്യകത

ഇങ്ങനെ ക്രിസ്ത്യാനികളും ജൂതന്മാരും തമ്മിൽ സുദീർഘമായി നിലനിന്നുപോന്ന ഒരു തർക്കത്തിനാണ് വിശുദ്ധഖുർആൻ ഒടുവിൽ പരിഹാരം കണ്ടെത്തുകയുണ്ടായത്. എന്നിട്ടും ക്രിസ്ത്യാനികൾ ചോദിക്കുന്നത്, വിശുദ്ധഖുർആൻ ഇറങ്ങിയതിന്റെ ആവശ്യമെന്തായിരുന്നുവെന്നാണ്! അല്ലയോ വിവരദോഷികളേ, ഹൃദയത്തിൽ ആന്ധ്യം ബാധിച്ചവരെ, തികവുറ്റ തൗഹീദ് അഥവാ ഏകദൈവവിശ്വാസം കൊണ്ടുവന്നത് വിശുദ്ധഖുർആനാകുന്നു! യുക്തിയെയും ദിവ്യവചനത്തെയും സമന്വയിപ്പിച്ച് കാണിച്ചതും ഖുർആനാകുന്നു! തൗഹീദിനെ പരിപൂർണ്ണതയിലെത്തിച്ചതും ഖുർആൻ തന്നെ! ഖുർആൻ ദൈവത്തിന്റെ ഏകത്വത്തേയും അവന്റെ സവിശേഷ ഗുണങ്ങളെയും അനിഷേധ്യമായ പ്രമാണങ്ങൾകൊണ്ട് സ്ഥാപിക്കുകയും ദൈവാസ്തിത്വത്തെ യുക്തിപരമായ തെളിവുകളാൽ മാത്രമല്ല ദിവ്യദർശനങ്ങളാലും സമർഥിക്കുകയും ചെയ്തു. മുമ്പ് കഥാകഥനങ്ങളുടെ രൂപത്തിൽ നിലനിന്ന മതവിശ്വാസത്തെ വൈജ്ഞാനികമായ രൂപത്തിൽ പ്രകാശിപ്പിക്കുകയും മതത്തിന്റെ ഓരോ വിശ്വാസസങ്കല്പത്തിനും യുക്തിയുടെ അടിത്തറ പണിയുകയും ചെയ്തിട്ടുള്ളത് ഖുർആനാകുന്നു. അത് മുമ്പ് അപൂർണ്ണതയിൽ കിടന്നിരുന്ന മതപരമായ ജ്ഞാനത്തിന്റെ പരമ്പരയെ പരിപൂർണ്ണതയിലെത്തിച്ചു. കുരിശുമരണത്തിന്റെ ശാപത്തിൽ നിന്നു യേശുവിനെ അതു കുറ്റവിമുക്തനാക്കുകയും സമുന്നതനും സത്യവാനുമായ പ്രവാചകനാണ് അദ്ദേഹമെന്നു സാക്ഷ്യം നൽകുകയും ചെയ്തു. എന്നിട്ടും, ഈ അനുഗ്രഹദാനങ്ങളെല്ലാമുണ്ടായിട്ടും ഖുർആന്റെ ആവശ്യകത തെളിയുന്നില്ലെന്നാണോ?

വിശുദ്ധഖുർആൻ അച്ഛസ്ഫടിക മുഗ്ധതയോടെ അതിന്റെ അനിവാര്യത സമർഥിക്കുന്നു എന്നു മനസ്സിലാക്കേണ്ടതാണ്. അതു പറയുന്നു: اِعْلَمُوا أَنَّ اللّٰهَ يُحْيِي الْأَرْضَ بَعْدَ مَوْتِهَا (57:18)

അതായത് "അറിഞ്ഞുകൊള്ളുക, ഭൂമി നിർജീവമായി കഴിഞ്ഞിരിക്കെ, ദൈവം ഇപ്പോൾ അതിനെ പുനരുജ്ജീവിപ്പിക്കാൻ പോവുകയാണ്." വിശുദ്ധഖുർആൻ വെളിപ്പെടുന്നകാലത്ത് എല്ലാ ജന

വിഭാഗങ്ങളും വഴിപിഴച്ചുപോയിരുന്നുവെന്ന് ചരിത്രം അടയാളപ്പെടുത്തുന്നു. നിശിതമായ ക്രൈസ്തവ പക്ഷപാതിയായിട്ടും 'മീസാനുൽ ഹക്ക്' (സത്യത്തിന്റെ തുലാസ്) എന്ന തന്റെ കൃതിയിൽ ഫാദർ ഫേണ്ടർ (Pfander) വ്യക്തമായിതന്നെ ഏറ്റുപറയുന്നത്, വിശുദ്ധഖുർആന്റെ അവതരണകാലത്ത് യഹൂദികളും ക്രിസ്ത്യാനികളും ദുഷിക്കുകയും വഴിപിഴക്കുകയും ചെയ്തിരുന്നുവെന്നും ഖുർആന്റെ പ്രാദുർഭാവം അവർക്കൊരു മുന്നറിയിപ്പായിരുന്നുവെന്നുമാണ്. എന്നാൽ ഇതൊക്കെ ഏറ്റുപറയുമ്പോഴും ആ അവിവേകി പറയുന്നത് ദൈവം കള്ളപ്രവാചകനെ അയച്ച് തങ്ങൾക്ക് മുന്നറിയിപ്പു നല്കി എന്നാണ്. ഇതു ദൈവത്തോടുള്ള വ്യക്തമായ ധിക്കാരമാണെന്നുവേണം പറയാൻ. മനുഷ്യരാശിയെ വഴിപിഴപ്പിലും ദുഷിപ്പിലും മുന്നേറുന്നവരായി കണ്ടിട്ടും അവരെ കൂടുതൽ വലിയ വഴിപിഴപ്പിലേക്കു നയിക്കുന്ന കാര്യങ്ങളൊരുക്കുകയും ലക്ഷക്കണക്കിന് നിർദോഷികളെ തന്റെ സ്വന്തം കൈകൊണ്ട് നാശത്തിലാക്കുകയും ചെയ്യുന്നതരത്തിലുള്ള ജീർണ്ണമായ ഒരു സമ്പ്രദായം മഹോന്നതനായ ദൈവത്തിനെതിരിൽ നമുക്ക് ആരോപിക്കാവുന്നതാണോ? പരീക്ഷണങ്ങളുടെ കാലഘട്ടത്തിൽ ദൈവത്തിന്റെ പ്രകൃതി നിയമത്തിൽനിന്നു ഇതാണോ തെളിയുന്നത്? ലൗകീകതയോടുള്ള സ്നേഹത്തിൽ ഇവർ സൂര്യതേജസ്സിനെ ആച്ഛാദിക്കുന്നതെങ്ങനെയെന്നു കാണുക!! ഒരുവശത്ത് അവർ ശപ്തനെന്നു തങ്ങൾ വിശ്വസിക്കുന്ന ദുർബ്ബലനായ ഒരു മനുഷ്യനിൽ ദിവ്യത്വം ആരോപിക്കുകയും മറുവശത്ത് മനുഷ്യരാശിയുടെ ആത്മീയമായ മൃതപ്രായാവസ്ഥയിൽ ആഗതനായ മഹോജ്ജ്വലനായ ഒരു പ്രവാചകന്റെ വ്യക്തിത്വത്തെ നിഷേധിക്കുകയും ചെയ്യുന്നു. എന്നിട്ട് വീണ്ടും ചോദിക്കുന്നത് ഖുർആന്റെ ആവശ്യകതയെന്തായിരുന്നു എന്നാണ്! അല്ലയോ ബോധം നഷ്ടപ്പെട്ടവരേ, ഹൃദയത്തിന് ആന്ധ്യം ബാധിച്ചവരേ, വിശുദ്ധഖുർആൻ അവതരിച്ച കാലത്തുള്ളതുപോലുള്ള ഒരു കാളരാത്രിയുടെ കാലം മുമ്പൊരു പ്രവാചകന്റെയും പ്രാദുർഭാവകാലത്തുണ്ടായിരുന്നില്ല! ലോകം അന്ധകാരാവൃതമായി കണ്ടപ്പോൾ ഖുർആനാണ് വെളിച്ചം നൽകിയത്. അത് മാർഗ്ഗഭ്രംശത്തിലായതായി കണ്ടപ്പോൾ ഖുർആനാണ് മാർഗ്ഗദർശനം നൽകിയത്. അത് നിർജ്ജീവാവസ്ഥയിലാണെന്നു കണ്ടപ്പോൾ ഖുർആനാണ് ജീവൻ നൽകിയത്. വിശുദ്ധഖുർആന്റെ ആവ

ശ്യകതയെ തെളിയിക്കാൻ ഇതിൽപ്പരം ഇനിയും എന്താണാവോവേണ്ടത്?

## വിശുദ്ധഖുർആൻ പരിപൂർണ്ണ അനുസ്മാരകം

ലോകത്ത് തൗഹീദിന്റെ പാഠങ്ങൾ മുമ്പേതന്നെ ഉണ്ടായിരിക്കെ പുതുതായി എന്തു പാഠമാണ് വിശുദ്ധഖുർആൻ കൊണ്ടുവന്നതെന്നു നിങ്ങൾ ചോദിക്കുകയാണെങ്കിൽ നിങ്ങളുടെ അവസ്ഥ എന്തുമാത്രം പരിതാപകരമാണ്! ഏകദൈവവിശ്വാസത്തെക്കുറിച്ച് പൂർവ്വവേദഗ്രന്ഥങ്ങളിലടങ്ങിയ പാഠങ്ങൾ അപൂർണ്ണമായിരുന്നുവെന്ന് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞതാണ്. മറിച്ചു തെളിയിക്കാൻ നിങ്ങൾക്കൊരിക്കലും സാധ്യമല്ല. ജനഹൃദയങ്ങളിൽ തൗഹീദ് പൂർണ്ണമായും അപ്രത്യക്ഷമായിരുന്നു. ഖുർആനത്രെ അതോർമ്മപ്പെടുത്തുകയും അതിനെ പൂർണ്ണതയിലോളം എത്തിക്കുകയും ചെയ്തത്. ഇപ്രകാരം ഓർമ്മപ്പെടുത്തുന്ന ഒന്നായതുകൊണ്ടാണ് ഖുർആനെ ദിക്ർ എന്നു പേർ വെച്ചിരിക്കുന്നത്. തൗഹീദിനെ കുറിച്ചുള്ള തൗറാത്തിന്റെ അഥവാ തോറായുടെ പാഠങ്ങൾ പൂർവ്വകാല പ്രവാചകന്മാർക്കൊന്നും ലഭിക്കാത്ത തരത്തിൽ അദ്വിതീയമായതാണോ എന്നു കണ്ണുതുറന്നൊന്നു ചിന്തിക്കുക. ഇതേ ഏകദൈവവിശ്വാസപരമായ പാഠങ്ങൾ തന്നെയായിരുന്നില്ലേ ആദ്യമായി ആദമിനും തുടർന്ന് ശേഥ്, നോഹ, ഇബ്രാഹിം തുടങ്ങി മോശേയ്ക്ക് മുമ്പു അവതരിച്ചിട്ടുള്ള മറ്റു പ്രവാചകന്മാർക്കുമെല്ലാം ലഭിച്ചിരുന്നത്. അങ്ങനെയെങ്കിൽ പുതിയകാര്യങ്ങളൊന്നും കൊണ്ടുവന്നില്ലെന്ന ഇതേ ആക്ഷേപം തൗറാത്തിനെതിരിലും ഉന്നയിക്കാവുന്നതാണ്. അല്ലയോ വഴിതെറ്റിയ ജനപദമേ, ഓരോ ദിവസവും പുതിയ രൂപത്തിൽ മാറിക്കൊണ്ടിരിക്കുന്നവനല്ല ദൈവം! മോശെയുടെ കാലത്തുണ്ടായിരുന്ന അതേ ദൈവം തന്നെയാണ് ആദമിന്റെയും ശേഥിന്റെയും നോഹയുടെയും എബ്രഹാമിന്റെയും ഇസ്ഹാഖിന്റെയും യാക്കോബിന്റെയും ജോസഫിന്റെയും കാലത്തുണ്ടായിരുന്നത്. ഏകദൈവവിശ്വാസത്തെക്കുറിച്ച് തോറാ പ്രബോധിച്ച അതേ പാഠങ്ങൾ തന്നെയായിരുന്നു പൂർവ്വകാല പ്രവാചകന്മാരും പ്രബോധിച്ചത്.

ഇനി തൗറാത്ത് എന്തിനാണ് ഏകദൈവാശയപരമായ ആ പഴയപാഠങ്ങൾതന്നെ ആവർത്തിക്കിക്കുകയുണ്ടായതെന്നാണ് ചോദ്യ

മെങ്കിൽ അതിനുള്ള മറുപടി, ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലുമുള്ള വിശ്വാസത്തിന്റെ തുടക്കം തൗറാത്തിൽ നിന്നുള്ളതായിരുന്നില്ല, മറിച്ച് ആദികാലം മുതൽക്കേയുള്ളതായിരുന്നുവെന്നതാണ്. ഓരോ കാലഘട്ടങ്ങളിലും ജനങ്ങൾ അതിനെ അവഗണിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കാൻ കഴിയാത്ത കാരണത്താൽ അവമതിപ്പോടെ അതിനെ നോക്കിക്കാണുകയും ചെയ്തുപോന്നിട്ടുണ്ട്. ഏകദൈവ വിശ്വാസത്തിലുള്ള ജനങ്ങളുടെ താത്പര്യം കുറഞ്ഞുപോവുകയും ക്രമേണ അവർ ബഹുദൈവ വിശ്വാസങ്ങളിൽ അകപ്പെട്ടുപോവുകയും ചെയ്യുന്ന കാലങ്ങളിലാണ് ദൈവികഗ്രന്ഥങ്ങളും ദൈവദൂതന്മാരും അവതരിക്കാറുള്ളത്. ഈ വിശ്വാസം സഹസ്രക്കണക്കിന് തവണ പുനരുജീവിപ്പിക്കപ്പെട്ടിട്ടുണ്ട്. അത്രതന്നെ തവണ അത് അസ്തപ്രഭമായിക്കൊണ്ട് ജനങ്ങളുടെ ദൃഷ്ടിയിൽ നിന്നു മറഞ്ഞുപോവുകയും ചെയ്തിട്ടുമുണ്ട്. അപ്പോഴൊക്കെ ദൈവം തന്റെ ഒരു ദാസനെ അയച്ചുകൊണ്ട് പുതിയരൂപത്തിൽ അതിനെ വെളിപ്പെടുത്തികാണിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഇരുട്ടും വെളിച്ചവും ലോകത്ത് മാറിമാറി പ്രാബല്യം നേടിക്കൊണ്ടേപോന്നിട്ടുണ്ട്.

## ഒരു പ്രവാചകനെ തിരിച്ചറിയാനുള്ള മാർഗ്ഗം

ഒരു പ്രവാചകന്റെ സത്യത തിരിച്ചറിയാനുള്ള ഏറ്റവും നല്ല മാനദണ്ഡം അദ്ദേഹം എപ്പോഴാണ് ആവിർഭവിച്ചതെന്നും അദ്ദേഹം മുഖേന എത്തരത്തിലുള്ള പരിവർത്തനമാണുണ്ടായതെന്നും കണ്ടറിയുക എന്നുള്ളതാണ്. ഒരു സത്യാന്വേഷി ഈ കാര്യങ്ങൾ ചിന്തിക്കുന്നതോടൊപ്പം കുഴപ്പക്കാരും പക്ഷപാതികളുമായ ആളുകളുടെ നെറികെട്ടവാക്കുകൾ അവഗണിക്കുകയും വേണം. ഏതൊരു പ്രവാചകനെയും അദ്ദേഹം എത്തരത്തിലുള്ള ജനതയെയായിരുന്നു അഭിമുഖീകരിച്ചിരുന്നതെന്നും അവരുടെ സ്വഭാവത്തിലും വിശ്വാസത്തിലും എത്തരത്തിലുള്ള വിപ്ലവമാണ് അദ്ദേഹം സൃഷ്ടിക്കുകയുണ്ടായതെന്നും സത്യസന്ധമായ ദൃഷ്ടിയോടെയായിരിക്കണം കണ്ടറിയാൻ ശ്രമിക്കേണ്ടത്. അങ്ങനെ ഏറ്റവും അനിവാര്യമായിരുന്ന കാലഘട്ടത്തിൽ വന്ന പ്രവാചകന്മാർ ആരെന്നും അത്രയൊന്നും അത്യാവശ്യമല്ലാതിരുന്ന കാല

ഘട്ടത്തിൽ വന്ന പ്രവാചകന്മാർ ആരെന്നും തീർച്ചയായും തിരിച്ചറിയാൻ കഴിയും. രോഗിയ്ക്ക് വൈദ്യനെ ആവശ്യമായിരിക്കുന്നതുപോലെയാണ് പാപികൾക്ക് പ്രവാചകനെ ആവശ്യമായിവരുന്നത്. രോഗികളുടെ വർദ്ധനവ് ഒരു ഭിഷഗ്വരനെ ആവശ്യപ്പെടുന്നതുപോലെ, പാപകർമ്മങ്ങളുടെ വ്യാപനം ഒരു പരിഷ്കർത്താവിനെ ആവശ്യപ്പെടുന്നു.

ഈ തത്വം മുന്നിൽവെച്ചുകൊണ്ട് അറേബ്യാരാജ്യത്തെ ചരിത്രം നാം പരിശോധിക്കുകയും നബി(സ) തിരുമേനിയുടെ ആഗമനത്തിന് മുമ്പും അതിന് ശേഷവുമുള്ള അറബികളുടെ അവസ്ഥ നാം താരതമ്യം ചെയ്യുകയുമാണെങ്കിൽ, ആ അവസാനകാലത്തെ പ്രവാചകൻ (സ) തിരുമേനി അവിടുത്തെ പവിത്രീകരണശക്തികൊണ്ടും ആത്മീയശക്തിസിദ്ധികൊണ്ടും സ്വർഗീയാനുഗ്രഹങ്ങളുടെ ഫലദായകത്വം കൊണ്ടും മറ്റെല്ലാ പ്രവാചകന്മാരെയും കവച്ചുവെക്കുന്നതായി നമുക്ക് കാണാൻ കഴിയും. അതോടൊപ്പം വിശുദ്ധഖുർആന്റെയും വിശുദ്ധനബി(സ)യുടെയും ആവശ്യകത മറ്റെല്ലാ ഗ്രന്ഥങ്ങളുടെയും പ്രവാചകന്മാരുടെയും ആവശ്യകതയെക്കാൾ എത്രയോ വലുതാണെന്ന യാഥാർത്ഥ്യവും നമുക്ക് ബോദ്ധ്യപ്പെടും.

## യേശു ലോകത്തിന് നൽകിയത്

ഉദാഹരണമായി യേശുവിനെതന്നെയെടുക്കുക. ലോകത്തിന്റെ ഏത് ആവശ്യമാണ് അദ്ദേഹത്തിന്റെ ആഗമനം നിറവേറ്റിയത്? അങ്ങനെ വല്ല ആവശ്യവും അദ്ദേഹം നിറവേറ്റിയിരുന്നുവെന്നതിന് എന്ത് തെളിവാണുള്ളത്? യഹൂദന്മാരുടെ സ്വഭാവഗുണങ്ങളിലും ജീവിതരീതിയിലും വിശ്വാസത്തിലും അടിസ്ഥാനപരമായ വല്ല പരിവർത്തനവും അദ്ദേഹം വരുത്തിയിട്ടുണ്ടോ? ആത്മവിശുദ്ധിയിൽ അദ്ദേഹം തന്റെ ശിഷ്യഗണങ്ങളെ പൂർണ്ണതയിലെത്തിച്ചുവോ? ഇതിനൊന്നും ഒരു തെളിവുമില്ല! ആകെക്കൂടി തെളിയുന്നത് അത്യാഗ്രഹികളും ദുരാഗ്രഹികളുമായ ഒരുപിടിയാളുകൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായി കൂടുകയും അങ്ങേയറ്റം അപമാനകരമായ വിശ്വാസവഞ്ചനകൾ കാണിച്ച് പിരിഞ്ഞുപോവുകയും ചെയ്തുവെന്നുള്ളതാണ്. പിന്നെ, യേശു നടത്തിയെന്നു പറയപ്പെടുന്ന ആത്മാഹുതിയാണെങ്കിൽ എന്നെ സംബന്ധിച്ചിട

ത്തോളം അത് അദ്ദേഹത്തിന്റെ മാനുഷികതയ്ക്കും യുക്തിക്കും എന്നന്നേക്കുമായി കരിനിഴൽ വീഴ്ത്തുന്ന തരത്തിലുള്ള വങ്കത്തം എന്നതിൽ കവിഞ്ഞ് മറ്റൊന്നുമായിരുന്നില്ല. മാനുഷികായ നിയമങ്ങളുടെ കീഴിൽപോലും ഒരു കുറ്റകൃത്യമായി പരിഗണിക്കപ്പെടുന്ന ഇത്തരം ഒരു അകൃത്യം പ്രായോഗികബുദ്ധിയുള്ള വല്ലവരും ചെയ്യുന്ന കാര്യമാണോ? ഒരിക്കലും അല്ലതന്നെ! അതുകൊണ്ട് ചോദിക്കട്ടെ, യേശു എന്താണ് പഠിപ്പിച്ചത്? എന്താണ് അദ്ദേഹം ലോകത്തിന് നൽകിയത്? യുക്തിയുടെയും ന്യായത്തിന്റെയും വെളിച്ചത്തിൽ നോക്കുമ്പോൾ നിഷ്പ്രയോജനം മാത്രമായ ആ 'ശപ്തബലി'യാണോ അദ്ദേഹം പഠിപ്പിച്ചത്?

ഇഞ്ചീലിന്റെ അഥവാ സുവിശേഷങ്ങളുടെ പാഠങ്ങളിൽ പുതുതായി യാതൊന്നും അടങ്ങിയിട്ടില്ലെന്ന് ഓർക്കേണ്ടതാണ്.[30] തൗറാത്തിലടങ്ങിയ അധ്യാപനങ്ങ്ഹൾ മാത്രമേ അതിൽ കാണപ്പെടുകയുള്ളൂ. മാത്രമല്ല, അവയുടെ വലിയൊരു ഭാഗം യഹൂദികളുടെ ഗ്രന്ഥമായ താൽമൂദിൽ ഇപ്പെഴും നമുക്ക്കാണാൻ കഴിയും. സുവിശേഷങ്ങളുടെ ഈ ഭാഗങ്ങൾ തങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളിൽ നിന്നു പകർത്തിയെഴുതിയതാണെന്നാണ് യഹൂദ പണ്ഡിതന്മാർ എപ്പോഴും ആക്ഷേപിക്കാളുള്ളത്. അടുത്തിടെ എനിയ്ക്ക് ഒരു ജൂത പണ്ഡിതൻ എഴുതിയ ഒരു ഗ്രന്ഥം ലഭിക്കാനിടയായി. അതിൽ അദ്ദേഹം ഈ കാര്യം തെളിയിക്കാൻ ഒട്ടേറം പേജുകൾതന്നെ നീക്കിവെച്ചിട്ടുണ്ട്. എവിടെ നിന്നൊക്കെയാണ് അവ ചോരണം നടത്തിയതെന്നും അതിൽ അദ്ദേഹം ശക്തിപൂർവം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ ആ പുസ്തകങ്ങൾ മി.സിറാജുദ്ദീനെ കാണിക്കാനായി വരുത്തിച്ചുവെങ്കിലും നിർഭാഗ്യവശാൽ അവ കാണുന്നതിനുമുരായിത്തന്നെ അദ്ദേഹം സ്ഥലംവിടകയാണുണ്ടായത്.

സുവിശേഷങ്ങൾ യഥാർത്ഥത്തിൽ മിശീഹാ ഇഷ്ടപ്പെടുന്നിരുന്ന യഹൂദപാഠങ്ങളുടെ ഒരു സംഗ്രഹമാണെന്ന കാര്യത്തിൽ മിക്ക ക്രൈസ്തവ പണ്ഡിതന്മാരും യോജിക്കുന്നുണ്ട്. അതേസമയം അവർ ആവർത്തിച്ചു പറയുന്നത്, മിശീഹാ ലോകത്തു വന്നതിന്റെ ഉദ്ദേശ്യം, പുതിയ എന്തെങ്കിലും പാഠം നൽകാനായിരുന്നില്ലെന്നും മറിച്ച് സ്വയം ആത്മബലി നടത്തുന്നതിന് വേണ്ടിയായിരുന്നുവെ

---

30. മത്തായി -5:17-18.

ന്നുമാണ്. ഇതാകട്ടെ അതേ ശപ്തബലി തന്നെയാണ്. ഏതായാലും ഈ ശ്ഹപ്തബലിയുടെ കാര്യം വീണ്ടുംവീണ്ടും ആവർത്തിച്ച് ഈ കൃതിയുടെ പവിത്രത നഷ്ടപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല.

## ഖുർആനിക പാഠങ്ങളുടെ മദ്ധ്യനില

ചുരുക്കത്തിൽ ന്യായപ്രമാണം തൗറാത്തിൽ പൂർണ്ണമായിരിക്കെ യേശു പുതിയ ഒരു നിയമസംഹിതയൊന്നും കൊണ്ടുവന്നിട്ടില്ലെന്നും മറിച്ച് മോക്ഷത്തിനുള്ള സാമഗ്രികളാണ് അദ്ദേഹം കൊണ്ടുവന്നതെന്നുമുള്ള ഒരു മിഥ്യാവിചാരണത്തിലാണ് ക്രിസ്ത്യാനികൾ അകപ്പെട്ടിരിക്കുന്നത്. ഇങ്ങനെ അനാവശ്യമായരീതിയിൽ പൂർത്തിയായികഴിഞ്ഞ ഒരു ന്യായപ്രമാണത്തെ ഒരിക്കൽകൂടി സ്ഥാപിക്കാനായിട്ടാണ് ഖുർആൻ വന്നതെന്നാണ് അവർ കരുതുന്നത്. ഈ മിഥ്യാവിചാരം തന്നെയാണ് ക്രിസ്ത്യാനികളുടെ വിശ്വാസത്തെ നശിപ്പിച്ചത്. സത്യത്തിൽ മനുഷ്യൻ അബദ്ധവും മറവിയും പിണയുന്നവനാണ്. ദൈവിക വിധിവിലക്കുകളെ അനുസരിക്കുന്ന കാര്യത്തിൽ അവന് എപ്പോഴും സ്ഥിരനിഷ്ഠ പാലിക്കാൻ കഴിഞ്ഞെന്നും വരില്ല. അപ്പോൾ അവനെ പുതുതായി അതോർമ്മപ്പെടുത്തുകയും അവന്റെ വിശ്വാസത്തെ നവീകരിക്കുകയും ചെയ്യുന്ന ആരെങ്കിലും ആവശ്യമാണ്. എന്നാൽ വിശുദ്ധ ഖുർആൻ ഈ രണ്ടു ഉദ്ദേശ്യാർത്ഥം മാത്രമല്ല അവതീർണ്ണമായിട്ടുള്ളത്. പൂർവ്വകാല പാഠങ്ങളുടെ പൂർത്തീകരണംകൂടി അതിന്റെ ഉദ്ദേശ്യമാണ്. ഉദാഹരണമായി തൗറാത്തിന്റെ അഥവാ തോറയുടെ അനുശാസനങ്ങൾ കൂടുതലും ആ കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് പ്രതികാരത്തെ ഊന്നിക്കൊണ്ടുള്ളതാണെങ്കിൽ[31] ഇഞ്ചീലിന്റേത് അഥവാ സുവിശേഷങ്ങളുടേത് അന്നത്തെ മാറിയ സാഹചര്യമനുസരിച്ച് പൊറുമയും സഹനവുമാണെന്നു കാണാം.[32] അതേസമയം വിശുദ്ധഖുർആനാകട്ടെ ഈ രണ്ടവസ്ഥയിലും സന്ദർഭം നോക്കി ഔചിത്യപൂർവം പ്രവർത്തിക്കാനാണ് നമ്മെ പഠിപ്പിക്കുന്നത്. ഇപ്രകാരം എല്ലാ ഒരോ കാര്യത്തിലും തൗറാത്ത് അങ്ങേയറ്റത്തും ഇഞ്ചീൽ ഇങ്ങേയറ്റത്തുമാണെങ്കിൽ, വിശുദ്ധഖുർ

---

31.പുറപ്പാട്-21:24, ലേവ്യപുസ്തകം-24:20, ആവർത്തനപുസ്തകം-19:21.

32.. മത്തായി -5:34-42, റോമർ -12:17, തെസ്സലൊനീക്യർ - 5:15

ആൻ മദ്ധ്യനില കൈകൊള്ളാനും സമയവും സന്ദർഭവും നോക്കി ഔചിത്യപൂർവം പ്രവർത്തിക്കാനാണ് കല്പിക്കുന്നത്. മൂന്നു വേദ ഗ്രന്ഥങ്ങളുടെയും മൗലീകപാഠങ്ങൾ ഒന്നുതന്നെയാണ്. എന്നാൽ ഒന്ന് ഒരുവശത്തിനു മാത്രം കൂടുതൽ ഊന്നൽ നല്കുമ്പോൾ മറ്റേത് വേറൊരുവശത്തിന് മാത്രം കൂടുതൽ ഊന്നൽ നല്കുന്നു. എന്നാൽ മനുഷ്യപ്രകൃതിയുമായി പൊരുത്തപ്പെടുന്നതരത്തിൽ സ മതുലിതമായ കർമ്മമാർഗ്ഗമാണ് വിശുദ്ധഖുർആൻ പ്രബോധിക്കു ന്നത്. സന്ദർഭൗചിത്യം നോക്കി പ്രവർത്തിക്കാനുള്ള വിവേക പൂർണ്ണമായ പാഠം അതുമാത്രമാണ് നൽകുന്നത്. അതിരുകവിഞ്ഞ തരത്തിൽ തോറാ പാരുഷ്യത്തേയും സുവിശേഷങ്ങൾ പൊറുമ യെയും ഊന്നിപ്പറയുമ്പോൾ* വിശുദ്ധഖുർആൻ സന്ദർഭൗചിത്യമ നുസരിച്ച് പ്രവർത്തിക്കാനാണ് അനുശാസിക്കുന്നത്. മാതാവിന്റെ സ്തനത്തിൽ രക്തം പാലായി മാറുന്നതുപോലെയാണ് തൗറാത്തി ന്റെയും ഇഞ്ചീലിന്റെയും പാഠങ്ങൾ ഖുർആനിലൂടെ വിവേക ജ്ഞാ നമായി മാറുന്നത്. വിശുദ്ധഖുർആൻ വെളിപ്പെട്ടില്ലായിരുന്നുവെ ങ്കിൽ, തൗറാത്തും ഇഞ്ചീലും ഒരു കുരുടൻ തൊടുത്തുവിട്ട അസ്ത്രങ്ങൾകണക്കെ വല്ലപ്പോഴും ലക്ഷ്യം കണ്ടും മിക്കപ്പോഴും ലക്ഷ്യം തെറ്റിയും പതിക്കുന്നതരത്തിലാകുമായിരുന്നു. തോറാ കഥാകഥനങ്ങളിലൂടെയും സുവിശേഷങ്ങൾ ഉപമാകഥകളിലൂടെ യുമാണ് ന്യായപ്രമാണം പഠിപ്പിച്ചതെങ്കിൽ സത്യാന്വേഷി കൾക്കായി വിവേകജ്ഞാനത്തിലൂടെയാണ് വിശുദ്ധഖുർആൻ അത് പ്രദാനം ചെയ്തത്. അപ്പോൾ തൗറാത്തിനെയും ഇഞ്ചീലി നെയും ഖുർആനുമായി എങ്ങനെയാണ് താരതമ്യപ്പെടുത്താനാ വുക?

## ഫാത്തിഹാ സൂക്തം

ഏഴു സൂക്തങ്ങൾ മാത്രമടങ്ങിയ ഖുർആന്റെ ആദ്യ അധ്യായ മായ സൂറാ ഫാത്തിഹയുമായിപോലും അവയെ താരതമ്യപ്പെടു ത്താനാവില്ല. അത്രതന്നെ ആത്മീയ യാഥാർഥ്യങ്ങളും ദിവ്യജ്ഞാ നങ്ങളും ആത്മീയവും മതപരവുമായ ജ്ഞാനപ്രകാശവും ഉള്ളട ങ്ങിയ ഇത്തരമൊരദ്ധ്യായം മോശെയുടെ ഗ്രന്ഥത്തിലോ യേശു

*ഈ പാരുഷ്യവും ദയാർദ്രഭാവവും അതാതു കാലഘട്ടത്തിലെ സാഹച ര്യവും ജനങ്ങളുടെ നിലവാരവുമനുസരിച്ച് പ്രസക്തമായ പാഠങ്ങളായിരുന്നു വെങ്കിലും റദ്ദാക്കാനാവാത്ത അന്തിമപാഠങ്ങളായിരുന്നില്ല.

വിന്റെ സുവിശേഷങ്ങളിലോ കണ്ടെത്താൻ ശ്രമിക്കുകയെന്നതു തന്നെ അർഥശൂന്യമായിരിക്കും. ആന്തരീകമായ ഐകരൂപ്യം കൊണ്ടും രചനാസൗന്ദര്യംകൊണ്ടും അവതരണത്തിലുള്ള നൈസർഗ്ഗീകതകൊണ്ടും ആ വചനങ്ങൾ എത്രത്തോളം അന്യാദൃശമാണെന്നാൽ തത്തുല്യമായവ ആജീവനാന്തം തിരഞ്ഞുനടന്നാൽപോലും മറ്റെങ്ങും കണ്ടെത്താൻ നമുക്കാവില്ല. ഇതൊരു വീൺവാക്കല്ല. മറിച്ച് ആത്മീയജ്ഞാനത്തിന്റെ യുക്തിയുക്തമായ ആവിഷ്കാരത്തിൽ തൗറാത്തിനും ഇഞ്ചീലിനും ഫാത്തിഹാസുക്തവുമായിപോലും മത്സരിക്കാനാവില്ലെന്നതാണ് വസ്തുത. നമ്മുടെ ഒരു നിർദ്ദേശവും സ്വീകരിക്കാൻ മാന്യ പാതിരിമാർ തയ്യാറല്ലെന്നിരിക്കെ എങ്ങനെയാണ് ഇക്കാര്യത്തിലൊരു തീരുമാനത്തിലെത്താൻ സാധിക്കുക?

## ഒരു വെല്ലുവിളി

ദിവ്യജ്ഞാനവും സത്യവസ്തുതയും വെളിപ്പെടുത്തുന്ന കാര്യത്തിലും ദൈവികവചനങ്ങളുടെ ആധികാരികത അനാവൃതമാക്കുന്നതിലും തോറയോ സുവിശേഷങ്ങളോ തികവുറ്റതാണെന്നു അവർ യഥാർഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, തങ്ങളുടെ ഏതാണ്ട് എഴുപതോളം വരുന്ന ബൃഹദ്ഭാഷ്യങ്ങളുടെതന്നെ സഹായത്താൽ അവർ ഫാത്തിഹാസൂക്തത്തിൽ നിന്നും നാം എടുത്തുകാണിക്കുന്ന തരത്തിലുള്ള ന്യായപ്രമാണത്തിന്റെ സൂക്ഷ്മവശങ്ങളും ആത്മീയജ്ഞാനത്തിന്റെ സൗകുമാര്യതയും ദിവ്യവചനത്തിന്റെ ചൈതന്യവും ഉദ്ധരിച്ചുകാട്ടേണ്ടതുണ്ട്. അപ്രകാരം ചെയ്യുകയാണെങ്കിൽ നാം അവർക്ക് അഞ്ഞൂറുരൂപ പാരിതോഷികം നൽകാൻ തയ്യാറാണ്.[33] ഈ തുക അപര്യാപ്തമാണെന്നു തോന്നുകയാണെങ്കിൽ അവരുടെ ആവശ്യ പ്രകാരം കഴിയുന്നിടത്തോളം വർദ്ധിപ്പിക്കാനും നാം തയ്യാറാകുന്നതാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്തുന്നതിനുവേണ്ടി നാം ആദ്യം ഒരു വ്യാഖ്യാനം എഴുതി പ്രസിദ്ധം ചെയ്യുകയും അതിൽ ഫാത്തിഹയിലടങ്ങിയ എല്ലാ യാഥാർത്ഥ്യങ്ങളും ദിവ്യജ്ഞാനങ്ങളും ദൈവവചനത്തിന്റെ സവിശേഷതകളും സുവിശദമായി പ്രതിപാദിക്കു

---

33. 1897 ൽ എഴുതിയതാണിത്

34. ഇഅ്ജാസുൽ മസീഹ് എന്ന ഗ്രന്ഥമാണ് ഉദ്ദേശ്യം (വിവ)

കയും ചെയ്യുന്നതായിരിക്കും.[34] തുടർന്ന് മാന്യ ക്രൈസ്തവ സുവിശേഷകർ ഫാത്തിഹായിൽ കാണപ്പെടുന്ന തരത്തിലുള്ള സത്യ വസ്തുതകളും ദിവ്യജ്ഞാനങ്ങളും ദൈവവചനത്തിന്റെ സവിശേഷഭാവങ്ങളും തൗറാത്തിൽനിന്നും ഇഞ്ചീലിൽനിന്നും തങ്ങളുടെ മറ്റു ഗ്രന്ഥങ്ങളിൽ നിന്നുമായി എടുത്തുകാണിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും. ദൈവവചനത്തിന്റെ സവിശേഷഭാവങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, മനുഷ്യ നിർമ്മിത വചനങ്ങളിൽ കാണപ്പെടാത്ത തരത്തിലുള്ള അനിതരസാധാരണമായ സത്യപ്രകാശനങ്ങളാണ്. ക്രിസ്തീയ സുവിശേഷകർ ഇക്കാര്യത്തിൽ എന്നോട് മത്സരിക്കുകയും ഫാത്തിഹാ സൂക്തത്തിൽനിന്നു ഞാൻ എടുത്തുകാണിക്കുന്ന തരത്തിലുള്ള സൂക്ഷ്മവും ഉദാത്തവുമായ ആത്മീയജ്ഞാനങ്ങൾക്കും ദിവ്യവചനങ്ങൾക്കും സമാനമായവ അവരുടെ ഭാഷ്യങ്ങളിലുമുണ്ടെന്നു മറ്റു സമുദായങ്ങളിൽ നിന്നുള്ള മൂന്നു ന്യായാധിപന്മാരുടെ മുന്നിൽ തെളിയിക്കുകയുമാണെങ്കിൽ നാം അവർക്ക് അഞ്ഞൂറുരൂപ പാരിതോഷികമായി നല്കുന്നതാണ്. അവർ തൃപ്തിപ്പെടുന്ന എതു സ്ഥലത്തും ഈ തുക മുൻകൂറായി നിക്ഷേപിക്കാനും ഞാൻ തയ്യാറാണ്.

ഈ വെല്ലുവിളി സ്വീകരിക്കാൻ തന്റേടമുള്ള വല്ല ക്രിസ്തീയ പുരോഹിതനുമുണ്ടോ? ദൈവത്തിന്റെ വചനം ദൈവത്തിന്റെ ശക്തിവിശേഷങ്ങളിലൂടെയാണ് സ്ഥാപിക്കപ്പെടുന്നത്. ദൈവത്തിന്റെ സൃഷ്ടികർതൃത്വം പ്രകൃതിയിലെ അത്ഭുതങ്ങളിലൂടെ വെളിപ്പെടുന്നതുപോലെതന്നെ! ഉദാഹരണത്തിന് ആകാശവിതാനത്ത് ലക്ഷോപലക്ഷം നക്ഷത്രങ്ങളുണ്ട്. ഇനി വല്ലവനും ചില നക്ഷത്രങ്ങളുടെ ഭാഗത്തേക്ക് വിരൽചൂണ്ടി, എന്താണ് ഇതിന്റെ പ്രയോജനമെന്നും ഇതു ദൈവത്തിൽ നിന്നുള്ളതല്ലെന്നും പറയുകയോ ചില സസ്യങ്ങളുടെയും ശിലകളുടെയും മൃഗങ്ങളുടെയും പേരുപറഞ്ഞ് അവയില്ലെങ്കിലും മറ്റു സസ്യലതാദികളെക്കൊണ്ട് കാര്യം നടക്കുമെന്നും അതുകൊണ്ട് അവ ദൈവത്തിൽ നിന്നുള്ളതല്ലെന്നും പറയുകയോ ആണെങ്കിൽ അവൻ വിഡ്ഢിയും ചിത്തഭ്രമിയുമല്ലാതെ മറ്റാരാണ്?

## ഖുർആനും തോറയും

മനുഷ്യന്റെ ആത്മാവിന് പൂർണ്ണത കൈവരിക്കാനാവശ്യമായ

സകലമാന വിശിഷ്ടതകളുടെയും സമാഹാരമാണ് വിശുദ്ധഖുർ ആനെന്നു ഓർമ്മിച്ചുകൊള്ളേണ്ടതാണ്. വിശുദ്ധഖുർആന് തൗറാത്തുമായുള്ള ബന്ധത്തിന്റെ ഉദാഹരണം ഇപ്രകാരമാണ്: അതിശക്തമായ കൊടുങ്കാറ്റിനാലോ ഭൂകമ്പത്താലോ നിലംപൊത്തിയ ഒരു വഴിയമ്പലമുണ്ടായിരുന്നു. അതിന്റെ തകർന്ന ഭാഗങ്ങളിൽ ശൗച്യാലയത്തിന്റെയും അടുക്കളുടെയും അവശിഷ്ടങ്ങൾ അന്യോന്യം കൂടിക്കലർന്ന രൂപത്തിൽ തകർന്നടിഞ്ഞുകിടക്കുകയായിരുന്നു. ഇതുകണ്ട് വഴിയാത്രക്കാരോട് കനിവുതോന്നിയ സത്രത്തിന്റെ ഉടമസ്ഥൻ അതിന്റെ സ്ഥാനത്ത് ആദ്യത്തേതിലും സുഖസൗകര്യങ്ങളോടുകൂടിയ മറ്റൊന്ന് പണികഴിപ്പിക്കുകയുണ്ടായി. ഈ പുതിയ മന്ദിരത്തിൽ എല്ലാ യാത്രക്കാർക്കുമായി വിശാലമായി വിശ്രമിക്കാനുതകുന്ന മുറികൾ ഉചിതസ്ഥാനങ്ങളിൽ സജ്ജീകരിക്കുകയും ചെയ്തിരുന്നു. ഒരാവശ്യത്തിനും അതിൽ കുറവുണ്ടായിരുന്നില്ല. ഇതു നിർമ്മിക്കാൻ ആ ഉടമ പഴയ വഴിയമ്പലത്തിലെ കുറച്ച് ഇഷ്ടികകളോടൊപ്പം പുതിയതിന്നാവശ്യമായ തരത്തിൽ പുതിയ ഇഷ്ടികകളും മരത്തടികളും മറ്റു വസ്തുക്കളും ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. വിശുദ്ധഖുർആൻ ആ രണ്ടാമത്തെ സത്രമാകുന്നു. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ!

ഇവിടെ മറ്റൊരു ആക്ഷേപവും കൂടി ദൂരീകരിക്കേണ്ടതായിട്ടുണ്ട്. സമയത്തിന്റെയും സാഹചര്യത്തിന്റെയും ആവശ്യങ്ങളനുസരിച്ച് എങ്ങനെ പ്രവർത്തിക്കണമെന്നു പഠിപ്പിക്കുകയും ആത്മീയ ജീവിതത്തിന്റെ എല്ലാ ഉൽകൃഷ്ട തത്വങ്ങളും വിശദമായി പ്രതിപാദിക്കുകയും ചെയ്യുകയെന്നതാണ് യഥാർഥവും സമ്പൂർണ്ണവുമായ ഒരു അധ്യാപനത്തിന്റെ പ്രത്യേകതകളെങ്കിൽ, എന്തുകൊണ്ടാണ് തൗറാത്തും ഇഞ്ചീലും ഈ രണ്ടു കാര്യങ്ങളിലും ഒഴിവായിപോയത്? എന്തുകൊണ്ടാണ് ഖുർആൻ മാത്രം ഈ കാര്യത്തിൽതികവു റ്റതായിതീർന്നത്?

## പുതിയനിയമവും പഴയനിയമവും

അതിനുള്ള മറുപടി പിഴവ് തൗറാത്തിന്റെയോ ഇഞ്ചീലിന്റെയോ അല്ലെന്നുള്ളതാണ്. മറിച്ച് അത് അഭിസംബോധനചെയ്യപ്പെടുന്നവരുടെ ശേഷിയുടെ പിഴവാണെന്നുള്ളതാണ്. പ്രവാച

കനായ മോശെയുമായി ബന്ധമുള്ള യഹൂദ ജനത നാനൂറു വർഷ ക്കാലം ഫറോവമാരുടെ നുകത്തിൻ കീഴിലായിരുന്നു ജീവിച്ചത്. നീണ്ടകാലത്തോളമുള്ള നിരന്തരമായ മർദ്ദനങ്ങൾ നീതിയെയും ധർമ്മത്തെയും കുറിച്ചുള്ള അടിസ്ഥാനബോധം തന്നെ അവരിൽനിന്നു എടുത്തുകളയുകയാണുണ്ടായത്. പ്രജകളെ സം ബന്ധിച്ചിടത്തോളം ഒരു ഭരണാധികാരി ഒരു അധ്യാപകന്റെയോ മാർഗ്ഗദർശിയുടേയോ രൂപത്തിലാണ്. അദ്ദേഹം നീതിമാനാണെ ങ്കിൽ അയാളുടെ പ്രജകളുടെ ഹൃദയങ്ങളിലും നീതിയുടെ പ്രതി ഫലനം കാണപ്പെടുക സ്വാഭാവികമാണ്. അവരും നീതിധർമ്മങ്ങ ളുടെതായ സ്വഭാവത്തോട് ചായ്‌വുള്ളവരായി തീരുന്നതാണ്. സംസ്കാരവും നാഗരികതയും അവരിൽ ജന്മമെടുക്കുകയും നീതി ധർമ്മങ്ങൾ അഭിവൃദ്ധിപ്പെട്ടുതുടങ്ങുകയും ചെയ്യുന്നു. നേരെമറിച്ച് ഭരണാധികാരി മർദ്ദകമൂർത്തിയാണെങ്കിൽ അയാളുടെ പ്രജകളും മർദ്ദനങ്ങളുടെയും നൃശംസതയുടെയും പാഠങ്ങളാണ് അയാളിൽ നിന്നു പഠിക്കുക. അവരുടെ പ്രകൃതി ഒടുവിൽ നീതിധർമ്മത്തിൽ നിന്നുതന്നെ അകന്നുപോവുകയും ചെയ്യുന്നു. ഇതാണ് ഇസ്രായീ ല്യർക്ക് സംഭവിച്ചത്. ഒരു നീണ്ടകാലത്തോളം ഫറോവമാരുടെ മർദ്ദകഭരണത്തിനുകീഴിൽ ജീവിക്കുകയും എല്ലാതരത്തിലുള്ള പീഢനങ്ങളും ഏറ്റുവാങ്ങുകയും ചെയ്തതുകാരണം എന്താണ് നീതിധർമ്മം എന്നുള്ള ബോധംപോലും അവരിൽ നിന്നു അപ്ര ത്യക്ഷമാവുകയാണുണ്ടായത്. അതിനാൽ ഹദ്റത്ത് മോശെയുടെ അവരോടുള്ള ആദ്യത്തെ ഉത്തരവാദിത്വം നീതിയുടെ പാഠങ്ങൾ അവർക്ക് പഠിപ്പിച്ചുകൊടുക്കുക എന്നുള്ളതായിരുന്നു. അതുകൊ ണ്ടാണ് തോറായിൽ നീതിനിഷ്ഠയെ ഇത്രയേറെ ഊന്നിപ്പറയുന്ന ധാരാളം വചനങ്ങൾ കാണാൻ സാധിക്കുന്നത്. കാരുണ്യത്തെ പഠി പ്പിക്കുന്ന ചിലവചനങ്ങളും തൗറാത്തിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും സൂക്ഷ്മവിശകലനത്തിൽ അവപോലും നീതിയുടെ അതിർവരമ്പുകളെ സംരക്ഷിക്കുന്നതിനും അനഭില ഷണീയമായ വികാരങ്ങളെയും പ്രതികരണങ്ങളെയും നിയന്ത്രി ക്കുന്നതിനും വേണ്ടിയുള്ളതാണെന്നുകാണാം. നീതിയുടെയും ന്യായത്തിന്റെയും സംരക്ഷണം തന്നെയാണ് അതിൽ എല്ലാഭാ ഗത്തും മുഖ്യപ്രമേയമായിട്ടുള്ളത്. എന്നാൽ പുതിയനിയമം പഠി ക്കുമ്പോൾ അത്തരത്തിലുള്ളതൊന്നും കാണാൻ സാധിക്കുകയി

ല്ല. പ്രത്യുത പൊറുത്തുകൊടുക്കാനും പ്രതികാരം ഒഴിവാക്കാനുമുള്ള കാര്യങ്ങളാണ് ശക്തിയായി ഊന്നിപ്പറയുന്നത്. നാം സുവിശേഷങ്ങൾ ആഴത്തിലും അവധാനതയോടും പഠിക്കുമ്പോൾ നമുക്ക് വ്യക്തമാവുന്നത്, അതിന്റെ സംബോധിതർ ദയയോ ക്ഷമാശീലമോ പൊറുത്തുകൊടുക്കുന്ന സ്വഭാവമോ തീരെ ഇല്ലാത്തവരായിട്ടാണ് അതിന്റെ രചയിതാവ് ഉറച്ചുവിശ്വസിക്കുന്നതെന്നും അതുകൊണ്ടുതന്നെ പ്രതികാരത്തിലേക്ക് അവരുടെ ഹൃദയങ്ങൾ ചാഞ്ഞുകൂടെന്നും ക്ഷമയും സഹിഷ്ണുതയും പൊറുമയും സഹനശീലങ്ങളും അവർ വളർത്തിയെടുക്കണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നുവെന്നുമാണ്. പുതിയനിയമത്തിൽ ദയയെകുറിച്ച് ഇത്രയേറെ ഊന്നിപ്പറയാൻ കാരണം യേശുവിന്റെ കാലത്ത് യഹൂദന്മാരുടെ ധാർമ്മികബോധം വളരെയധികം വഷളായിരുന്നുവെന്നതുകൊണ്ടാണ്. ചെറിയകാര്യങ്ങൾക്കുപോലും കോടതികയറ്റവും വൈര്യനിര്യാതനവും കൊടികുത്തിവാണിരുന്നു. നീതിധർമ്മം ഉയർത്തിപ്പിടിക്കാനെന്നപേരിലാണെങ്കിൽപോലും കാരുണ്യത്തിന്റെയും സഹിഷ്ണുതയുടെയും നന്മകൾ പൂർണ്ണമായും കൈയൊഴിക്കപ്പെട്ട നിലയിലായിരുന്നു. പുതിയനിയമത്തിൽ അവർക്കു നല്കപ്പെട്ട അനുശാസനകളെല്ലാം ഒരു പ്രത്യേകമായ കാലത്തേക്കും സമൂഹത്തിലേക്കും അനുഗുണമായ തരത്തിലുള്ളതായിരുന്നു. ദൈവികനിയമത്തിന്റെ ക്ഷണികവും താത്കാലികവുമായ രൂപത്തെയാണ് അത് പ്രതിനിധീകരിച്ചിരുന്നത്. വിശുദ്ധ ഖുർആൻ വന്നാണ് അത് പരിപൂർണ്ണമാക്കുകയുണ്ടായത്.

## ഖുർആന്റെ സമീകൃതപാഠങ്ങൾ

വിശുദ്ധഖുർആനെ നാം സൂക്ഷ്മമായി പഠിക്കുകയും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആഴത്തിൽ വിശകലനം ചെയ്യുകയും ചെയ്യുമ്പോൾ നമുക്ക് വ്യക്തമാവുന്നത്, തൗറാത്തിൽ പരാമർശിച്ചിട്ടുള്ളപ്രതികാരനിയമങ്ങളിൽനിന്നും യുദ്ധവിവരങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതരത്തിൽ വിശുദ്ധഖുർആൻ പ്രതികാരത്തെ അത്രയേറെ ഊന്നിപ്പറയുകയോ, പൊറുമയെയും സഹനത്തെയും ക്ഷമയെയും കുറിച്ചുള്ള സുവിശേഷങ്ങളിലെ ധാരണകൾ നിർബാധം അംഗീകരിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതാണ്. മറിച്ച് അത് നിരന്തരം ഉൽബോധിപ്പിക്കുന്നത് 'അമർബിൽ മഅ്റൂഫും'

'നാഹി അനിൽ മുൻകറു'മാണ് – മഅ്റൂഫായി പ്രവർത്തിക്കുകയും മുൻകറിൽനിന്നു വിട്ടുനിൽക്കുകയും ചെയ്യുക എന്നുള്ളതാണ്. എന്നുപറഞ്ഞാൽ സന്ദർഭൗചിത്യമനുസരിച്ചും യുക്തിക്കും നീതി നിയമത്തിനും അനുയോജ്യവുമായ പ്രവൃത്തികൾ ചെയ്യാനും നിഷി ദ്ധമാക്കപ്പെട്ടതും മനുഷ്യന്റെ യുക്തിബോധവും നിയമശാസ്ത്രവും വിരോധിക്കുന്നതുമായ പ്രവൃത്തികളിൽ നിന്നു വിട്ടുനിൽക്കാനു മാണ് അത് കല്പിക്കുന്നത്. ഖുർആൻ പഠിക്കുമ്പോൾ നമുക്ക് മന സ്സിലാവുന്നത്, ഖുർആൻ അതിന്റെ നിയമങ്ങളും ശാസനകളും കല്പനകളുമെല്ലാം നമ്മുടെ ഹൃദയങ്ങളിൽ ക്രമാനുഗതമായ രൂപ ത്തിൽ സന്നിവേശിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നാണ്. എന്തു കൊണ്ടെന്നാൽ എന്ത് ചെയ്യണമെന്നും എന്തുചെയ്തുകൂടെന്നു മുള്ള കേവലമായ കല്പനകളിൽമാത്രം നമ്മെ ബന്ധനസ്ഥരാക്കി നിറുത്താൻ ഉദ്ദേശിക്കാതെ, ശരീഅത്തിനെ, ധർമ്മശാസ്ത്രത്തെ സാർവത്രികവും സാർവജനീനവുമായ നിയമക്രമങ്ങളുട രൂപത്തിൽ വിശദീകരിക്കുകയാണ് അത് ചെയ്യുന്നത്.

ഉദാഹരണമായി സാർവത്രിക നിയമമെന്നോണം അത് നമ്മെ ഉൽബോധിപ്പിക്കുന്നത് നാം 'മഅ്റൂഫ്' അഥവാ ശരിയായ പ്രവൃത്തികളെന്തോ അത് ചെയ്യണമെന്നും 'മുൻകർ' അഥവാ തെറ്റായ പ്രവൃത്തികളെന്തോ അത് ഉപേക്ഷിക്കണമെന്നും ആണ്. മഅ്റൂഫ് എന്നും മുൻകർ എന്നുമുള്ള പദപ്രയോഗങ്ങൾ ശാസ് ത്രീയമായ രൂപത്തിൽ ശരീഅത്തിന്റെ എല്ലാ വശങ്ങളെയും സമ ഗ്രമായി ഉൾക്കൊള്ളുന്നവയാണ്. ശരീഅത്തിന്റെ, ധർമ്മശാസ്ത്ര ത്തിന്റെ ഈ കല്പനകാരണമായി എല്ലാ സന്ദർഭങ്ങളിലും എവി ടെയാണ് യഥാർഥ നന്മ നിലകൊള്ളുന്നതെന്നു കണ്ടെത്താൻ നാം നിർബന്ധിതരായിതീരുന്നു. ഉദാഹരണമായി എന്നോട് ആരെ ങ്കിലും ഒരുതെറ്റു ചെയ്താൽ എന്നെ സംബന്ധിച്ചിടത്തോളം ഏതാണ് ശരിയായമാർഗം? അയാളെ ശിക്ഷിക്കുകയാണോ അതോ അയാൾക്ക് പൊറുത്തുകൊടുക്കുകയാണോ വേണ്ടത്? ഇനി ആരെ ങ്കിലും തന്റെ മകന്റെ കല്യാണം നടത്താനും കുടുംബത്തിന്റെ ആചാരമനുസരിച്ച് കരിമരുന്ന് പ്രയോഗവും പാട്ടുകാരികളും ഗാന മേളയും ഉൾപ്പെടെ അത് ആർഭാടപൂർവം ആഘോഷിക്കാനും

---

*1897 ൽ എഴുതിയതാണിത് (വിവ)

വേണ്ടി ഒരായിരം രൂപ* എന്നോട് കടം ചോദിച്ചെന്നിരിക്കട്ടെ. ഞാൻ അയാൾക്ക് അത്രയും തുക നല്കാൻ കഴിവുള്ളവനാണെങ്കിൽകൂടി ഞാനാദ്യം ചെയ്യേണ്ടത്, മഅ്റൂഫായതിനെ പിന്തുടരുകയും മുൻകറിനെ ഒഴിവാക്കുകയും ചെയ്യുകയെന്ന തത്വത്തിന്റെ വെളിച്ചത്തിൽ അക്കാര്യത്തെകുറിച്ച് ചിന്തിക്കുകയും എന്നിട്ടു ഒരു തീരുമാനത്തിൽ എത്തുകയുമാണ്. ഞാനെന്റെ മഹാമനസ്കതയിൽ സഹായിക്കുന്നത് യഥാർഥത്തിൽ ആരെയാണ് എന്നു നോക്കേണ്ടതുണ്ട്. ചുരുക്കത്തിൽ ഈലോകത്തും പരലോകത്തും നമുക്ക് ഗുണകരമാവുന്നതരത്തിൽ സന്ദർഭൗചിത്യംനോക്കി നന്മ ചെയ്യണമെന്നുള്ള നിബന്ധനയാണ് ഖുർആൻ നമുക്ക് നല്കുന്നത്.

## ഇസ്‌ലാമിന്റെ പ്രതിരോധയുദ്ധം

അപ്പോൾ മാന്യ സിറാജുദ്ദീൻ, രണ്ടാമത്തെ ചോദ്യത്തിന് ഞാൻ മറുപടി നൽകിക്കഴിഞ്ഞു. ദൈവത്തിന്റെ ഏകത്വം അംഗീകരിപ്പിക്കാനായി ഇസ്‌ലാം യഹൂദന്മാരുമായി യുദ്ധം ചെയ്തിട്ടില്ലെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. നേരെമറിച്ച്, ഇസ്‌ലാമിന്റെ ശത്രുക്കളും അവരുടെ വിദ്രോഹകരമായ ഗൂഢപ്രവർത്തനങ്ങളും തന്നെയായിരുന്നു അത്തരം ഏറ്റുമുട്ടലുകൾക്ക് കളമൊരുക്കിയത്. മുസ്‌ലിംകളെ കശാപ്പുചെയ്യാൻ അവരിലുള്ള ഒരുവിഭാഗം തന്നെയായിരുന്നു ആദ്യം വാളെടുത്തത്. മറ്റുള്ളവരാകട്ടെ അവർക്ക് ഒത്താശചെയ്യുകയും ചെയ്തു. അവരിൽ ചിലർ ഇസ്‌ലാമിന്റെ പ്രബോധന പ്രചാരണത്തിൽ അന്യായമായ വിഘാതം സൃഷ്ടിച്ചു. ഇക്കാരണത്താലാണ് അല്ലാഹു മുസ്‌ലിംകൾക്ക് ഇത്തരം പാതകികൾക്കെതിരിൽ പ്രതിരോധയുദ്ധം നടത്താനും അവരെ ശിക്ഷിക്കാനും അവരുടെ ഗൂഢതന്ത്രങ്ങളെ തുടച്ചുനീക്കാനും ഉള്ള അനുമതി നൽകിയത്. മുസ്‌ലിംകൾ വേണ്ടത്ര ശക്തമല്ലാത്തതു കൊണ്ടായിരുന്നു 13 വർഷക്കാലം വിശുദ്ധനബി(സ) തന്റെ ശത്രുക്കൾക്കെതിരിൽ പോരാടാതിരുന്നതെന്നുള്ള കുത്തുവാക്കുകൾതികച്ചും അന്യായവും നിഷ്ഠുരവുമാണ്. സത്യം വേറൊന്നായിരുന്നെങ്കിൽ, 13 വർഷക്കാലം അദ്ദേഹത്തിന്റെ ശത്രുക്കൾ മക്കയിൽ കാണിച്ചതരത്തിലുള്ള പീഢനങ്ങളും കൊലപാതകങ്ങളും അരങ്ങേറിയില്ലായിരുന്നുവെങ്കിൽ, വിശുദ്ധനബി (സ) തിരുമേനിയെ കൊലപ്പെടുത്താനോ അവിടുത്തെ സ്വന്തം പട്ടണത്തിൽനിന്നു

നിഷ്കാസിതനാക്കാനോ അവർ ഗൂഢാലോചന നടത്തിയില്ലായിരുന്നെങ്കിൽ, വിശുദ്ധനബി(സ) തിരുമേനിയെ അവിടുത്തെ പ്രതിയോഗികൾ ആക്രമിക്കാതെതന്നെ അദ്ദേഹം മദീനയിലേക്ക് പാലായനം ചെയ്തതായിരുന്നെങ്കിൽ ഇത്തരം ദുഷ്ടാരോപണങ്ങൾക്ക് വല്ല ഇടവും കാണുമായിരുന്നു. നബി(സ) തിരുമേനി സുദീർഘമായ 13 വർഷക്കാലം തന്റെ പ്രതിയോഗികളുടെ എല്ലാ ക്രൂരതകളും അതീവസഹനത്തോടെ ഏറ്റുവാങ്ങുകയാണുണ്ടായതെന്നും അതിനെ പ്രതിരോധിക്കുന്നതിൽനിന്നും തിരിച്ചടി നൽകുന്നതിൽനിന്നും തന്റെ അനുചരന്മാരെ അവിടുന്ന് കർശനമായി തടയുകയാണുണ്ടായതെന്നുമുള്ള കാര്യം നമ്മുടെ എതിരാളികൾക്കു കൂടി നല്ലപോലെ അറിവുള്ളതാണല്ലോ. ഇസ്‌ലാമിന്റെ ശത്രുക്കൾ നിരപരാധികളായ ഒട്ടേറെ മുസ്‌ലിംകളെ കശാപ്പു ചെയ്തു. പീഢനങ്ങളേൽക്കുകയും ശരീരത്തിൽ ഗുരുതരമായ മുറിവുകളേറ്റുവാങ്ങുകയും ചെയ്ത നിസ്സഹായരായ മുസ്‌ലിംകളുടെ സംഖ്യ എണ്ണിക്കണക്കാക്കാവുന്നതിലപ്പുറം പെരുകിവന്നു. അവസാനമായി മക്കക്കാർ ദൃഢനിശ്ചയം ചെയ്ത കാര്യം നബി(സ)യെ കൊലപ്പെടുത്തുക എന്നതായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ദൈവം അവന്റെ പ്രവാചകനെ ശത്രുക്കളുടെ ഗൂഢാലോചനകളിൽനിന്നെല്ലാം സുരക്ഷിതനാക്കിക്കൊണ്ട് മദീനയിലെത്തിക്കുകയും വാളുയർത്തിയവർതന്നെ വാളാൽ നശിക്കുന്നതാണെന്ന സുവാർത്ത നൽകുകയുമുണ്ടായത്.

## അടിസ്ഥാനരഹിതമായ ആരോപണം

സ്വല്പം വിവേകത്തോടും നീതിയോടുംകൂടി ചിന്തിക്കുവിൻ! നബി(സ) തിരുമേനിയുടെ ഹൃദയത്തിൽ മുമ്പ് മറഞ്ഞുകിടന്ന അക്രമണോത്സുകമായ ഉദ്ദേശ്യലക്ഷ്യം തന്റെ അനുയായികളുടെ എണ്ണം വർദ്ധിച്ചപ്പോൾ മറനീക്കി പുറത്തുവന്നുവെന്ന് ഇതിൽനിന്നു നിങ്ങൾക്ക് എങ്ങനെയാണ് നിഗമനം ചെയ്യാൻ സാധിക്കുക? കഷ്ടം! കഷ്ടം! ഇക്കാര്യത്തിൽ ക്രൈസ്തവ മതാനുകൂലികൾ മതപരമായ പക്ഷപാതിത്വത്തിന്റെ നിന്ദ്യമായ നിലവാരത്തിൽ ആണ്ടുകിടക്കുന്നു. മദീനയിൽ എത്തിയശേഷം മക്കക്കാർ പിന്തുടർന്നതു കാരണമുണ്ടായ ഇസ്‌ലാമിലെ ആദ്യ യുദ്ധമായ ബദർ യുദ്ധവേളയിൽ മുസ്‌ലിംകളുടെ എണ്ണത്തിൽ എന്തു വർദ്ധനവാണ്

ഉണ്ടായിരുന്നതെന്ന് ഇക്കൂട്ടർ ചിന്തിക്കുന്നില്ല. ആ സമയത്ത് ബദറിൽ മുസ്‌ലിംകളുടെ ഭാഗത്തുണ്ടായിരുന്ന മൊത്തം 313 പേരിൽ മിക്കവരും ഇളം പ്രായക്കാരും പരിചയം കുറഞ്ഞവരുമായിരുന്നു. അറേബ്യയിലെ എല്ലാ വില്ലാളിവീരന്മാരും ജൂതന്മാരും ക്രിസ്ത്യാനികളും ലക്ഷക്കണക്കിന് മറ്റുള്ളവരും ഉൾപ്പെടുന്ന ജനതയെ നേരിടാൻ ഈ ചെറുസംഘത്തിന് സാധിക്കുമെന്ന് വിചാരിക്കുവാൻ സാമാന്യബോധമുള്ള ആർക്കെങ്കിലും കഴിയുമോ?!! ഈ പരിതസ്ഥിതിയിൽ മുസ്‌ലിംകൾ യുദ്ധത്തിന് പുറപ്പെട്ടത് തങ്ങളുടെ എതിരാളികളെ തകർത്ത് അവരുടെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള ആസൂത്രണത്തോടെയായിരുന്നില്ലെന്ന് ഇതിൽ നിന്നു വളരെ വ്യക്തമാണ്. അത്തരത്തിലൊരു സുശക്തമായ സൈന്യത്തെ നേരിടാൻ ചുരുങ്ങിയത് മുപ്പതിനായിരമോ നാൽപതിനായിരമോ പേരെയെങ്കിലും സംഘടിപ്പിച്ച് പടയൊരുക്കം നടത്തേണ്ടതുണ്ടായിരുന്നു. പോരാത്തതിന് ലക്ഷക്കണക്കിന് ശത്രുക്കളേയും നേരിടേണ്ടതുണ്ടായിരുന്നു. അപ്പോൾ യുദ്ധങ്ങൾ അവരിൽ അടിച്ചേൽപ്പിക്കപ്പെട്ടതായിരുന്നുവെന്നും, അവർ പോരാടിയത് യാതൊരു ഭൗതീക ശക്തിയെയും ആശ്രയിച്ചിട്ടായിരുന്നില്ലെന്നും ദൈവീക കല്പന പ്രകാരം മാത്രമായിരുന്നുവെന്നും വ്യക്തമാവുന്നു.

## ഇസ്‌ലാമും ജൂതന്മാരും

ഇതോടൊപ്പം മറ്റൊരു ആക്ഷേപംകൂടി ദൂരീകരിക്കേണ്ടത് അനിവാര്യമാണെന്നു കരുതുന്നു. മോക്ഷം തൗഹീദിലുള്ള, ഏകദൈവത്തിലുള്ള വിശ്വാസത്തെയും ദൈവത്തോടുള്ള സ്നേഹത്താലും ഭയത്താലും ചെയ്യപ്പെടുന്ന സൽക്കർമ്മങ്ങളെയും ആശ്രയിച്ചാണെങ്കിൽ യഹൂദന്മാരും ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെട്ടത് എന്തുകൊണ്ടാണ്? തൗഹീദിന്റെ അടിസ്ഥാനത്തിൽ ജീവിക്കുകയും ദൈവത്തിൽ പൂർണ്ണമായും സമർപ്പണം ചെയ്യുകയും ചെയ്തിട്ടുള്ള ഒരാൾപോലും അവരുടെ കൂട്ടത്തിൽ ഉണ്ടായിട്ടില്ലെന്നാണോ?

അതിനുള്ള മറുപടി ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതുപോലെ നബി(സ) തിരുമേനിയുടെ ആവിർഭാവകാലത്ത് വലിയൊരു വിഭാഗം ജൂതന്മാരും ക്രിസ്ത്യാനികളും 'ഫാസിക്കുകൾ' അഥവാ സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവരായിരുന്നുവെന്നു

ള്ളതാണ്. വിശുദ്ധഖുർആൻ അത് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'വഅക്സറുഹും ഫാസിക്കൂൻ'(9:8) അവരിൽ ഭൂരിഭാഗം പേരും ഏകദൈവവിശ്വാസത്തിന്റെ മര്യാദകളെ തീരെ മാനിക്കാത്തവരും ഭക്തിസഹമായ ജീവിതം കൈവെടിഞ്ഞ അതിക്രമകാരികളും ആയിരുന്നു. അതിനാൽ ദൈവം അവന്റെ സനാതനനിയമമനുസരിച്ച് അവരുടെ പരിഷ്കരണത്തിനായി അവർക്കിടയിൽ തന്റെ കാരുണ്യാതിരേകത്താൽ ഒരു പ്രവാചകനെ അയക്കാൻ ഇച്ഛിച്ചു. അതോടൊപ്പം അവരുടെ കൂട്ടത്തിൽ ഭയഭക്തി ജീവിതം നയിച്ചവരും തൗഹീദിൽ യഥാർഥമായി വിശ്വാസംകൊണ്ടിരുന്നവരുമായ ആരെങ്കിലും ഉണ്ടെങ്കിൽ പ്രവാചകനെ അനുസരിക്കാൻ കൂട്ടാക്കാതിരുന്ന കാരണത്താൽ അവർ സ്വാത്വികരല്ലാതായി തീരുകയുമാണുണ്ടായത്. ഒരു ചെറിയ പാപം പോലും മനുഷ്യന്റെ ഹൃദയത്തെ മലിനമാക്കുന്നുവെന്നിരിക്കെ ഒരു പ്രവാചകനോട് അനുസരണക്കേട് കാണിക്കുകയും അദ്ദേഹത്തോട് ശത്രുത പുലർത്തുകയും ചെയ്യുന്ന ഒരാൾ എങ്ങനെയാണ് പരിശുദ്ധ ഹൃദയനായിത്തന്നെ അവശേഷിക്കുക?

## മൂന്നാമത്തെ ചോദ്യം

*ഖുർആനിൽ മനുഷ്യനെയും ദൈവത്തെയും സ്നേഹിക്കുന്നതിനെ സംബന്ധിച്ചും മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചും ഊന്നിപ്പറയുന്ന തരത്തിൽ, സ്നേഹം അഥവാ ഹുബ്ബ് എന്ന പദം പ്രയുക്തമായ സൂക്തങ്ങൾ ഏതൊക്കെയാണ്?*

ദൈവം ഏകനാണെന്നും അവൻ യാതൊരു പങ്കാളിയും ഇല്ലാത്തവനുമായിരിക്കുന്നതുപോലെതന്നെ അവനോടുള്ള സ്നേഹത്തിന്റെ കാര്യത്തിലും അവൻ ഏകമാത്രനായും പങ്കാളികളില്ലാത്തവനായും കരുതുകയെന്നുള്ളതാണ് ഖുർആനികാധ്യാപനത്തിന്റെ സാരാംശം എന്നു മനസ്സിലാക്കേണ്ടതുണ്ട്. മുസൽമാന്മാരുടെ ചുണ്ടുകളിൽനിന്നു സദാ ഉരുവിട്ടുകൊണ്ടിരിക്കാറുള്ള 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന കലിമ ഇതേ യാഥാർഥ്യത്തിലേയ്ക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. എന്തെന്നാൽ 'ഇലാഹ്' എന്നത്

'വിലാഹ്' എന്നപദത്തിൽ നിന്നു നിഷ്പന്നമായതാണ്. ആരാധ്യനും പൂജനീയനുമായ പ്രേമഭാജനം എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്. തോറയോ സുവിശേഷങ്ങളോ ഇത്തരമൊരു 'കലിമ' പഠിപ്പിക്കുന്നില്ല, മറിച്ച് ഖുർആൻ മാത്രമേ അത് പഠിപ്പിക്കുന്നുള്ളൂ. ഇസ്‌ലാമിന്റെ ഒരു സ്ഥാനമുദ്രയെന്നോണം അത് പരിലസിക്കുന്നു. ഇതേ കലിമതന്നെയാണ് ദിവസവും അഞ്ചുനേരങ്ങളിൽ പള്ളിമിനാരങ്ങളിൽനിന്നു ഘോഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതും ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും മറ്റുള്ളവരെയുമൊക്കെ ചലപ്പോൾ അസ്വസ്ഥരാക്കുന്നതും. ഇതിൽ നിന്നു മനസ്സിലാവുന്നത് ദൈവത്തെ സ്നേഹാതിരേകത്തോടെ സ്മരിക്കുകയെന്നത് അവരുടെ ദൃഷ്ടിയിൽ ഒരപരാധമാണെന്നാണ്. എല്ലാ ദിവസവും പ്രഭാതം പൊട്ടിവിരിയുമ്പോഴെല്ലാം ഇസ്‌ലാമിലെ 'മുഅദ്ദിൻ' 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്' അതായത് നമ്മുടെ പ്രിയപ്പെട്ടവനായും പ്രേമഭാജനമായും ആരാധ്യനായും അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നു ഉച്ചത്തിൽ വിളിച്ചുപറയുന്നു. ഇസ്‌ലാമിനു മാത്രമുള്ള പ്രത്യേകതയാണിത്. തുടർന്ന് മധ്യാഹ്നത്തിലും ഈ ശബ്ദം ഇസ്‌ലാമിക ആരാധനാലയങ്ങളിൽനിന്നു ഉയരുന്നു. പിന്നീട് ഇതേ വിളിയാളം അപരാഹ്നത്തിലും സായാഹ്നത്തിലും രാത്രിയിലും മാറ്റൊലികൊണ്ട് ആകാശത്തെ മുഖരിതമാക്കുന്നു. ലോകത്ത് മറ്റേതെങ്കിലും മതത്തിൽ ഇത്തരത്തമൊരു വിസ്മയ ദൃശ്യം കാണാൻ കഴിയുമോ?

## ഇസ്‌ലാം എന്നാൽ

കൂടാതെ ഇസ്‌ലാം എന്ന പദം തന്നെയും സ്നേഹത്തെ ദ്യോതിപ്പിക്കുന്ന ഒന്നാണ്. എന്തെന്നാൽ ഇസ്‌ലാം എന്നതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്, ദൈവത്തിന്റെ മുമ്പിൽ ഒരാളുടെ ശിരസ്സ് സമർപ്പിക്കുകയും അവനുവേണ്ടി ജീവത്യാഗം ചെയ്യാനായി ഹൃദയപൂർവം തയ്യാറായിരിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഈ പ്രായോഗികാവസ്ഥ സ്നേഹത്തിന്റെ ഉറവിൽ നിന്നാണ് പുറത്തു വരുന്നത്. ഇസ്‌ലാം എന്ന പദത്തിൽനിന്നു സ്ഫുടം ചെയ്യുന്ന മറ്റൊരുകാര്യം, ദൈവത്തോടുള്ള സ്നേഹത്തെ വിശുദ്ധഖുർആൻ വാചാടോപങ്ങളിൽ മാത്രം ഒതുക്കാതെ, സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും പ്രവൃത്തിപഥത്തിലും പിന്തുടരാൻ പഠിപ്പിക്കുന്നു

വെന്നുള്ളതാണ്. ലോകത്ത് മറ്റേതുമതത്തെയാണ് അതിന്റെ സ്ഥാപകൻ 'ഇസ്‌ലാം' എന്നു നാമകരണം ചെയ്തിട്ടുള്ളത്? ഇസ്‌ലാം എന്നത് ഹൃദയഹാരിയായ ഒരു പേരാകുന്നു. സത്യത്തിന്റെയും ആത്മാർഥതയുടെയും സ്നേഹാതിരേകത്തിന്റെയും അർത്ഥതലങ്ങളാൽ ഇത് നിറഞ്ഞുതുളുമ്പുന്നു. ഇസ്‌ലാം എന്ന പേര് ഉൾക്കൊള്ളുന്ന മതമേതോ തീർച്ചയായും അത് അനുഗൃഹീതമതം തന്നെയാണ്.

## ദൈവത്തോടുള്ള സ്നേഹം

ദൈവത്തോടുള്ള മനുഷ്യന്റെ സ്നേഹത്തെ സംബന്ധിച്ചും അല്ലാഹു ഇതുതന്നെയാണ് പറയുന്നത്:

وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ അതായത്, "ദൈവത്തോട് ഏറ്റവുമധികം സ്നേഹം കാണിക്കുന്നവരാരോ അവരത്രെ വിശ്വാസികൾ"(2:166).

തുടർന്ന് മറ്റൊരിടത്ത് പറയുന്നു:

فَاذْكُرُوا اللَّهَ كَذِكْرِكُمْ آبَاءَكُمْ أَوْ أَشَدَّ ذِكْرًا

അതായത്, "നിങ്ങൾ പിതാക്കന്മാരെ സ്മരിക്കുന്നതുപോലെ അല്ലാഹുവിനെ സ്മരിക്കുക, എന്നല്ല അതിനെക്കാളെല്ലാം ഉപരിയായ സ്നേഹാവേശത്തോടെ അവനെ സ്മരിക്കുക."(2:201)

വീണ്ടും മറ്റൊരിടത്ത് പറയുന്നു:

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ

അതായത്, "നിന്നെ പിന്തുടരാനാഗ്രഹിക്കുന്നവരോട് പറയുക, എന്റെ നമസ്കാരവും എന്റെ പരിത്യാഗവും എന്റെ ജീവിതവും മരണവുമെല്ലാം അല്ലാഹുവിനു വേണ്ടിയാകുന്നു "(6:163). എന്നുപറഞ്ഞാൽ എന്നെ പിന്തുടരാനാഗ്രഹിക്കുന്ന ഏതൊരുവനും ഈ

ത്യാഗം അനുഷ്ടിക്കേണ്ടതുണ്ട്.

ഇനിയും മറ്റൊരിടത്ത് അവൻ പറയുന്നത്:

"നിങ്ങൾ നിങ്ങളുടെ ജീവിതത്തെയും സുഹൃത്തുക്കളെയും നിങ്ങളുടെ തോട്ടങ്ങളെയും നിങ്ങളുടെ കച്ചവടങ്ങളെയും ദൈവത്തെക്കാളും അവന്റെ ദൂതനെക്കാളും പ്രിയപ്പെട്ടതായി കരുതുന്നുവെങ്കിൽ ദൈവം അവന്റെ വിധിതീർപ്പ് കല്പിക്കുന്നതുവരെ നിങ്ങൾ മാറിനില്ക്കുക."(9:24) എന്നാണ്.

ഇതുപോലെതന്നെ വേറൊരു സ്ഥലത്ത് പറയുന്നു:

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِ مِسْكِينًا وَيَتِيمًا
وَأَسِيرًا ـ إِنَّمَا نُطْعِمُكُمْ لِوَجْهِ اللَّهِ لَا نُرِيدُ مِنكُمْ
جَزَاءً وَلَا شُكُورًا

എന്നു പറഞ്ഞാൽ "സത്യവിശ്വാസികൾ ദൈവത്തോടുള്ള സ്നേഹത്താൽ അഗതികൾക്കും അനാഥർക്കും തടവുകാർക്കും ആഹാരം നൽകുകയും അല്ലാഹുവിന്റെ സ്നേഹവും സംതൃപ്തിയും കാംക്ഷിച്ച് മാത്രമാണ് ഞങ്ങൾ ഇതു നൽകുന്നത്, ഞങ്ങൾ നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിപ്രകടനമോ ആഗ്രഹിക്കുന്നില്ല എന്നു അവരോട് പറയുകയും ചെയ്യുന്നവരാകുന്നു എന്നാണ് "(76:9-10)

ചുരുക്കത്തിൽ വാക്കിലും പ്രവൃത്തിയിലും ദൈവത്തോടുള്ള നിങ്ങളുടെ സ്നേഹം വെളിപ്പെടുത്താനും മറ്റെല്ലാറ്റിലുമുപരി ദൈവത്തെ സ്നേഹിക്കാനും പഠിപ്പിക്കുന്ന സൂക്തങ്ങൾകൊണ്ട് വിശുദ്ധഖുർആൻ നിർഭരമാണ്.

## ദൈവത്തിന്റെ സ്നേഹം

എന്നാൽ മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം വിശുദ്ധ ഖുർആനിൽ എവിടെയാണ് എഴുതപ്പെട്ടിരിക്കുന്നതെന്നുള്ള ചോദ്യ

ത്തിന്റെ രണ്ടാമത്തെവശത്തിന് മറുപടി പറയേണ്ടതുണ്ട്. ദൈവം, അവനിലേക്ക് പശ്ചാപത്തോടെ തിരിയുന്നവരെയും നന്മചെയ്യുന്ന വരെയും സ്ഥിരനിഷ്ഠ കൈകൊള്ളുന്നവരെയും സ്നേഹിക്കുന്ന വനാണെന്നു വ്യക്തമാക്കുന്ന ഒട്ടനേകം വചനങ്ങൾ വിശുദ്ധഖുർ ആനിൽ ഉണ്ടെന്നു അറിഞ്ഞുകൊള്ളേണ്ടതാണ്.[35] എന്നാൽ അവി ശ്വാസത്തെയും പാപത്തെയും അതിക്രമത്തെയും സ്നേഹിക്കു ന്നവനെ ദൈവം സ്നേഹിക്കുന്നവനാണെന്നു വിശുദ്ധ ഖുർആ നിലെവിടെയും പറഞ്ഞിട്ടില്ല. നേരെമറിച്ച് അവരുടെ കാര്യത്തിൽ അവൻ 'ഇഹ്സാൻ'(സഹാനുഭൂതി) എന്നപദമാണ് ഉപയോഗിച്ചി ട്ടുള്ളതെന്നു കാണാം.

ദൈവം പറയുന്നു: وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ

അതായത് "മുഴുവൻ ലോകത്തിനുമായി കാരുണ്യമായിട്ടാണ് നാം നിന്നെ അയച്ചിരിക്കുന്നത്". 'ആലമീൻ' എന്ന വാക്കിൽ അവി ശ്വാസികളും നിഷേധികളും അതിക്രമകാരികളുമെല്ലാം ഉൾപ്പെടു ന്നു. അവർ വിശുദ്ധഖുർആന്റെ മാർഗ്ഗദർശനത്തിനനുസരിച്ച് പ്രവർത്തിച്ചാൽ മോക്ഷം നേടിയെടുക്കാവുന്ന വിധത്തിൽ അവർക്കായി അവന്റെ കാരുണ്യത്തിന്റെ കവാടം തുറന്നുകിടക്കു കയുമാണ്.

നാം വളരെ ആത്മാർത്ഥതയോടെതന്നെ ഏറ്റുപറയുന്നു, വിശു ദ്ധഖുർആനിൽ പരാമർശിച്ചിട്ടുള്ള മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം എന്നത് തന്റെ പ്രിയപ്പെട്ട പുത്രനെ കുരിശിലേറ്റുകയും അവരുടെ ശാപം തന്റെ പ്രിയപുത്രനിൽ കെട്ടിവെച്ചുകൊണ്ട് അഭിശപ്തനാക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒന്നല്ലതന്നെ! ദൈവത്തിന്റെ പുത്രന്റെ മേലുള്ള ശാപം - ദൈവം പൊറുക്കുമാ റാകട്ടെ - ദൈവത്തിന്റെ മേലുള്ള ശാപമല്ലാതെ മറ്റൊന്നുമല്ല. എന്തെന്നാൽ പിതാവും പുത്രനും രണ്ടല്ല. ശാപവും ദിവ്യത്വവും

---

35. ദൈവത്തിന്റെ സ്നേഹം മനുഷ്യന്റെ സ്നേഹം പോലെയുള്ളതല്ല. മനുഷ്യസ്നേഹത്തിൽ വിരഹം വേദനയും പ്രയാസവും സൃഷ്ടിക്കു ന്നു. എന്നാൽ, ദൈവസ്നേഹത്തിന്റെ അർത്ഥം അവൻ നൻമചെയ്യുന്നവ രെ പ്രേമി തന്റെ പ്രേമഭാജനത്തെയെന്നപോലെ പരിചരിക്കുന്നുവെന്നാണ്. -ഗ്രന്ഥ.

ഒന്നിച്ചുപേവുകയില്ലെന്നുള്ളതും വ്യക്തമായ കാര്യമാണ്. അതോ ടൊപ്പം നന്മയെ പ്രഹരിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്തുകൊണ്ട് ദൈവം ലോകത്തിലെ പാപികളെയെല്ലാം എത്തര ത്തിലാണ് സ്നേഹിച്ചിരിക്കുന്നതെന്നും ചിന്തിക്കുക. തീർച്ചയായും ഇത് ലോകത്തിലെ സച്ചരിതരായ ഒരാൾക്കും പിന്തുടരാൻ കഴി യാത്ത തരത്തിലുള്ള ഒരു സമ്പ്രദായമാണ്.

## മനുഷ്യരോടുള്ള സ്നേഹം

ചോദ്യത്തിന്റെ മൂന്നാമത്തെ വശം, മനുഷ്യൻ അവന്റെ സഹ ജീവികളെ സ്നേഹിക്കണമെന്ന് വിശുദ്ധഖുർആൻ എവിടെയാണ് പറഞ്ഞിട്ടുള്ളതെന്നാണ്? അതിനുള്ള മറുപടി, ഈ ബന്ധത്തെ വിശദീകരിക്കാൻ വിശുദ്ധഖുർആൻ സ്നേഹത്തിനുപകരമായി കാരുണ്യമെന്നും സഹാനുഭൂതി എന്നുമുള്ള വാക്കുകളാണ് ഉപ യോഗിച്ചിരിക്കുന്നത് എന്നുള്ളതാണ്. എന്തെന്നാൽ സ്നേഹ ത്തിന്റെ പാരമ്യം ആരാധനയാണ്. അക്കാരണത്താൽതന്നെ സ്നേഹം എന്ന പദം യഥാർഥത്തിൽ ദൈവവുമായി മാത്രം ബന്ധ പ്പെട്ടിട്ടുള്ള ഒന്നാണ്.* ദൈവികവചനത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കാൻ സ്നേഹത്തിനുപകരമായി കാരുണ്യ മെന്നും(റഹം) ഔദാര്യമെന്നുമുള്ള(ഇഹ്സാൻ) പദങ്ങളാണ് പ്രയുക്തമായിട്ടുള്ളത്. ഇതെന്തുകൊണ്ടെന്നാൽ പരിപൂർണ്ണമായ സ്നേഹം ആരാധനയെ ആവശ്യപ്പെടുന്നതുപോലെ പരിപൂർണ്ണ മായ ഔദാര്യം സഹാനുഭൂതിയെ ആവശ്യപ്പെടുന്നു എന്നതാണ്. ഈ വ്യത്യാസം മറ്റുജനവിഭാഗങ്ങൾ മനസ്സിലാക്കിയിട്ടില്ല എന്നു മാത്രമല്ല ദൈവത്തിനുമാത്രം അവകാശപ്പെട്ടതിനെ മറ്റുള്ളവയ്ക്ക് അവർ നൽകുകയും ചെയ്തു. യേശുവിനെ സംബന്ധിച്ചിട ത്തോളം ഇത്തരത്തിലുള്ള ബഹുദൈവവിശ്വാസപരമായ പദം അദ്ദേഹത്തിന്റെ നാവിൽനിന്നു പുറപ്പെട്ടുവെന്നു വിശ്വസിക്കാൻ

*മനുഷ്യർ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാൻ എവിടെയൊക്കെ മുഹ ബ്ബത്ത് (സ്നേഹം) എന്നപദം പ്രയുക്തമായിട്ടുണ്ടോ അവിടെയൊക്കെ യഥാർത്ഥ രൂപത്തിൽ സ്നേഹം എന്നുള്ളതല്ല അർത്ഥമാക്കപ്പെടുന്നത്. ഇസ്ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ യഥാർത്ഥസ്നേഹം എന്നത് ദൈവത്തിനുവേണ്ടി മാത്രമായിട്ടുള്ള ഒന്നാണ്. മറ്റെല്ലാ സ്നേഹ ങ്ങളും അയഥാർഥവും ആലങ്കാരികമായ രൂപത്തിലുള്ളതുമാകുന്നു- ഗ്രന്ഥ.

ഞാൻ തയ്യാറല്ല. അത്തരത്തിലുള്ള പദങ്ങൾ പിൽക്കാലത്ത് സുവിശേഷങ്ങളിൽ യേശുവിന്റെ പേരിൽ കൂട്ടിച്ചേർക്കപ്പെട്ട പ്രക്ഷിപ്തങ്ങളാണെന്നാണ് ഞാൻ കരുതുന്നത്. ചുരുക്കത്തിൽ ദൈവത്തിന്റെ തിരുവചനത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധം സൂചിപ്പിക്കാൻ ഔദാര്യം എന്നപദമാണ് പ്രയുക്തമായിട്ടുള്ളത്.

ഉദാഹരണമായി വിശുദ്ധഖുർആൻ പറയുന്നു:

وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالْمَرْحَمَةِ, അതായത് "സത്യത്തെയും ഔദാര്യത്തെയും പരസ്പരം ഉൽബോധിക്കുന്നവരാരോ അവരത്രെ സത്യവിശ്വാസികൾ"-(90:18)

തുടർന്നു മറ്റൊരിടത്ത് പറയുന്നു:

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَى അതായത്

"സാമാന്യജനങ്ങളോട് നിങ്ങൾ നീതിപൂർവം വർത്തിക്കാനും ഇതിനേക്കാളുപരി നിങ്ങൾ അവരോട് ഔദാര്യം ചെയ്യാനും, ഇതിനുമപ്പുറം നിങ്ങൾ മനുഷ്യരോട് ഉറ്റബന്ധുക്കൾ തമ്മിലുള്ള സഹാനുഭൂതി കാണിക്കാനും ദൈവം കല്പിക്കുന്നു."(16:91)

ഇതിനേക്കാൾ ഉദാത്തമായ മറ്റേതു സമീപനമാണ് ലോകത്തുള്ളതെന്നു ചിന്തിക്കേണ്ടതാണ്.

## നന്മയുടെ മൂന്നു ദശകൾ

മുഴുവൻ മനുഷ്യരാശിയോടും ചെയ്യേണ്ട നന്മ 'ഇഹ്സാൻ' അഥവാ ഔദാര്യത്തിന്റെ തലത്തിൽ മാത്രം അത് ഒതുക്കിനിറുത്താതെ 'ഈതായിദിൽ ഖുർബാ' എന്നു വിളിക്കപ്പെടുന്ന നന്മയുടെ സ്വാത്മപ്രചോദിതമായ ഒരു തലത്തിലോളം അത് കൊണ്ടുപോകുന്നു. കാരണം ഔദാര്യം ചെയ്യുന്നയാൾ പകരമായി വല്ലതും കാംക്ഷിക്കുന്ന രീതിയിലാണ് നന്മ ചെയ്യുന്നത്. ചിലപ്പോൾ അയാൾ തന്റെ ഔദാര്യത്തെ വിസ്മരിക്കുകയോ നന്ദികേടുകാണിക്കുകയോ ചെയ്യുന്നവരോട് നീരസം പ്രകടിപ്പിക്കുന്നു. മറ്റുചിലപ്പോൾ ആവേശത്തിമർപ്പിൽ താൻ ചെയ്ത ഔദാര്യത്തെ അയാൾ മറ്റുള്ളവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഉറ്റബന്ധു

വിനോടുള്ള നന്മയായി വിശുദ്ധഖുർആൻ വിശേഷിപ്പിച്ചിട്ടുള്ള സ്വാത്മപ്രചോദിതവും പ്രതിഫലേച്ഛകൂടാതെയുമുള്ള നന്മയാകട്ടെ, യഥാർഥത്തിൽ അതിനപ്പുറം മറ്റൊന്നില്ലാത്തവിധത്തിൽ നന്മയുടെ അവസാനത്തെ ദശയാകുന്നു. എന്തെന്നാൽ തന്റെ കുട്ടിയോടുള്ള മാതാവിന്റെ നന്മ പ്രതിഫലേച്ഛകൂടാതെയും കൃതജ്ഞത കാംക്ഷിക്കാതെയുമുള്ള അവളുടെ പ്രകൃതിദത്തമായ സഹാനുഭൂതിയാണ്.

മനുഷ്യരാശിയോടുള്ള നമ്മുടെ കടമ നിറവേറ്റാനായി ഈ മൂന്നു ദശകളാണ് വിശുദ്ധഖുർആൻ വിവരിച്ചുതരുന്നത്. പഴയനിയമത്തിലും സുവിശേഷങ്ങളിലും നാം നോക്കുകയാണെങ്കിൽ ആദ്യദശകളെ കുറിച്ചുപോലും അവയിൽ പരാമർശമൊന്നുമില്ലെന്ന് നമുക്ക് ന്യായമായും സമ്മതിക്കേണ്ടി വരുന്നതാണ്. ആ രണ്ടു ഗ്രന്ഥങ്ങളിലും ആദ്യത്തെ രണ്ടുദശകളെകുറിച്ചുപോലും പൂർണ്ണമായ രൂപത്തിലുള്ള വിശകലനങ്ങളൊന്നുമില്ലെന്നിരിക്കെ മൂന്നാമത്തെ ദശയെകുറിച്ച് നമുക്ക് എന്ത് പരാമർശമാണ് പ്രതീക്ഷിക്കാനുള്ളത്! തൗറാത്ത് ജൂതന്മാർക്കായി മാത്രം വെളിപ്പെട്ടതായിരുന്നെങ്കിൽ യേശു ഇസ്രായീൽ മക്കൾക്കായിമാത്രം പ്രേഷണം ചെയ്യപ്പെട്ടയാളായിരുന്നുവെന്നതാണ് സത്യം.[36] എന്നിരിക്കെ ഈ ഗ്രന്ഥങ്ങൾക്ക് മറ്റുള്ളവരുമായി എന്തു ബന്ധമാണുള്ളത്? മറ്റുള്ളവർക്കായി നീതിയുടെയും ഔദാര്യത്തിന്റെയും എന്തു മാർഗ്ഗദർശനങ്ങളാണ് അവയ്ക്ക് നൽകാനുള്ളത്?!

## യേശു ഇസ്രായീല്യർക്കുമാത്രം

തൗറാത്തിന്റെയും ഇഞ്ചീലിന്റെയും എല്ലാ കല്പനകളും ഇസ്രായീല്യർക്കുവേണ്ടി മാത്രം പരിമിതമായിരുന്നു.[37] അങ്ങനെ പരിമിതമല്ലായിരുന്നെങ്കിൽ കരയുകയും വിലപിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയുടെ ശബ്ദം കേട്ടിട്ടും അവളുടെ വിനീതമായ അപേക്ഷകൾ തന്റെ അടുക്കൽ എത്തിയിട്ടുപോലും യേശു കനിയാതിരുന്നത് എന്തിനായിരുന്നു? എന്തിനായിരുന്നു താൻ ഇസ്രായീല്യർക്കുവേണ്ടി മാത്രമായി അയക്കപ്പെട്ടവനാണെന്ന് അവളോട് പറഞ്ഞത്?[38] യേശുതന്നെ ഇസ്രായീലികളല്ലാത്തവരോട് ഔദാര്യത്തിന്റെയും സഹാനുഭൂതിയുടെയും യാതൊരു പ്രായോഗികമായ മാതൃ

36 മത്തായി -15:24 ; 37. മത്തായി -10:5-6 ; 38. മത്തായി -15:21-28

കയും കാണിക്കുകയുണ്ടായില്ലെന്നിരിക്കെ അദ്ദേഹത്തിന്റെ പാഠങ്ങൾ അതു നൽകുമെന്ന് നമുക്കെങ്ങിനെയാണ് പ്രതീക്ഷിക്കാനാവുക? മറ്റുജനവിഭാഗങ്ങളിലേക്ക് പ്രേഷണം ചെയ്യപ്പെട്ടവനല്ല താനെന്നാണ് യേശു വെട്ടിത്തുറന്നു പറഞ്ഞിരുന്നത്. അപ്പോൾ നമുക്ക് അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽനിന്ന് മറ്റുജനവിഭാഗങ്ങളോട് ഔദാര്യം കാണിക്കാനുള്ള എന്ത് മാർഗ്ഗദർശനമാണ് പ്രതീക്ഷിക്കാനുള്ളത്? അദ്ദേഹത്തിന്റെ പാഠങ്ങൾ യഹൂദന്മാരെ മാത്രം സംബോധനചെയ്തുകൊണ്ടുള്ളതായിരുന്നു. മറ്റുജനതകളെ ഉൽബോധനം ചെയ്യാനുള്ള അർഹത തനിക്കുണ്ടെന്നും അദ്ദേഹം കരുതിയിരുന്നില്ല. എന്നിരിക്കെ, അദ്ദേഹം സാർവത്രികമായ അനുകമ്പയെകുറിച്ചുള്ള പാഠം നൽകേണ്ട ആവശ്യമെന്തായിരുന്നു? തന്റെ അദ്ധ്യാപനവും സഹാനുഭൂതിയും യഹൂദന്മാർക്കുവേണ്ടി മാത്രമുള്ളതാണെന്ന യേശുവിന്റെ പ്രസ്താവനയ്ക്ക് കടകവിരുദ്ധമായ വല്ലതും സുവിശേഷങ്ങളിൽ കാണപ്പെടുന്നുണ്ടെങ്കിൽതന്നെ അവ പിൽക്കാലത്തെ പ്രക്ഷിപ്തങ്ങളാണെന്ന് കരുതുകയാണ് വേണ്ടത്. എന്തെന്നാൽ പൂർവ്വാപര വൈരുദ്ധ്യം അസ്വീകാര്യമാണ്.

ഇപ്രകാരം തന്നെ തൗറാത്തിന്റെ സംബോധിതരും ജൂതന്മാർ മാത്രമായിരുന്നു. തൗറാത്തിന്റെ പാഠങ്ങളുടെ വ്യാപ്തിയും യഹൂദചക്രവാളത്തോളമേ കാണുകയുള്ളൂ. അതിനാൽ സാർവത്രിക്കമായ നീതിക്കും ഔദാര്യത്തിനും സഹാനുഭൂതിക്കുംവേണ്ടി ലോകത്ത് പ്രാദുർഭാവം ചെയ്ത നീതിശാസ്ത്രമേതോ അത് ഖുർആൻ മാത്രമാകുന്നു!

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا

"പറയുക, അല്ലയോ മനുശഷ്യസമുദായമേ, ഞാൻ നിങ്ങളിലേവരിലേക്കും ദൈവദൂതനായി അയക്കപ്പെട്ടവനാകുന്നു." (7:159)

തുടർന്നു പറയുന്നു:

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ

"നാം നിന്നെ എല്ലാ ജനവിഭാഗങ്ങളിലേക്കും കാരുണ്യമായി ട്ടല്ലാതെ അയച്ചിട്ടില്ല. "(2:108)

## നാലാമത്തെ ചോദ്യം

*യേശു തന്നെകുറിച്ച് "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്ന വരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"[39] എന്നും "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.[40] ഞാൻ തന്നെ വഴിയും ജീവനും സത്യവും ആകുന്നു" എന്നും പറഞ്ഞിരിക്കുന്നു. ഇസ്‌ലാംമതസ്ഥാപകർ തന്നെകുറിച്ച് ഇതേരൂപത്തിലോ സമാനമായ വാക്കുകളാലോ എവി ടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?*

വിശുദ്ധഖുർആൻ വ്യക്തമായി പറഞ്ഞിട്ടുള്ളത്,

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحْبِبْكُمُ ٱللَّهُ എന്നാ ണ്. അതായത്, "അവരോട് പറയുക, നിങ്ങൾ ദൈവത്തെ സ്നേഹി ക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക, എങ്കിൽ ദൈവവും നിങ്ങളെ സ്നേഹിക്കുന്നതാണ്. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്ന താണ്." തന്നെ പിന്തുടരുകവഴി മനുഷ്യൻ ദൈവത്തിന്റെ പ്രിയ പ്പെട്ടവനായി തീരുമെന്ന വാഗ്ദാനം, മിശീഹാ പറഞ്ഞതിനെക്കാൾ എത്രയോ ഉദാത്തമാണ്.

മനുഷ്യൻ ദൈവത്തിന്റെ പ്രിയപ്പെട്ടവനായി തീരുന്നതിനേ ക്കാൾ സമുന്നതമായ സ്ഥാനം മറ്റൊന്നില്ല. ഏതൊരാളുടെ മാർഗം പിന്തുടരുകവഴി മനുഷ്യൻ ദൈവത്തിന്റെ പ്രിയപ്പെട്ടവനായിതീ രുന്നുവോ അത്തരം ഒരു വ്യക്തിയെക്കാൾ വെളിച്ചം എന്നുവിളി ക്കപ്പെടാൻ അർഹൻ മറ്റാരാണ്? അതുകൊണ്ടാണ് മഹോജ്ജ്വല നായ അല്ലാഹു വിശുദ്ധഖുർആനിൽ നബിതിരുമേനിയെ 'നൂർ' അഥവാ വെളിച്ചം എന്നു നാമാഭിധാനം ചെയ്തിട്ടുള്ളത്.

ഖുർആൻ പറയുന്നു:

قَدْ جَآءَكُم مِّنَ ٱللَّهِ نُورٌ അതായത് "നിങ്ങളുടെ അടുക്കൽ

39. മത്തായി -11:28 ; 40. യോഹന്നാൻ -8:12

ദൈവത്തിന്റെ വെളിച്ചം ഇതാ വന്നിരിക്കുന്നു." (5:16)

ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോവേ, എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നുള്ള യേശുവിന്റെ വചനത്തിൽ എന്തു കഴമ്പാണുള്ളത്?

## ക്രിസ്ത്യാനികളുടെ ആശ്വാസം

ആശ്വാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതീകമായ ആശ്വാസവും ദുസ്വാതന്ത്ര്യവും ആണെങ്കിൽ ആ വാഗ്ദാനം തികച്ചും ശരിയാണ്. എന്തെന്നാൽ, ഒരാൾ മുസ്‌ലിമായിതീർന്നാൽ അഞ്ചുനേരം നമസ്കരിക്കേണ്ടതായി വരും. അയാൾ നേരം പുലരുന്നതിനുമുമ്പ് പ്രഭാതനമസ്കാരത്തിനായി ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ശിശിരകാലത്ത് ഏതുവിധേനയും അയാൾ വെള്ളം എത്രതന്നെ തണുത്തുറഞ്ഞതാണെങ്കിലും അതുകൊണ്ട് അംഗസ്നാനം ചെയ്യേണ്ടതുണ്ട്. തുടർന്ന് അഞ്ചുനേരവും സംഘടിത നമസ്കാരത്തിനായി പള്ളിയിലേക്ക് ധൃതിപ്പെട്ട് പോകേണ്ടതുണ്ട്. അയാൾ അർദ്ധരാത്രിയിൽ കുറച്ചുനേരം 'തഹജ്ജുദ്' നമസ്കാരം അനുഷ്ഠിക്കുന്നതിനായി സുഖനിദ്രയിൽനിന്നു എഴുന്നേൽക്കുകയും വേണ്ടതുണ്ട്. അന്യസ്ത്രീകളെ നോക്കുന്നതിൽനിന്നും തന്റെ കണ്ണുകളെ അയാൾക്ക് സംരക്ഷിക്കേണ്ടതുണ്ട്. മദ്യത്തിൽനിന്നും മറ്റെല്ലാ ലഹരിപദാർത്ഥങ്ങളിൽനിന്നും അകന്നു നിൽക്കേണ്ടതുണ്ട്. ദൈവത്തിന്റെ കണക്കെടുപ്പിനെ ഭയന്നുകൊണ്ട് മനുഷ്യരോടുള്ള തന്റെ ഉത്തരവാദിത്വം അയാൾക്ക് നിറവേറ്റേണ്ടതായിട്ടുണ്ട്. ദൈവത്തിന്റെ കല്പനകൽക്ക് വിധേയനായിക്കൊണ്ട് അയാൾക്ക് ഓരോവർഷവും തുടർച്ചയായി ഇരുപത്തൊമ്പതോ മുപ്പതോ ദിവസം വ്രതമനുഷ്ഠിക്കേണ്ടതുണ്ട്. കൂടാതെ സാമ്പത്തികമായും ഭൗതീകമായും ആത്മീയമായുമുള്ള മറ്റെല്ലാതരം ആരാധനകളും അയാൾക്ക് നിർവ്വഹിക്കേണ്ടതുണ്ട്.

എന്നാൽ മുമ്പ് മുസ്‌ലിമായി ജീവിച്ചിരുന്ന ഒരു ഭാഗ്യഹീനൻ, ക്രിസ്ത്യാനിയായി മാറുന്നതോടെ ഈ ബാദ്ധ്യതകളുടെ ഭാരമെല്ലാം തന്റെ തലയിൽനിന്നു ഇറക്കിവെക്കുന്നു! ഉറങ്ങുക, തിന്നുക, മദ്യപിക്കുക, ശാരീരിക സുഖങ്ങൾ തേടുക തുടങ്ങിയവ അയാ

ളുടെ ജീവിതലക്ഷ്യങ്ങളായി മാറുന്നു. എല്ലാ കഠിനപ്രയത്നങ്ങളിൽനിന്നും ആ മനുഷ്യൻ ഒറ്റയടിക്ക് സ്വയം വിടുതിനേടുകയും മൃഗങ്ങളെപോലെ തിന്നുകയും കുടിക്കുകയും അവിശുദ്ധവും ദുർന്നീതവുമായ ജീവിതം നയിക്കുകയല്ലാതെ മറ്റൊരു ജോലിയും അയാളിൽ ബാക്കിയാവാതിരിക്കുകയും ചെയ്യുന്നു. 'ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകും' എന്നുള്ള യേശുവിന്റെ വാഗ്ദാനത്തിൽ ഇത്തരത്തിലുള്ള ആശ്വാസമാണ് ഉദ്ദേശിക്കപ്പെട്ടതെങ്കിൽ, തീർച്ചയായും ക്രിസ്ത്യാനികൾ തങ്ങളുടെ ദുസ്വാതന്ത്ര്യം നിമിത്തം വളരെയധികം ആശ്വാസത്തിലാണെന്നു നിസ്സംശയം ഞങ്ങൾ സമ്മതിച്ചുകൊള്ളാം! ഇക്കാര്യത്തിൽ അവരെ കവച്ചുവെക്കാൻ ലോകത്ത് മറ്റാരും ഇല്ലതാനും. ഈച്ചകളെപോലെ എവിടെയും അയാൾക്ക് ഇരിപ്പുറപ്പിക്കാം. പന്നികളെപോലെ കാണുന്നതെന്തും വായിലാക്കുകയും ചെയ്യാം. ഹിന്ദുക്കൾ ഗോമാംസവും മുസ്‌ലിംകൾ പന്നിയിറച്ചിയും വർജ്ജിക്കുമ്പോൾ ഇവരാകട്ടെ സസന്തോഷപൂർവം രണ്ടും ഭുജിക്കുന്നവരാണ്. ഏതായാലും 'ഈസായീ ബാശ് ഹർ ചെ ഖവായീ ബകൻ' 'ക്രിസ്ത്യാനിയാവുക, തോന്നുന്നത് ചെയ്യുക' എന്ന പഴമൊഴി തീർച്ചയായും സത്യം തന്നെ!

## യേശു നിഷിദ്ധമാക്കിയ പന്നിമാംസം

പന്നിമാംസം നിഷിദ്ധമാക്കിക്കൊണ്ട് തോറാ എത്രമാത്രം ഊന്നിപ്പറഞ്ഞുവെന്നാൽ അതിനെ സ്പർശിക്കുന്നതുപോലും അത് നിരോധിക്കുകയാണുണ്ടായത്.[41] ഈ നിരോധനം എന്നെന്നേക്കുമുള്ളതാണെന്നും തൗറാത്തിൽ വ്യക്തമായി എഴുതപ്പെട്ടിട്ടുള്ളതാണ്. പക്ഷെ സകല പ്രവാചകന്മാരുടേയും ദൃഷ്ടിയിൽ അങ്ങേയറ്റം ജുഗുപ്സാവഹമായ ഒന്നായിട്ടുകൂടി ഇക്കൂട്ടർ പന്നിയിറച്ചിയെപോലും ഒഴിവാക്കിയില്ല. യേശു മദ്യപിക്കാറുണ്ടായിരുന്നുവെന്നാണെങ്കിൽ[42] നാം അത് സമ്മതിച്ചേക്കാം. പക്ഷേ അദ്ദേഹം എപ്പോഴെങ്കിലും പന്നിമാംസം കഴിച്ചിട്ടുണ്ടായിരുന്നുവോ? നേരെ മറിച്ച് യേശു തന്റെ സാരോപദേശത്തിൽ പറഞ്ഞത്, "നിങ്ങളുടെ മുത്തുകളെ പന്നിയുടെ മുമ്പിൽ ഇടരുത്"[43] എന്നായിരുന്നു. മുത്തു

41. ആവർത്തനപുസ്തകം -14:8, യെശയ്യാവ് -65:4, യെശയാവ് -66:17
42. ലൂക്കോസ് - 7:34 ; 43. മത്തായി - 7:6

കൾ എന്നതുകൊണ്ട് ഉദ്ദേശിച്ചത് പരിശുദ്ധമായ വചനങ്ങളാണെങ്കിൽ പന്നി എന്നത് അവിശുദ്ധമായ ആളുകളാകുന്നു. പന്നി വൃത്തികെട്ടതാണെന്നാണ് ഈ സാരോപദേശത്തിലൂടെ യേശു വ്യക്തമായ സാക്ഷ്യം നൽകിയിട്ടുള്ളത്. എന്തെന്നാൽ ഉപമിക്കപ്പെടുന്ന വസ്തുവും ഉപമിക്കുന്ന വസ്തുവും തമ്മിൽ അടുത്ത സാദൃശ്യം ഉണ്ടായിരിക്കും.

അപ്പോൾ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന ആശ്വാസം എന്നത് ദുസ്വാതന്ത്ര്യത്തിന്റെയും കടിഞ്ഞാണില്ലായ്മയുടെയും ആശ്വാസമാണ്. എന്നാൽ ദൈവവുമായുള്ള വിലയനം മുഖേന ലഭിക്കുന്ന ആത്മീയമായ ആശ്വാസത്തെ സംബന്ധിച്ചാണെങ്കിൽ സത്യമായും ദൈവത്തെ ആണയിട്ടുകൊണ്ട് ഞാൻ പറയുന്നു, ക്രിസ്ത്യാനികൾ അക്കാര്യത്തിൽ തീർത്തും ഭാഗ്യഹീനരാണ്. അവരുടെ കണ്ണുകളിൽ തിരശ്ശീല വീണിരിക്കുകയാണ്. ഇവരുടെ ഹൃദയങ്ങൾ മൃതങ്ങളും അന്ധകാരത്തിൽ നിമഗ്നവുമാണ്. സത്യദൈവത്തെകുറിച്ച് ഇക്കൂട്ടർ തികച്ചും അജ്ഞരത്രെ. അനശ്വരനായ ആ അസ്തിത്വത്തിനുമുമ്പിൽ ഒന്നുമല്ലാത്ത വിനീതനായ ഒരു മനുഷ്യനെ അന്യായപൂർവം ഇവർ ദൈവമാക്കിവച്ചിരിക്കുന്നു. ആത്മീയാനുഗ്രഹങ്ങൾ ഇവർക്കു തികച്ചും അന്യമാണ്. ഹൃദയവെളിച്ചമോ സത്യദൈവത്തോടുള്ള സ്നേഹമോ ആ സത്യദൈവത്തെകുറിച്ചുള്ള ദിവ്യജ്ഞാനമോ ഇവർക്കില്ല. സത്യവിശ്വാസത്തിന്റെ അടയാളങ്ങൾ സ്വായത്തമാക്കിയ ഒരാൾപോലും ഇക്കൂട്ടരിലില്ല! സത്യവിശ്വാസം എന്നത് യഥാർഥമായ അനുഗ്രഹം ആണെങ്കിൽ നിസ്സംശയം അതിന്റെ അടയാളങ്ങൾ കാണേണ്ടതുണ്ട്. എന്നാൽ യേശു പറഞ്ഞിട്ടുള്ള സത്യവിശ്വാസത്തിന്റെ അടയാളങ്ങൾ സ്വായത്തമാക്കിയ വല്ല ക്രസ്ത്യാനിയും ഉണ്ടോ? ഒന്നുകിൽ സുവിശേഷങ്ങൾ കളവാണ്, അല്ലെങ്കിൽ ക്രിസ്ത്യാനികൾ കള്ളമാണ് പറയുന്നത്.

## സത്യവിശ്വാസിയുടെ അടയാളങ്ങൾ

നോക്കൂ! സത്യവിശ്വാസികളുടേതായി വിശുദ്ധഖുർആൻ മുന്നോട്ട് വെക്കുന്ന അടയാളങ്ങൾ എല്ലാ കാലത്തും വെളിപ്പെടുന്നതാകുന്നു. വിശുദ്ധഖുർആൻ പറയുന്നത്, യഥാർത്ഥ വിശ്വാസി

കൾ ദിവ്യവെളിപാടുകളുടെ സ്വീകർത്താക്കളാണെന്നാണ്. സത്യവിശ്വാസി ദൈവഭാഷണം ശ്രവിക്കുന്നു. സത്യവിശ്വാസികളുടെ പ്രാർത്ഥനകൾ വർദ്ധമാനമായ തോതിൽ സ്വീകരിക്കപ്പെടുന്നു. മറഞ്ഞുകിടക്കുന്ന വൃത്താന്തങ്ങൾ അയാൾക്കായി അനാവരണം ചെയ്യപ്പെടുന്നു. ഓരോ കാൽവെപ്പുകളിലും സ്വർഗീയ സഹായം അയാളോടൊപ്പമുണ്ടാവുന്നു. ഈ അടയാളങ്ങൾ പണ്ടുകാലത്തെന്നപോലെ ഇപ്പോഴും വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതു തെളിയിക്കുന്നത് ഖുർആൻ ദൈവത്തിന്റെ പരിശുദ്ധമായ വചനങ്ങളാണെന്നും ഖുർആന്റെ വാഗ്ദാനങ്ങൾ ദൈവത്തിന്റെ വാഗ്ദാനമാണെന്നുമാണ്.

എഴുന്നേൽക്കുവിൻ! അല്ലയോ ക്രിസ്ത്യാനികളെ, നിങ്ങൾക്കു ശക്തിയുണ്ടെങ്കിൽ എന്നെ നേരിടുവാൻ മുന്നോട്ടുവരുവിൻ! ഇക്കാര്യത്തിൽ ഞാൻ കള്ളവാദിയാണെങ്കിൽ എന്നെ നിർവ്വിശങ്കം വെട്ടിനുറുക്കിക്കൊള്ളുക! അല്ലാത്തപക്ഷം നിങ്ങൾ ദൈവികദൃഷ്ടിയിൽ കുറ്റവാളികളും നാരകീയമായ അഗ്നിജ്വാലയിലേക്ക് ചുവടുവെയ്ക്കുന്നവരുമാകുന്നു.

സത്യമായ മാർഗ്ഗത്തെ പിന്തുടരുന്നവനാരോ, അവന് സമാധാനം.

മിർസാ ഗുലാം അഹ്മദ് ഖാദിയാനി
ഗുരുദാസ്പൂർ ജില്ല
22 ജൂൺ 1897

**Four Questions by Sirajuddin Esai and their Answers**

(Sirajuddin Isai ki Char Savalonka Jawab)

By Hazrath Mirza Ghulam Ahmed[AS]

This booklet is a Malayalam rendering of an Urdu work of Hazrat Mirza Ghulam Ahmed[AS], the Promised Messiah and the holy founder of the Ahmadiyya Movement. This is a masterpiece of criticism on the doctrines of Christianity. This was published as a rejounder to Mr. Robert Sirajuddin, a professor at FC college, Lahore in 1897, who became a Christian under the influence of Christian missionaries and put four questions to the Promised Messiah[AS] relating to the teachings of Islam i.e. Salvation, Unity of God, Jihad and Compassion. Hadhrat Ahmed[AS] has thrown a flood of light on these questions and explained at length that far better things are to be found in Islam and the Holy Qur'an. The Promised Messiah has also demonstrated that the Holy Qur'an is a living and lucid book and it presents that all its teachings are enlightened form of knowledge and philosophy.

The Promised Messiah[AS] moreover invites the Christians to show signs, as he had done; they should also prove that God speaks to them and hears their prayers. He tells them point blank that they are far from that, for these things are now possible only through Islam - no other door is open.

BA